2017 ജൂലായ്
ലക്കം 3

# സ്വസ്തി

ത്രൈമാസിക



## നായകനാകുന്ന നമ്പൂതിരി

കോഴിക്കോട്ടുകാരനായ നീരജ്.കെ. നമ്പൂതിരി
സിനിമയിൽ നായകനാവുന്നു.
വിശേഷങ്ങൾ പങ്കുവെയ്ക്കുന്നു അമ്മ ലത



ഈ ലക്കത്തിലെ
ഇല്ലപ്പെരുമ

## പാറോളിയിലെ പകലിരവുകൾ

സ്പെഷ്യൽ ഫീച്ചർ

- ശാന്തിക്കാർക്കും വേളി തരാവും
- ഓർമ്മയിലെ കർക്കിടകം

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

# പുറത്തില്ലം ബ്രദേഴ്സ്

മലയാള സദ്യ, വിവാഹ
പാർട്ടികൾ, സദ്യകൾ
ഏറ്റെടുത്ത് മൊത്തമായും
ചില്ലറയായും നടത്തുന്നു.



കാറ്ററിംഗ് സൗകര്യം ഉണ്ടായിരിക്കും

ഫോൺ: 9446253203, 0495 2214950


കോഴിക്കോട് കോവൂരിൽ നിർമ്മിക്കാൻ
പോവുന്ന യോഗക്ഷേമസഭാ ആസ്ഥാന
മന്ദിരത്തിന്റെ രൂപരേഖ



പുസ്തകം 1 | ലക്കം 3

# 2017 ജൂലൈ

5119 ശ്രാവണം (യുഗാബ്ദം) 1192 കർക്കിടകം (കൊല്ലവർഷം)
ശ്വേതാശ്വരകല്പം-വൈവസ്വത മന്വന്തരം (7) ഗ്രീഷ്മ ഋതു
യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

# മുഖപ്രസംഗം

അഭിവാദയേ പരമേശ്വര ശർമ്മാ$\mathit{f}$ഹം ഭോഃ

ഗുരുപൂജയുടെയും രാമായണ മാസാചരണത്തിന്റെയും ശുഭവേളയിൽ സ്വസ്തി ത്രൈമാസികയുടെ തൃതീയ ലക്കം വായനക്കാർക്ക് മുമ്പിൽ സസന്തോഷം സമർപ്പിക്കുന്നു.

വ്യക്തിയും കുടുംബവും ഏതൊരു സമുദായവും സംഘടനയും ശക്തിപ്പെടുന്നത് പ്രധാനമായും ശാരീരിക മാനസിക ധാർമ്മിക ശക്തി, സ്വഭാവഗുണം, പ്രായോഗിക പ്രവർത്തനക്ഷമത, മൂല്യബോധം, വിജഗീഷു ഭാവം എന്നിവകൊണ്ടാണെന്ന് പറയാറുണ്ട്. എന്തെങ്കിലും നല്ല കഴിവുകളോടെയാണ് ഈശ്വര സന്താനങ്ങളായി നാം ജനിക്കുന്നത്. മാതാപിതാ ഗുരുദൈവം എന്നാണ് ആദ്യപാഠം. ദേവകൾക്കും ഋഷീശ്വർക്കും പിതൃക്കൾക്കും തർപ്പിക്കുന്നത്. ത്രിസന്ധ്യാവന്ദനത്തിന്റെ അവിഭാജ്യ ഭാഗമാക്കിയവരാണ് നമ്മൾ. അവരോടുള്ള കടപ്പാടുകൾ വീട്ടൽ ഇഹലോക ജീവിതത്തിന്റെ ഭാഗമാണ്. നല്ല വ്യക്തികളായും രാഷ്ട്രബോധമുള്ള ദേശസ്നേഹമുള്ള നല്ല പൗരന്മാരായും നമ്മെ വളർത്തിയെടുക്കുന്നതിൽ കുടുംബത്തിനും ആചാര്യ പരമ്പരക്കും നിർണ്ണായക പങ്കുണ്ടെന്ന് കാണാവുന്നതാണ്.

വേദപ്രമാണമായ കർമ്മങ്ങളാണ് ശ്രേയസ്കരം. ദൈവാധീനം അതുകൊണ്ടുണ്ടാവും. എന്റെ കുടുംബം, സമുദായം, വൈഭവങ്ങളാർജ്ജിച്ചാലേ ഭാരതരാഷ്ട്രം ലോക ഗുരുപദത്തിൽ ചിരപ്രതിഷ്ഠിതമാകൂ എന്ന ചിന്തയാണ് നിസ്വാർത്ഥ സമർപ്പിത പ്രവർത്തനങ്ങൾക്ക് നമ്മെ പ്രേരിപ്പിക്കുന്നത്.

യോഗക്ഷേമസഭയുടെ സംഘടനാ സംവിധാനം കോഴിക്കോട് ജില്ലയിൽ സുസംഘടിതമാവണമെങ്കിൽ ഓരോ ഉപസഭയിലും ചിട്ടയായ പ്രവർത്തനം നടന്നുകൊണ്ടിരിക്കണം. ഓരോ കുടുംബത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള ഒറ്റക്കെട്ടായ പ്രവർത്തനം പ്രാദേശിക തലത്തിൽ കാണുമ്പോൾ സമുദായത്തിന് ആത്മവിശ്വാസമുണ്ടാകും. ഭാരവാഹികൾ കൂടുതൽ സ മയം ഗൃഹസമ്പർക്കത്തിനും വൈവിദ്ധ്യമാർന്ന കർമ്മപരിപാടികൾ സംഘടിപ്പിക്കുന്നതിനും കണ്ടെത്തുമ്പോൾ അവിടെ യോഗക്ഷേമസഭ അനുഭവവേദ്യമാകും. ജില്ലാ ഭാരവാഹികളുടെ ഉപസഭാ സന്ദർശനങ്ങൾ തീർച്ചയായും ഉത്തേജനം നൽകുമെന്ന് പറയേണ്ടതില്ലല്ലോ.

സ്വസ്തി വായനക്കാരുടെ കൂട്ടായ്മകൾ എല്ലാ ഉപസഭകളിലും രൂപീകരിക്കുന്നത് നന്നായിരിക്കും. യോഗക്ഷേമസഭാ പ്രവർത്തനത്തിന് മുതൽക്കൂട്ടായി അതു മാറും. സ്വസ്തി പത്രാധിപസമിതി അംഗങ്ങൾ സസന്തോഷം അവയിൽ പങ്കെടുക്കാൻ തയ്യാറാണെന്ന് വാക്കുതരുന്നു. പുതിയ വരിക്കാരെയും എഴുത്തുകാരെയും കണ്ടെത്താനും, സാഹിത്യ സല്ലാപത്തിനും ഒക്കെ വേദിയാവും. യോഗക്ഷേമസഭാ പ്രവർത്തനത്തിന് ആശയദൃഢതയുണ്ടാക്കാനും അതിലൂടെ നമുക്ക് കഴിയും.

**പത്രാധിപർ**

Swasthi Trimonthly | C/o K.M. Parameswaran | "Aryasree' | Arakkinar P.O | Kozhikode -673028 | Mob: 8089441634
Printed at Premier Printers | Annie Hall Road | Calicut-2 For private circulation only




# ആരൊക്കെ എന്തൊക്കെ

**ചീഫ് എഡിറ്റർ**
കൊയത്തൊടി ചെറുമുക്കു പരമേശ്വരൻ

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി

**മാനേജിംഗ് എഡിറ്റർ**
ഉമശ്രീ കിഴക്കുമ്പാട്

**അംഗങ്ങൾ**
ഡോ. വീട്ടിക്കാട് പരമേശ്വരൻ നമ്പൂതിരി
വി.ഇ. നാരായണൻ നമ്പൂതിരി
വിനോദ് മങ്ങത്തായ
രവി മങ്ങത്തായ

**മാനേജിംഗ് കമ്മിറ്റി**
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി
(പ്രിന്റർ ആന്റ് പബ്ലിഷർ)
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്
(സർക്കുലേഷൻ മാനേജർ)
വിനീത്‌രാജ് കന്മന
വിനീത് കണ്ടമംഗലം

**ഉപദേശക സമിതി**
പാലാഞ്ചീരി നാരായണൻ നമ്പൂതിരി
(യോഗക്ഷേമ സഭ സംസ്ഥാന സമിതി അംഗം)
കോരമ്പറ്റ ശങ്കരൻ നമ്പൂതിരി
(ജില്ലാ സെക്രട്ടറി)
രമേശൻ പുൽപ്പറമ്പിൽ
ഹേമലതാദേവി പാറക്കോട്
(ജില്ലാ വനിതാ സഭാ പ്രസിഡന്റ്)

**ഡിസൈനിംഗ്**
റീഡിഫൈൻ ഗ്രാഫിക്സ്
കോയൻകോ ബസാർ
കോഴിക്കോട് -673001
9847941277

4 **സജീവ വസ്തു**
ശ്രീദേവി കക്കാട്

5 **നായകനാകുന്ന നമ്പൂതിരി**
ഉമശ്രീ

13 **ശാന്തിക്കാർക്കും വേളിതരാവും**

14 **മാസ്റ്റർ ഓഫ് ശാന്തിയുടെ മിസ്സിസ്-**
കെ.എം.പരമേശ്വരൻ

17 **ആത്തേമ്മാര് ഡോക്ടറാണ്**
പദ്മനാഭൻ നമ്പൂതിരി

20 **തരപ്പെടുത്തിയ വേളി**
സ്വന്തം ലേഖകൻ

23 **ആറു വിരലുള്ള മഴ**
രവി മങ്ങത്തായ

26 **മൊബൈൽ കടയിലെ റീച്ചാർജ്ജ്**
വി.ഇ.എൻ

29 **സൗപർണികയിലെ  തങ്കമോതിരം**
വിനോദ് മങ്ങത്തായ

36 **ഇ.എം.എസ്. അന്നു പറഞ്ഞത്**




**അഭിവാദയേ**
എടവല്യം പുരുഷോത്തമ ശർമ്മ 38

**യോഗക്ഷേമസഭ കോഴിക്കോട് ജില്ല ചരിത്രത്തിലേക്ക്**
മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി 40

**ഭ്രാന്ത്**
ശ്രീജ കിഴിയേടം
**ജീവിതം-**
പ്രീതാ നമ്പൂതിരി വാഴാമ്പറ്റ 42

**കൊഴിയാത്ത ഇല**
വി.ഇ. നാരായണൻ നമ്പൂതിരി 43

**ദശാവതാരങ്ങൾ കാക്കുന്ന ഊര്**
ശ്രീകുമാർ മുഡുവമ്പുറം 44

**ഹിമാലയൻ തണുപ്പിൽ**
പൊന്നടുക്കം നാരായണൻ നമ്പൂതിരി 47

**ഇല്ലത്തിന്റെ ഗന്ധം**
എൻ.ടി. ശ്രീദേവി 51

**ഓർമ്മയിലെ കർക്കിടകം**
കാന്തിമതി ടീച്ചർ 55

സ്വസ്തി
ത്രൈ മാസിക

**അഭിനന്ദനങ്ങൾ..... സഭാവാർത്തകൾ.....**
**പാണിഗ്രഹണം.... ആദരാഞ്ജലികൾ....**

# സജീവവസ്തു

## ശ്രീദേവി കക്കാട്



തൈലാദ്രക്ഷ ജലാദ്രക്ഷ
രക്ഷമാം ശ്ലഥബന്ധനാൽ
യാചകാൻ സതതംരക്ഷ
ഇതിരോദതി പുസ്തക

മെഴുക്കും നനവും തട്ടുന്നതിൽ നിന്നും കുത്തഴിഞ്ഞ അവസ്ഥയിൽ നിന്നും വായ്പ വാങ്ങാൻ നടക്കുന്നവരിൽ നിന്നും എന്നെ രക്ഷിക്കണേ എന്ന് പുസ്തകം കരയുന്നു എന്നാണല്ലോ ശ്ലോകത്തിന്റെ അർത്ഥം. പുസ്തകം കരയുമോ? എന്ന ചോദ്യത്തിന് ഒരു മറുചോദ്യമുണ്ട്. വാക്കുകൾ ചേരുംപടി ചേർത്ത് കുത്തികെട്ടി ഭംഗിയാക്കിയ ഒരു കടലാസു മാത്രമാണോ പുസ്തകം? ആ കടലാസുകെട്ടിന്റെ ഘനത്തിനുപരി വാക്കുകളിലൂടെ ത്രസിക്കുന്ന സങ്കല്പ ലോകം നമ്മെ ലോകാന്തരങ്ങളിലേക്ക് നയിക്കുന്നില്ലേ? ഒരു പുസ്തകം ജിജ്ഞാസുവായ വായനക്കാരന്റെ കയ്യിലെത്തുമ്പോ പുഞ്ചിരിക്കുകയും, ത്യാജ്യഗ്രാഹ്യ വിവേചനപടുവിന്റെ കയ്യിലെത്തുമ്പോൾ ആനന്ദനൃത്തം ചെയ്യുകയും അലങ്കാരമെന്ന ഭാവത്തിൽ അലസൻ കയ്യിലെടുക്കുമ്പോൾ മടുപ്പോടെ മുഖം തിരിക്കുകയും ആരാലും ശ്രദ്ധിക്കപ്പെടാതെ അലമാരയുടെ മൂലയിലൊതുങ്ങുമ്പോൾ തന്റെ പാരതന്ത്ര്യമോർത്ത് വിതുമ്പുകയും ചെയ്യുന്നില്ലേ?

''വായനക്കാർക്കിഷ്ടമാണെങ്കിൽ
സങ്കല്പ വായുവിമാനത്തിലേറിയാലും
പ്രീതരായ് സഞ്ചാരം ചെയ്യാം നമുക്കല്പം
ഭൂതകാലാകാശ വിഥിയിങ്കൽ''

എന്ന് മഹാകവി വള്ളത്തോൾ പാടിയത് ഈ സജീവതയ്ക്കുദാഹരണമാണല്ലോ. കഴിഞ്ഞ കാല വിശേഷങ്ങൾ വിവരിക്കുന്നവ മാത്രമല്ല, ശാസ്ത്രത്തിന്റെ അറ്റമില്ലാത്ത പുരോഗതിയെപ്പറ്റി ഭാവന ചെയ്യുന്ന ശാസ്ത്രസാഹിത്യ കൃതികളും,വരാനിരിക്കുന്ന സാമൂഹ്യദുരന്തങ്ങളെപ്പറ്റി പ്രവചിക്കുന്ന കൃതികളും നമുക്കുമുന്നിലുണ്ട്. പുസ്തകങ്ങൾ വിമാനവും തീവണ്ടിയും റോഡുമാണ്. അവ യാത്രയും ലക്ഷ്യസ്ഥാനവും ഭവനവുമാണ് എന്ന് പുലിറ്റ്സർ സമ്മാനജേതാവ് അന്നാക്വിൻസ്‌ലെൻ പറഞ്ഞതിന്റെ താല്പര്യവും മറ്റൊന്നല്ല.

നല്ല കൃതികൾ നല്ല കലാരൂപങ്ങളെപ്പോലെയും നല്ല ഗുരുനാഥൻമാരെപ്പോലെയും നമ്മുടെ മനസ്സിനെ ശുദ്ധ സാത്വികതയിലേക്കുയർത്തുകയാണ് ചെയ്യുന്നത്. ശരീരത്തിന്റെ ആരോഗ്യം നിലനിർത്താൻ ഔഷധ ചികിത്സയെന്ന പോലെ മാനസികാരോഗ്യം നിലനിർത്താൻ നിരന്തര വായന സഹായിക്കുന്നു.

വളരുന്ന തലമുറയുടെ അറിവും ജിജ്ഞാസയുമുണർത്താൻ പുസ്തകങ്ങൾക്കുള്ള കഴിവ് അനുഭവസ്ഥർക്കറിയാം. ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളുടെ കടന്നുകയറ്റത്തിൽപ്പെട്ട് വായന മരിക്കുന്നു എന്നൊരഭിപ്രായം കേൾക്കാറുണ്ട്. ഒരതിർത്തിവരെ ഇതിൽ നേരുണ്ടെന്നു തോന്നാം. ശാസ്ത്രവിഷയങ്ങൾ മനസ്സിലേക്കെത്തിക്കാൻ ദൃശ്യമാദ്ധ്യമത്തിനുള്ള കഴിവ് അവഗണിക്കാനാവില്ല. എന്നാൽ മനുഷ്യഭാവനയെ നിരന്തരം വിപുലീകരിക്കുന്ന മാനവിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പുസ്തകങ്ങൾക്കുള്ള പങ്ക് അനിഷേദ്ധ്യമാണ്.

നമ്മളൊക്കെ കാണുന്നതിലധികം കാണാതെ പോവുകയും കേൾക്കുന്നതിനപ്പുറം കേൾക്കാതെ പോവുകയും ചെയ്യുന്ന ആധുനിക കാലത്ത് കണ്ണും കാതും തുറന്നിരുന്ന് കേൾക്കേണ്ടവയെയും കാണേണ്ടവയേയും നമ്മിലെത്തിക്കാൻ യത്നിക്കുന്നവരാണ് എഴുത്തുകാർ. ●

# നായകനാവുന്ന നമ്പൂതിരി

**ഉമശ്രീ**



കുറച്ചു വർഷം മുമ്പാണ്. കോഴിക്കോട്ടെ ഗായത്രിയിൽ വച്ച് യോഗക്ഷേമസഭ ജില്ലാകലാമേള നടക്കുന്നു. വാശിയേറിയ കലാമത്സരങ്ങൾ. ചാത്തമംഗലവും പെരുമണ്ണയും ഒക്കെ ഒപ്പത്തിനൊപ്പം മുന്നേറുകയാണ്. ഓവറോൾട്രോഫിയ്ക്ക് വേണ്ടിയുള്ള വാശി. പെട്ടെന്ന് സിറ്റി ഉപസഭ പോയിന്റുകൾ വാരിക്കൂട്ടാൻ തുടങ്ങി. ചാത്തമംഗലവും പെരുമണ്ണയും നോക്കി നിൽക്കേ സിറ്റി ഉപസഭ ട്രോഫിയും കൊണ്ടു പോയി.

അപ്രതീക്ഷിതമായി സിറ്റി ഉപസഭ ഈ അട്ടിമറി നടത്തിയത് ഒരു ചെറിയ പയ്യന്റെ ബലത്തിലായിരുന്നു നീരജ് കെ. നമ്പൂതിരി. ഡാൻസിലും മോണോ ആക്ടിലും മോഹിനിയാട്ടത്തിലും പാട്ടിലും എന്നു വേണ്ട മത്സരിച്ച എല്ലാറ്റിലും അവൻ ഒന്നാമത്.

ആ പയ്യനെ അന്നേ ചിലരെല്ലാം നോട്ടമിട്ടു.

അയാൾ പിന്നീട് സ്കൂൾ കലോത്സവത്തിൽ സംസ്ഥാന തലം വരെ പങ്കെടുത്ത് നിരവധി സമ്മാനങ്ങൾ വാരിക്കൂട്ടി.

പത്താം ക്ലാസിൽ ഫുൾ എ പ്ലസ് വാങ്ങി.

കോഴിക്കോട് സെന്റ്ജോസഫ് സ്കൂളിലെ കുട്ടികളുടെ ഹീറോ ആയി.

അമൃതചാനലിലെ 'സൂപ്പർ

**ആയിടയ്ക്കാണ് എറണാകുളത്ത് 'ബഡ്ഡി' എന്ന സിനിമയുടെ ഓഡിഷൻ നടക്കുന്നത്. സുഹൃത്തായ ജോസ്ലി അതിൽ പങ്കെടുക്കാൻ പോവുന്നുണ്ട്. അവൻ നീരജിനെയും ഒപ്പം കൂട്ടി. അഭിനയത്തിൽ താൽപര്യമുള്ള ആളാണല്ലോ. എന്തായാലും എറണാകുളം വരെ പോവുന്നുണ്ട്. കൂട്ടുകാരൻ അതിൽ പങ്കെടുക്കുന്നുമുണ്ട്.അങ്ങനെ അമ്മയുടെ നിർബന്ധത്തിനു വഴങ്ങി പങ്കെടുത്തു. സെലക്ഷൻ കിട്ടിയത് നീരജിന് ! സുഹൃത്ത് ഔട്ടായി !!**



**പക്ഷേ, കല തലയ്ക്ക് പിടിച്ചപ്പോൾ പ്ലസ് ടു പഠനത്തിൽ ഉഴപ്പി. പത്താം ക്ലാസിൽ ഫുൾ എ പ്ലസ് വാങ്ങിയ ആ കുട്ടി പഠനത്തിൽ പിറകിലായി. ഡാൻസും പരിപാടികളുമായി നടന്നതോടെ ക്ളാസിൽ റെഗുലറല്ലാതായി. ഒടുവിൽ ഫൈനൽ പരീക്ഷയുടെ സമയമെത്തി. എഴുതിയാൽ തോറ്റുപോവുമോ എന്ന് ഭയം. ഒരു കാര്യം ചെയ്യാം. പരീക്ഷ എഴുതേണ്ടെന്ന് വയ്ക്കാം. അങ്ങനെ തീരുമാനിച്ചു .**

ഡാൻസർ' എന്ന പരിപാടിയിലൂടെ സൂപ്പർ പെർഫോമറായി.

അങ്ങനെ പലതും പലതും.

പക്ഷേ, കല തലയ്ക്ക് പിടിച്ചപ്പോൾ പ്ലസ് ടു പഠനത്തിൽ ഉഴപ്പി. പത്താം ക്ലാസിൽ ഫുൾ എ പ്ലസ് വാങ്ങിയ ആ കുട്ടി പഠനത്തിൽ പിറകിലായി. ഡാൻസും പരിപാടികളുമായി നടന്നതോടെ ക്ളാസിൽ റെഗുലറല്ലാതായി. ഒടുവിൽ ഫൈനൽ പരീക്ഷയുടെ സമയമെത്തി. എഴുതിയാൽ തോറ്റുപോവുമോ എന്ന് ഭയം. ഒരു കാര്യം ചെയ്യാം. പരീക്ഷ എഴുതേണ്ടെന്ന് വയ്ക്കാം. അങ്ങനെ തീരുമാനിച്ചു .

സംഗതി സ്കൂൾ പ്രിൻസിപ്പാളിന്റെ ചെവിയിലെത്തി.

നീരജ് പരീക്ഷയെഴുതുന്നില്ലത്രെ!

കലയെ കലാഭവനിലെ ആബേൽ അച്ചനെപ്പോലെ സ്നേഹിക്കുന്ന ആളാണ് ദേവസ്യ ഫാദർ. നീരജിന്റെ കലാവാസന തൊട്ടറിഞ്ഞ ആൾ. പ്രിൻസിപ്പാൾ അവനെ വിളിപ്പിച്ചു. കാര്യം തിരക്കി. പഠനത്തിൽ അല്പം പിറകോട്ടായതിന്റെ പേരിൽ പരീക്ഷ എഴുതാതിരിക്കരുത്. എ പ്ലസ് വിഷയമല്ല. അതിലും വലിയ വഴികൾ വേറെയുണ്ട്.

പ്രിൻസിപ്പാളിന്റെ ഉപദേശം നീരജിന്റെ വഴി മറ്റൊന്നാക്കി. അച്ഛനെപ്പോലെ ഡോക്ടറാവുന്നതിനും അമ്മയുടെ ആഗ്രഹം പോലെ എൻജിനീയറാവുന്നതിനും പകരം നീരജ് ചെന്നൈയിലെ എസ്.ആർ.എം. യൂണിവേഴ്സിറ്റിയിൽ വിഷൽ കമ്മ്യൂണിക്കേഷന് ചേർന്നു. അവിടത്തെ ബിരുദത്തിനു ശേഷം തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമയിൽ.

ആയിടയ്ക്കാണ് എറണാകുളത്ത് 'ബഡ്ഡി' എന്ന സിനിമയുടെ ഓഡിഷൻ നടക്കുന്നത്.

സുഹൃത്തായ ജോസ്ലി അതിൽ പങ്കെടുക്കാൻ പോവുന്നുണ്ട്. അവൻ നീരജിനെയും ഒപ്പം കൂട്ടി. വെറുതെ എറണാകുളത്ത് കറങ്ങാമല്ലൊ. പോവുന്ന കാര്യം അമ്മയോടു പറഞ്ഞിരുന്നു. അപ്പോൾ അമ്മ നിർബന്ധിച്ചു. ഓഡിഷനിൽ പങ്കെടുക്കാൻ.

അഭിനയത്തിൽ താൽപര്യമുള്ള ആളാണല്ലൊ. എന്തായാലും എറണാകുളം വരെ പോവുന്നുണ്ട്. കൂട്ടുകാരൻ അതിൽ പങ്കെടുക്കുന്നുമുണ്ട്.അങ്ങനെ അമ്മയുടെ നിർബന്ധത്തിനു വഴങ്ങി പങ്കെടുത്തു.

സെലക്ഷൻ കിട്ടിയത് നീരജിന് !

സുഹൃത്ത് ഔട്ടായി !!

സെലക്ഷൻ കിട്ടിയ സന്തോഷ

ത്തേക്കാൾ സങ്കടമായിരുന്നു, ജോസ്‌ലിയ്ക്ക് അവസരം കിട്ടാത്തതോർത്ത്. അങ്ങനെ ആ യാത്ര 'ബഡ്ഡി' എന്ന സിനിമയിലെത്തിച്ചു.

അവിടന്നങ്ങോട്ട് ഒന്നിനു പിറകെ ഒന്നായി സിനിമകൾ. 'ബഡ്ഡി'യിലെ വേഷം നന്നായപ്പോൾ '1983'ൽ. അവിടെ നിന്ന് 'മെമ്മറീസി'ൽ . മെമ്മറീസ് കഴിഞ്ഞപ്പോൾ 'ദൃശ്യം'. ഇപ്പോൾ ഇരുപതിലേറെ സിനിമകളായി. ഇനിയിതാ നായക വേഷത്തിലേക്ക്.

കേട്ടിട്ടുണ്ടോ, 'പൈപ്പിൻ ചോട്ടിലെ പ്രണയ'ത്തെപ്പറ്റി. ഇല്ലെങ്കിൽ ഇനി അതു നേരിൽ കാണാം. നീരജ് മാധവനാണ് ആ സിനിമയിൽ നായകൻ. അതിന്റെ പിന്നണിയിലും മുന്നണിയിലും ഈ യുവാവുണ്ട്.

സിനിമയിൽ നായകപദവിയിൽ എത്തുന്ന ആദ്യ നമ്പൂതിരിയാണ് നീരജ്.

ബാബു നമ്പൂതിരി, ശരത് അങ്ങനെ ചിലരുണ്ടെങ്കിലും സിനിമാരംഗത്ത് നമ്പൂതിരിമാർ വളരെ വിരളമാണ്. ഈ പയ്യൻ നമ്പൂതിരിയാണ് എന്ന് നമ്മിൽ പലർക്കും അറിയില്ല. കോഴിക്കോട്ടുകാരനാണ് എന്നും അറിയില്ല. തീർച്ചയായും കോഴിക്കോട്ടുകാരായ നമുക്ക് അഭിമാനിക്കാം. നമ്പൂതിരിമാർക്ക് പ്രത്യേകിച്ചും.

നായകനാവുന്ന ആ നമ്പൂതിരിയുടെ കാര്യങ്ങൾ സ്വസ്തി വായനക്കാരുമായി പങ്കിടുകയാണ് അമ്മ ലതമാധവ്. മകന്റെ വിജയത്തിന് പിന്നിൽ കലാകാരി കൂടിയായ ഈ അമ്മയുടെ പങ്ക് ചെറുതല്ല.

ഇപ്പോൾ കോഴിക്കോട്ടാണെങ്കിലും കണ്ണൂരിലെ ശ്രീകണ്ഠാപുരത്താണ് ഇല്ലം. കോട്ടൂരിലെ കീഴേടത്തില്ലത്തെ അംഗമാണ് നീരജിന്റെ അച്ഛൻ ഡോ. മാധവൻ. കണ്ണൂരിലെ തന്നെ മട്ടന്നൂരിനടുത്ത് കടിക്കാവിൽ താഴത്തില്ലത്ത് പാലോന്നം ആണ് അമ്മാത്ത്. കൊട്ടിയൂർ ക്ഷേത്രത്തിലെ അവകാശികൾ കൂടിയാണ് പാലോന്നം. ജനിച്ചത് കണ്ണൂരിലാണെങ്കിലും വളർന്നത് കോഴിക്കോട്ടാണ്. നീരജിന് നാലു വയസ്സുള്ളപ്പോൾ അച്ഛന് സ്ഥലംമാറ്റം കിട്ടി. കോഴിക്കോട് തിരുവണ്ണൂരിൽ എത്തി. പിന്നെ ഇവിടെ സെറ്റിൽ ചെയ്തു. കോഴിക്കോട് ശ്രീരാമകൃഷ്ണാമിഷൻ സ്കൂളിൽ അദ്ധ്യാപികയായതിനാൽ ലതയ്ക്കും കോഴിക്കോട്ടുകാരി ആവേണ്ടി വന്നു.

കാതലൻ എന്ന സിനിമ ഇറങ്ങിയ കാലം. നീരജിന് അന്ന് മൂന്നോ നാലോ വയസ്സ് . ഒരു ദിവസം ആ സിനിമയിലെ പാട്ടുവച്ച് അതിനനുസരിച്ച് നൃത്തം ചെയ്യാൻ തുടങ്ങി.



### അമ്മ

**അല്പം മോഡേണാണ് ഈ അമ്മ. വേറിട്ടതാണ് ഇഷ്ടങ്ങൾ. 'നീപോയി ആ മുടി വെട്ടി വാ' എന്ന് പറഞ്ഞിട്ടേയില്ല ലത. മുടിയാണ് നീരജിന്റെ യുണീക് സ്റ്റൈൽ. നീട്ടി വളർത്തി കൊത്തിപ്പരത്തിയ മുടി. പാറിപ്പറക്കുന്ന ഫ്രീഫൻ ലുക്ക്. പഴയ തലമുറക്കാർക്ക് ഒട്ടും രസിക്കാത്തതാണ് ഈ വേഷം. പക്ഷേ, അമ്മയ്ക്ക് ഒട്ടുമില്ല ആക്ഷേപം.**

### സിനിമകൾ

**അടി കപ്യാരെ കൂട്ടമണി**
**ഒരു മെക്സിക്കൻ അപാരത**
**ഒരു വടക്കൻ സെൽഫി**
**ബഡ്ഡി**
**മെമ്മറീസ്**
**ദൃശ്യം**
**1983**
**മധുരനാരങ്ങ**
**ജമുനാപ്യാരി**
**മറിയംമുക്ക്**
**സപ്തമശ്രീ തസ്കരാഃ**
**കുഞ്ഞിരാമായണം**
**ചാർലി**
**അപ്പോത്തിക്കിരി**
**ശിഖാമണി**
**ഊഴം**

### അവാർഡുകൾ

1.കേരള യൂത്ത് ഐക്കൺ അവാർഡ്
2.2015 ൽ ഏഷ്യാവിഷന്റെ ബെസ്റ്റ് സെൻസേഷണൽ അവാർഡ്
3.2016 ൽ ഏഷ്യാനെറ്റ് കോമഡി അവാർഡ്സിൽ ട്രെന്റ് സെറ്റർ അവാർഡ്
4.രാമുകാര്യാട്ട് യുവ പ്രതിഭ അവാർഡ്.



**ആറാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു പ്രോഗ്രാമിനു വേണ്ടി ക്ലാസിക്കൽ ഡാൻസിന്റെ കോസ്റ്റ്യൂം ഒക്കെയിട്ട് അല്പം നൃത്തം ചെയ്യേണ്ടിവന്നു. അപ്പോഴാണ് എനിക്ക് തോന്നിയത് അവനെ ക്ലാസിക്കൽ ഡാൻസ് പഠിപ്പിച്ചാൽ നന്നാവുമെന്ന്. കലാമണ്ഡലം സരസ്വതി ടീച്ചറുടെ അടുത്ത് ഭരതനാട്യത്തിന് ചേർത്തു. വേഗത്തിൽത്തന്നെ അതിന്റെ ചുവടുകൾ അവനു വഴങ്ങി.അത്ര പെട്ടെന്ന് വഴങ്ങുന്നതല്ല ഭരതനാട്യച്ചുവടുകൾ. ഡാൻസർ കൂടിയായ ലത പറഞ്ഞു.**

വളരെ മനോഹരമായിത്തോന്നി അവന്റെ ചുവടുകൾ. നൃത്തം ഇഷ്ടപ്പെടുകയും ഇന്നും നൃത്തം പഠിക്കുകയും ചെയ്യുന്ന ഞാൻ അവനിലെ ഡാൻസറെ അവിടെ കണ്ടെത്തുകയായിരുന്നു നീരജിന്റെ ആദ്യ പെർഫോമൻസ് അതായിരുന്നു. കാതലനിലെ ആ സിനിമാറ്റിക് ഡാൻസ്.

അമ്മയ്ക്കു മുന്നിൽ അരങ്ങേറിയ ആ ഡാൻസിൽ നിന്നാണ് നീരജ് വലിയ ചുവടുകളും ചടുല ചലനങ്ങളുമായി സൂപ്പർ ഡാൻസറിലെത്തിയത്.

ആദ്യം സിനിമാറ്റിക് ഡാൻസ് ആണ് പഠിച്ചത്. ചെറുപ്രായത്തിൽ തന്നെ അവന്റെ ഡാൻസുകൾക്കെല്ലാം അവൻ തന്നെ കൊറിയോഗ്രാഫിയും ചെയ്യുമായിരുന്നു. സൂപ്പർ ഡാൻസറിൽ നീരജും അനിയൻ നവനീതും പങ്കെടുത്തിട്ടുണ്ട്. രണ്ടുപേരുടേയും ഡാൻസുകളുടെ കൊറിയോഗ്രാഫി ചെയ്തത് നീരജാണ്. മറ്റു കുട്ടികളെല്ലാം ആളുകളെ വച്ചാണ് കൊറിയോഗ്രാഫി ചെയ്തത്. അത്രയും വലിയൊരു മത്സരത്തിൽ സെമിഫൈനൽ വരെ എത്താൻ നീരജിനും നവനീതിനും കഴിഞ്ഞു. തീർച്ചയായും ആ ഒരു പ്രോഗ്രാമാണ് രണ്ടു പേരുടെയും കലാരംഗത്ത് ഒരു ടേണിംഗ് പോയന്റ് ആയത്- അമ്മയ്ക്ക് ഓർക്കാൻ പലതുമുണ്ട്.

യു.കെ.ജി മുതൽ പന്ത്രണ്ടാം ക്ലാസ് വരെ കോഴിക്കോട് സെന്റ് ജോസഫ് സ്കൂളിലാണ് പഠിച്ചത്. ഇല്ലത്തുള്ള വാശിയും വികൃതിയുമൊന്നും സ്കൂളിൽ ഉണ്ടായിരുന്നില്ല. പഠിപ്പിക്കുന്നത് പെട്ടെന്ന് മനസ്സിലാക്കിയെടുക്കും. പക്ഷേ, ഇരുന്നു പഠിക്കുന്ന കാര്യത്തിൽ മഹാമടിയനായിരുന്നു. മടി അവന്റെ കൂടപ്പിറപ്പാണ്. നിർബന്ധിച്ചിട്ടു വേണം എല്ലാ കാര്യങ്ങളും ചെയ്യാൻ. അവനിൽ എനിക്കിഷ്ടമല്ലാത്ത കാര്യം ആ മടി തന്നെയാണ്. പക്ഷേ, ഇപ്പോൾ നല്ലമാറ്റം വന്നു. പഠിക്കുന്ന കാലത്ത് ഉണരാൻ മടിച്ചിരുന്ന അവൻ ഇന്ന് സ്ക്രിപ്റ്റ് എഴുതാൻ എത്രനേരം വേണമെങ്കിലും ഉറക്കം കളയാൻ തയ്യാറാണ്.

ഡാൻസ് ചെയ്യുന്ന കുട്ടികളെ കിട്ടിയാൽ ഏത് അമ്മയും അവരെ ഡാൻസറാക്കാൻ നോക്കും. ഈ അമ്മയും ഒട്ടും വ്യത്യസ്തയല്ല.

ആറാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു പ്രോഗ്രാമിനു വേണ്ടി ക്ലാസിക്കൽ ഡാൻസിന്റെ കോസ്റ്റ്യൂം ഒക്കെയിട്ട് അല്പം നൃത്തം ചെയ്യേണ്ടിവന്നു. അപ്പോഴാണ് എനിക്ക് തോന്നിയത് അവനെ ക്ലാസിക്കൽ ഡാൻസ് പഠിപ്പിച്ചാൽ നന്നാവുമെന്ന്. കലാമണ്ഡലം സരസ്വതി ടീച്ചറുടെ അടുത്ത് ഭരതനാട്യത്തിന് ചേർത്തു. വേഗത്തിൽത്തന്നെ അതിന്റെ ചുവടുകൾ അവനു വഴങ്ങി.അത്ര പെട്ടെന്ന് വഴങ്ങുന്നതല്ല ഭരതനാട്യച്ചുവടുകൾ. ഡാൻസർ കൂടിയായ ലത പറഞ്ഞു.

''സാധാരണ അരങ്ങേറ്റം കഴിയാതെ കുട്ടികളെ ഒരു പരിപാടിയിലും ഗുരുനാഥന്മാർ പങ്കെടുപ്പിക്കാറില്ല. കലാമണ്ഡലം സരസ്വതി ടീച്ചറെപ്പോലൊരാൾ ആവുമ്പോൾ പ്രത്യേകിച്ചും. ആയിടയ്ക്കാണ് സ്കൂളിൽ കലോത്സവമത്സരം ഉണ്ടായത്. അതിൽ പങ്കെടുപ്പിച്ചാലോ എന്നൊരു തോന്നൽ. പങ്കെടുത്താൽ ജയിക്കുമെന്ന് തോന്നിയിരുന്നു. എന്നാലും സരസ്വതി ടീച്ചറോട് ചോദിക്കാൻ ഒരു മടി. സമ്മതിച്ചില്ലെങ്കിലോ? വേണ്ടെന്ന് പറഞ്ഞ് അനുസരിക്കാഞ്ഞാൽ ഗുരുത്വദോഷവുമാവും. അരങ്ങേറ്റം കഴിയും മുമ്പ് സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കുന്നതിനെപ്പറ്റി ടീച്ചറുടെ അഭിപ്രായം തേടി. സ്കൂൾ കോമ്പറ്റീഷനേക്കാൾ പ്രധാനം അരങ്ങേറ്റമാണെന്ന് ടീച്ചർ പറഞ്ഞു.

ചോദിച്ചത്



**ശരിയ്ക്കും പറഞ്ഞാൽ നല്ല ടെൻഷനുണ്ടായിരുന്നു. ലാൽ സാറിനൊപ്പമുള്ള കോമ്പിനേഷൻ സീനാണ്. എന്നൊപ്പോലൊരു പുതിയ പയ്യന്റെ അഭിനയം മോശമായാൽ എന്നെ മാറ്റാൻ പോലും ഇടയുണ്ട്. പക്ഷേ,ലാൽ സാർ നന്നായി സപ്പോർട്ട് ചെയ്തു. ഒരനുഭവം പറയാം. എനിക്ക് ഒരു ഫോൺ കോൾ വരുന്നതാണ് സീൻ. ഞാൻ അത് കേട്ട് ഞെട്ടണം. മുഖത്ത് ആ ഭാവം വരണം. എന്തൊക്കെ ചെയ്തിഞ്ഞട്ടും ഞെട്ടിയ ഭാവം വരുന്നില്ല. ക്യാമറ എന്നെത്തന്നെ നോക്കിയിരിപ്പാണ്.**

അബദ്ധമായിപ്പോയെന്ന് തോന്നി.

പക്ഷേ, നീരജിന്റെ കാര്യത്തിൽ ഇളവ് നൽകാമത്രെ!

നീരജ് മത്സരിച്ചാൽ വിജയിക്കുമെന്നും ടീച്ചർ പറഞ്ഞു. അങ്ങനെ അരങ്ങേറ്റം കഴിയാതെ തന്നെ സ്കൂൾ ഫെസ്റ്റിവലിൽ പങ്കെടുക്കാൻ അനുവാദം നൽകി. ഒൻപതാം ക്ലാസിൽ വച്ചായിരുന്നു അത്. സംസ്ഥാനതലം വരെ പങ്കെടുത്ത് എ ഗ്രേഡ് നേടുകയും ചെയ്തു. അതോടെ ക്ളാസിക്കൽ ഡാൻസായി കുറച്ചു ദിവസത്തേക്ക് നീരജിന്റെ ലോകം.

''ക്ലാസിക്കൽ ഡാൻസും സിനിമാറ്റിക് ഡാൻസും അവന് നന്നായി വഴങ്ങുമെങ്കിലും സിനിമാറ്റിക്കിനോടും വെസ്റ്റേണിനോടുമാണ് കൂടുതൽ പ്രിയം. വെസ്റ്റേൺ ഡാൻസ് അവൻ സ്വന്തമായി പഠിച്ചെടുത്തതാണ്. ഞാൻ ക്ലാസിക്കൽ ഡാൻസർ ആണെങ്കിലും നീരജ് സിനിമാറ്റിക്കും വെസ്റ്റേണും ചെയ്യുന്നത് കാണാനാണ് എനിക്കിഷ്ടം.'' തുറന്നു പറയുന്നു അമ്മ. സിനിമാപ്രേക്ഷകരുടെ ഇഷ്ടവും അതുതന്നെയാണല്ലൊ.

അല്പം മോഡേണാണ് ഈ അമ്മ. വേറിട്ടതാണ് ഇഷ്ടങ്ങൾ. അതുകൊണ്ട് മകന്റെ പുത്തൻ സ്റ്റൈലുമായി ഈ അമ്മയ്ക്ക് ഒട്ടും കലഹമില്ല.

''നീപോയി ആ മുടി വെട്ടി വാ'' എന്ന് പറഞ്ഞിട്ടേയില്ല ലത.

മുടിയാണ് നീരജിന്റെ യുണീക് സ്റ്റൈൽ.


നീട്ടി വളർത്തി കൊത്തിപ്പരത്തിയ മുടി. പാറിപ്പറക്കുന്ന ഫ്രീഫൻ ലുക്ക്. പഴയ തലമുറക്കാർക്ക് ഒട്ടും രസിക്കാത്തതാണ് ഈ വേഷം .പക്ഷേ,അമ്മയ്ക്ക് ഒട്ടുമില്ല ആക്ഷേപം.

കൊച്ചുകുട്ടിയായിരിക്കുമ്പോൾ പീലിത്തിരുമുടിയാക്കി നിറുകയിൽ കെട്ടി വയ്ക്കുമായിരുന്നു എന്നും പറയുന്നു. ഇനിയിപ്പോൾ അവന്റെ ഇഷ്ടം. സിനിമയിലെ അവന്റെ വേഷങ്ങളും 'മുടി'ഞ്ഞതാണല്ലൊ.

''ഫ്രീക്കൻ ലുക്ക് അവന് നന്നായി ഇണങ്ങും. ഹെയർസ്റ്റൈൽ, ഡ്രസ്സിംഗ് സ്റ്റൈൽ എന്നിവയിൽ നല്ല ശ്രദ്ധ ചെറുപ്പത്തിലേ ഉണ്ട്. ആ കാര്യങ്ങളിൽ അമ്മയ്ക്ക് കൂടുതൽ ഇടപെടേണ്ടി വന്നിട്ടില്ല. നീട്ടിയിട്ട ചുരുളൻമുടിയും, മുടിക്കെട്ടും, താടിയും. അതാണ് നീരജിനെ വ്യത്യസ്തനാക്കുന്നത്. മാത്രമല്ല അതെല്ലാം ഓരോരുത്തരുടെയും ഇഷ്ടമാണല്ലൊ.''

ഫ്രീക്കനായി നടന്നാൽ ജീവിതം കട്ടപ്പൊകയായി മാറുമെന്ന് ഭയന്നിട്ടുണ്ടോ?

സിനിമ പോലൊരു മേഖലയിൽ സ്ഥിരത കിട്ടുമോ എന്ന ആശങ്ക തോന്നിയിട്ടില്ലേ?



**<u>''നമ്പൂതിരി എന്ന് ചേർക്കാതിരുന്നതു കൊണ്ട് ഒരു ആനുകൂല്യവും നമുക്ക് കിട്ടിയിട്ടില്ല. അത് ചേർത്തതു കൊണ്ട് ഒന്നും നഷ്ടപ്പെടാനുമില്ല. എന്തായാലും നമ്മൾ നമ്പൂതിരിയാണ്.ഗുണമായാലും ദോഷമായാലും നമ്മൾതന്നെ വേണം അനുഭവിക്കാൻ. അതുകൊണ്ട് മക്കളുടെ പേരിനോട് കൂടി 'നമ്പൂതിരി' എന്ന് ഔദ്യോഗികമായി ചേർക്കുക തന്നെ ചെയ്തു'' അച്ഛൻ ഡോ.മാധവന് ഇക്കാര്യത്തിൽ വ്യക്തമായ നിലപാടുണ്ട്.</u>**

മക്കൾ പഠിച്ച് നല്ല നിലയിലെത്തണമെന്ന് തോന്നിയിട്ടില്ലേ?

ഇങ്ങനെ ചോദിക്കാൻ തുടങ്ങിയാൽ ഏതൊരമ്മയുടെയും ഉത്തരം തന്നെയാണ് ലതയ്ക്കും.

''ഏതൊരമ്മയേയും പോലെ മക്കൾ ഒരു പ്രൊഫഷണൽ ഡിഗ്രി എടുത്തു കാണണമെന്ന് ആഗ്രഹിച്ചിരുന്നു . മകൻ എൻജിനീയർ ആയി കാണാൻ മോഹിച്ചിരുന്നു. സിനിമപോലെ നല്ല ഭാവി ഉറപ്പില്ലാത്ത ഒരു മേഖല തിരഞ്ഞെടുത്തപ്പോൾ ഒരമ്മ എന്ന നിലയിൽ നല്ല ടെൻഷൻ ഉണ്ടായിരുന്നു. പക്ഷേ ഞങ്ങൾ കുട്ടികളുടെ ഇഷ്ടത്തിനാണ് പ്രാധാന്യം കൊടുത്തത്. അവരെ ഇഷ്ടമല്ലാത്ത ഫീൽഡിലേക്ക് നിർബന്ധിച്ചു വിട്ട് ഒന്നുമല്ലാതെയാക്കാൻ താൽപര്യമില്ലായിരുന്നു. എങ്കിലും ഏതെങ്കിലും ഒരു പ്രൊഫഷണൽ ഡിഗ്രി എടുത്തിട്ട് കലാരംഗത്തേയ്ക്ക് പൊയ്ക്കൊള്ളാൻ ഞങ്ങൾ പറഞ്ഞു. പക്ഷേ, അവന് അതിൽ ഒട്ടും താൽപര്യമുണ്ടായിരുന്നില്ല. അതുകൊണ്ട് താൽപര്യമുള്ള മേഖലയിൽ അവൻ നന്നായി വരാൻ പ്രാർത്ഥിക്കുന്നു. ഇപ്പോൾ ചെയ്യുന്നത് ഇഷ്ടമുള്ള ജോലിയായതുകൊണ്ട് അതിനു വേണ്ടി എത്രമാത്രം ഹാർഡ് വർക്ക് ചെയ്യാനും അവനിന്ന് തയ്യാറാണ്.''

''മെമ്മറീസ്, ദൃശ്യം, 1983, ഒരു വടക്കൻ സെൽഫി, കുഞ്ഞിരാമായണം, സപ്തമശ്രീ തസ്ക്കരഃ, അടികപ്യാരെ കൂട്ടമണി, മെക്സിക്കൻ അപാരത തുടങ്ങിയ ചിത്രങ്ങളിലെല്ലാം ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തിട്ടുണ്ടല്ലൊ. അമ്മയെന്ന നിലയിൽ മകൻ ചെയ്ത ഏതു വേഷമാണ് ഇഷ്ടമായത്?''

''സപ്തമശ്രീ തസ്ക്കരഃയിലെ കള്ളനെങ്കിലും നിഷ്ക്കളങ്കനായ നമ്പൂതിരി പയ്യൻ നാരായണൻ കുട്ടിയെ.'' ഈ കഥാപാത്രത്തെക്കുറിച്ച് പറഞ്ഞപ്പോൾ മക്കളുടെ നിഷ്ക്കളങ്കത ഇഷ്ടപ്പെടുന്ന ഒരമ്മയുടെ വാത്സല്യം ടീച്ചറുടെ മുഖത്ത് നിറഞ്ഞു . ആ കഥാപാത്രം ഒരു നമ്പൂതിരി പയ്യനാണ് എന്നതും ഇഷ്ടപ്പെടാൻ ഒരു കാരണമാവാം.

പക്ഷേ, സിനിമയിലെ നാരായണൻകുട്ടിയല്ല ജീവിതത്തിലെ നീരജ്.

സംസാരത്തിലോ ശരീരഭാഷയിലോ ഒന്നും നമ്പൂതിരിയുടേതായ ഒരു തനതു ശൈലി ഇല്ല. പക്ഷേ ഏതു ഭാഷയും സാഹചര്യത്തിനനുസരിച്ച് കൈകാര്യം ചെയ്യാൻ നീരജിന് ഒരു പ്രത്യേക മിടുക്കുണ്ട്. നാരായണൻകുട്ടിയിൽ നമ്പൂതിരിയുടെ സാധുത്വവും കളങ്കമില്ലായ്മയും കൃത്യമായി വരുത്തിയ നീരജിന് ദൃശ്യത്തിൽ കുസൃതിക്കാരന്റേതായ മറ്റൊരു മുഖമാണല്ലൊ. മോഹൻലാലിനെപ്പോലൊരു നടന്റെ കൂടെയാണ് ആ കോമ്പിനേഷൻ സീൻ. വാസ്തവത്തിൽ ദൃശ്യത്തിലെ മോനിച്ചൻ ആണ് നീരജിന് ബ്രേക്ക് ആയത്.

മോഹൻലാലുമായുള്ള ആ കോമ്പിനേഷൻ സീനിനെക്കുറിച്ച് നീരജ് തന്നെ ഒരു ഇന്റർവ്യൂവിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്:

''ശരിയ്ക്കും പറഞ്ഞാൽ നല്ല ടെൻഷനുണ്ടായിരുന്നു. ലാൽ സാറി

നൊപ്പമുള്ള കോമ്പിനേഷൻ സീനാണ്. എന്നൊപ്പോലൊരു പുതിയ പയ്യന്റെ അഭിനയം മോശമായാൽ എന്നെ മാറ്റാൻ പോലും ഇടയുണ്ട്. പക്ഷേ, ലാൽ സാർ നന്നായി സപ്പോർട്ട് ചെയ്തു. ഒരനുഭവം പറയാം. എനിക്ക് ഒരു ഫോൺ കോൾ വരുന്നതാണ് സീൻ. ഞാൻ അത് കേട്ട് ഞെട്ടണം. മുഖത്ത് ആ ഭാവം വരണം. എന്തൊക്കെ ചെയ്തിട്ടും ഞെട്ടിയ ഭാവം വരുന്നില്ല. ക്യാമറ എന്നെത്തന്നെ നോക്കിയിരിപ്പാണ്.

അപ്പോൾ ലാൽ സാർ ക്യാമറയുടെ ഫ്രെയിമിൽ നിന്ന് പുറത്തേക്ക് മാറി. എന്നിട്ട് പെട്ടെന്ന് എന്നോട് 'എന്തെടാ നീയൊക്കെ' എന്നോ മറ്റോ പറഞ്ഞു. ലാൽ സാറിന്റെ ആ ഒച്ചയെടുക്കലിൽ ഞാൻ ശരിയ്ക്കും ഞെട്ടി. ഉടൻതന്നെ സാർ കാരക്ടറായി ഭാവപ്പകർച്ച നടത്തി ക്യാമറയിലേക്ക് കയറി വന്നു. അതെന്നെ വല്ലാതെ അദ്ഭുതപ്പെടുത്തി. ക്ഷണനേരം കൊണ്ട് ഭാവപ്പകർച്ച നടത്തിയ ആ വലിയ നടന്റെ നടനവിസ്മയം കോമ്പിനേഷൻ സീനിൽ എന്നെ രക്ഷിച്ചു.''

ആ ദൃശ്യം സമ്മാനിച്ച വഴിത്തിരിവിൽ നിന്നാണ് നീരജ് നായകനിലേക്ക് നടന്നു കയറുന്നത്.

പിന്നിലേക്ക് നോക്കുമ്പോൾ പലതുമുണ്ട്. ചെണ്ട, മൃദംഗം, മിമിക്രി, അഭിനയം,എഴുത്ത് അങ്ങനെയങ്ങനെ...

''നീരജ് ചെണ്ട അഭ്യസിച്ചിട്ടുണ്ട്. തായമ്പക ചെയ്തിട്ടുമുണ്ട്. എന്റെ കസിനായ കലാനിലയം ഉദയൻ നമ്പൂതിരിയാണ് ഗുരു. നല്ല താളബോധമുള്ള കുട്ടിയായിരുന്നു നീരജ്. രണ്ടുകൊല്ലം കൊണ്ട് തായമ്പകയിൽ അരങ്ങേറ്റം നടത്തി. ഗുരുവായൂരിൽ ഉത്സവത്തായമ്പകയ്ക്ക് രണ്ടു തവണ കൊട്ടിയിട്ടുമുണ്ട്. ഒരു പ്രാവശ്യം ഒന്നാംസ്ഥാനം നേടുകയും ചെയ്തു. മൃദംഗവും പഠിച്ചിട്ടുണ്ട്.'' അമ്മയ്ക്ക് പഴയതെല്ലാം ഓർമ്മയുണ്ട്.

''നന്നായി പുസ്തകങ്ങൾ വായിക്കുന്ന ശീലമുണ്ട് നീരജിന്. അച്ഛന്റെ ശീലം പകർന്നു കിട്ടിയതാകും. വി.കെ.എൻ. കൃതികളാണ് ഏറെ ഇഷ്ടം. സിനിമയിൽ സ്ക്രിപ്റ്റ് എഴുതും. ഇപ്പോൾ ഷൂട്ടിംഗ് നടക്കുന്ന 'ലവകുശ' എന്ന സിനിമയുടെ സ്ക്രിപ്റ്റ് അവന്റേതാണ് . കഥകളും എഴുതാറുണ്ട്.''



അമ്മ ഇതു പറഞ്ഞു തീർന്നതും ഒരു ഫയലുമായി അച്ഛനെത്തി.

''ഇതെല്ലാം നീരജ് എഴുതിയ കഥകളാണ്.''

സ്ക്രിപ്റ്റിനും ചെറുകഥയ്ക്കുമിടയിൽ കഥാപാത്രങ്ങളുടെ നീണ്ട നിര. നഗരത്തിരക്കും പുതിയ കാലവും ഏല്പിച്ച വിഹ്വലത കലർന്ന ജീവിതം. സ്വസ്തിയിൽ പ്രസിദ്ധീകരിക്കാൻ നീരജിന്റെ ഒരു കഥ സംഘടിപ്പിക്കാമെന്ന് അച്ഛന്റെ ഉറപ്പ്. വീണ്ടും അമ്മയിലേക്ക്.

''അഭിനയിക്കാനുള്ള കഴിവ് .അതൊന്നും കുട്ടിക്കാലത്ത് ശ്രദ്ധിച്ചിട്ടുണ്ടായിരുന്നില്ല. പക്ഷേ ചെറിയ ക്ലാസുകളിൽ പഠിക്കുമ്പോഴേ കൂട്ടുകാരെ സംഘടിപ്പിച്ച് നാടകം അവതരിപ്പിക്കുമായിരുന്നു. അതിൽ അഭിനയിക്കുകയല്ല മറ്റുള്ളവരെ നാടകം പഠിപ്പിക്കുകയും സ്റ്റേജിൽ കയറ്റുകയും ഒക്കെ. ഒരു സംവിധായകന്റെ റോൾ. സംവിധായകന് അഭിനയ ശേഷിയും വേണമല്ലോ.അതുകൊണ്ട് അവനിൽ ഒരു അഭിനേതാവ് എന്നുമുണ്ടായിരുന്നു. നീരജ് പഠിച്ചത് സംവിധാനമാണ്. ചെന്നൈ എസ്.ആർ.എമ്മിൽ നിന്ന് വിഷ്വൽ കമ്മ്യൂണിക്കേഷനിൽ ബിരുദം. പിന്നെ തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിൽ പി.ജിയും ചെയ്തു. അവന്റെ മേഖലകൾ സ്വയം തിരഞ്ഞെടുക്കുകയായിരുന്നു. ഞങ്ങൾ പിന്തുണക്കുക മാത്രമാണ് ചെയ്തത്.'' ആ പിന്തുണ ഫലവത്തായതിന്റെ സന്തോഷം അമ്മയുടെ മുഖത്ത്.

സംസാരത്തിലോ ശരീരഭാഷയിലോ ഒന്നും നമ്പൂതിരിയാണെന്ന് തോന്നില്ല. എങ്കിലും എസ് എസ് എൽ സി ബുക്കിൽ പേരിനൊപ്പം നമ്പൂതിരിയുണ്ട്.അച്ഛൻ മാധവൻ വാലില്ലാത്ത നമ്പൂതിരിയാണ്. അദ്ദേഹത്തിന്റെ പേരിനോടു കൂടി നമ്പൂതിരി ചേർത്തിട്ടില്ല. പക്ഷേ അദ്ദേഹം നീരജിന്റെ പേരിനൊപ്പം നമ്പൂതിരി എന്ന് ചേർത്തു. അതിനൊരു കാരണമുണ്ട്.

> **അച്ഛൻ മാധവൻ വാലില്ലാത്ത നമ്പൂതിരിയാണ്. അദ്ദേഹത്തിന്റെ പേരിനോടു കൂടി നമ്പൂതിരി ചേർത്തിട്ടില്ല. പക്ഷേ അദ്ദേഹം നീരജിന്റെ നമ്പൂതിരി പേരിനൊപ്പം നമ്പൂതിരി എന്ന് ചേർത്തു. അതിനൊരു കാരണമുണ്ട്.**

''നമ്പൂതിരി എന്ന് ചേർക്കാതിരുന്നതു കൊണ്ട് ഒരു ആനുകൂല്യവും നമുക്ക് കിട്ടിയിട്ടില്ല. അത് ചേർത്തതു കൊണ്ട് ഒന്നും നഷ്ടപ്പെടാനുമില്ല. എന്തായാലും നമ്മൾ നമ്പൂതിരിയാണ്.ഗുണമായാലും ദോഷമായാലും നമ്മൾതന്നെ വേണം അനുഭവിക്കാൻ. അതുകൊണ്ട് മക്കളുടെ പേരിനോട് കൂടി 'നമ്പൂതിരി' എന്ന് ഔദ്യോഗികമായി ചേർക്കുക തന്നെ ചെയ്തു'' അച്ഛൻ ഡോ.മാധവന് ഇക്കാര്യത്തിൽ വ്യക്തമായ നിലപാടുണ്ട്.

''ചോറൂണ്, ഉപനയനം, സമാവർത്തനം തുടങ്ങി എല്ലാ വിധ ക്രിയകളും രണ്ടാൾക്കും നടത്തീട്ടുമുണ്ട്. പൂണൂൽ ഇടുന്നത് അവർ അഭിമാനമായി കാണുന്നു. കുടുംബത്തിലെ ദൈവികമായ ചടങ്ങുകൾക്കെല്ലാം അവൻ കഴിയുന്നത്ര സമയമുണ്ടാക്കി പങ്കെടുക്കാനും ശ്രമിക്കും. ഈയിടെ തറവാട്ടിൽ നടന്ന പരിഹാരക്രിയകൾക്ക് മൂന്നു ദിവസവും നീരജ് ഉണ്ടായിരുന്നു.''

സിനിമയുടെ തിരക്കുകളിലേക്ക് എത്തും മുൻപ് യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങളിലും പരിപാടികളും സജീവമായി പങ്കെടുത്തിരുന്നു

നീരജ്. സിനിമയിലെ തിരക്കുകൾ കാരണം ഇപ്പോൾ എത്തിപ്പെടാൻ കഴിയാറില്ലെന്നുമാത്രം. കോട്ടയത്തു നടന്ന സംസ്ഥാന സമ്മേളനത്തിൽ കലാപരിപാടികളുടെ ഉദ്ഘാടകനും നീരജ് ആയിരുന്നു. അനിയൻ നവനീത് മാധവ് നീരജിന് മുൻപേ തന്നെ സിനിമയിൽ എത്തിയ ആളാണ്.

''നീരജിനെ ശ്രദ്ധിക്കുന്നതിനിടയിൽ നവനീതിന്റെ കാര്യങ്ങൾ അത്ര ശ്രദ്ധിച്ചിരുന്നില്ല. പക്ഷേ സൂപ്പർഡാൻസറിൽ നീരജിനോടൊപ്പം ഒരു പെയർഡാൻസ് ചെയ്യേണ്ടിവന്നപ്പോഴാണ് നവനീതിനും നന്നായി ഡാൻസ് ചെയ്യാൻ പറ്റും എന്ന് തിരിച്ചറിഞ്ഞത്. പക്ഷേ അവൻ ഡാൻസ് പഠിച്ചിട്ടില്ല. നീരജ് പഠിക്കുന്നത് കണ്ടാണ് പഠിച്ചത്. നവനീതിനും പിന്നീട് സൂപ്പർഡാൻസറിൽ സെലക്ഷൻ കിട്ടി. സെമിഫൈനൽ വരെ പങ്കെടുത്തു. അവനും കലാജീവിതം തന്നെയാണ് ഇഷ്ടം. കുട്ടിച്ചാത്തൻ എന്ന സീരിയൽ ആയിരുന്നു ആദ്യ ഓഫർ. പിന്നീട് മാണിക്കക്കല്ല് പോലുള്ള നിരവധി പടങ്ങൾ ചെയ്തു. കേശു എന്ന പേരിൽ ഒരു അവാർഡ് വിന്നിംഗ് പടവും ചെയ്തിട്ടുണ്ട്. നവനീത് ഇപ്പോൾ ബാംഗ്ലൂരിൽ ബി.എസ്.സി. വിഷ്വൽ കമ്മ്യൂണിക്കേഷൻ ചെയ്യുകയാണ്.''

സിനിമയിൽ ചേക്കേറുന്നവർക്ക് വ്യത്യസ്തങ്ങളായ ചില അഭിരുചികൾ കാണും. ഇക്കാര്യത്തിൽ നീരജും ഒട്ടും പിന്നിലല്ല.

''ഒരിക്കൽ എറണാകുളത്ത് അവന്റെ റൂമിൽ ചെന്നപ്പോൾ അവിടെ കൂടിയിട്ട ഷർട്ടുകളും ടീ ഷർട്ടുകളും എത്രയെണ്ണം മടക്കിവച്ചുഎന്ന് എനിക്ക് തന്നെ അറിയില്ല. അലമാരയിൽ അടുക്കിവെച്ച് ഡ്രസ്സുകളും ഷൂസുകളും കണ്ട് ഞാൻ അമ്പരന്നു പോയി. നല്ല വിലയുള്ള ഒരു 75 ജോഡി ഷൂസെങ്കിലും നീരജിന് ഉണ്ട്. അത്രയധികം വാങ്ങി ശീലിച്ചിട്ടില്ലാത്ത എനിക്ക് അതല്പം അധികമായി തോന്നി. അവനോടത് പറയുകയും ചെയ്തു. പക്ഷേ സാധാരണ ചെറുപ്പക്കാർക്ക് വാഹനങ്ങളോടുണ്ടാകുന്ന കമ്പം നീരജിനില്ല. ഇപ്പോൾ ഉപയോഗിക്കുന്ന പോളോ ജി.ടി. അവൻ സ്വന്തമായി വാങ്ങിയ കാറാണ്. ബൈക്കുകൾ ഇഷ്ടമാണെന്നല്ലാതെ അമിതമായ ഒരിഷ്ടമില്ല. ഷോപ്പിംഗ് തന്നെയാണ് അവനിഷ്ടപ്പെട്ട കാര്യം. ഇഷ്ടസ്ഥലം ദുബായ്. ഷോപ്പിംഗിന് ധാരാളം സൗകര്യമുള്ളതുകൊണ്ടായിരിക്കാം ദുബായ് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമായത്. യാത്രകളും ഇഷ്ടമാണ്.''

ഇന്നത്തെ കാലത്ത് മക്കളുടെ ജോലിയും തിരക്കുംകാരണം പലപ്പോഴും അച്ഛനമ്മമാരോടും സഹോദരന്മാരോടും അടുപ്പത്തിന് കുറവുണ്ടാവും . ''പക്ഷേ നീരജിന് കുടുംബത്തോടുള്ള അറ്റാച്മെന്റ് ഒട്ടും കുറഞ്ഞിട്ടില്ല. തന്റെ വിജയത്തിന്റെ പ്രധാന കാരണം കുടുംബത്തിന്റെ സപ്പോർട്ടാണ് എന്ന വിശ്വാസവുമുണ്ട് അവന്. ഏതു കാര്യത്തിൽ തീരുമാനമെടുക്കുന്നതിനും അച്ഛന്റെ അനുവാദം വാങ്ങാറുണ്ട്. സ്ക്രിപ്റ്റ് എഴുതിയാലും, ഓഫർ കിട്ടിയാലുമൊക്കെ അച്ഛനോട് അഭിപ്രായം ചോദിക്കും. അച്ഛന്റെ കൂടി അഭിപ്രായമറിഞ്ഞേ തീരുമാനമെടുക്കൂ.''

ലത ടീച്ചർക്ക് ഇനിയുമിനിയുമുണ്ട് ഏറെപ്പറയാൻ.

ദിവസേന വിളിക്കില്ല എന്ന ഒരു കുഞ്ഞു പരിഭവം മാത്രമാണ് നീരജിനോട് ഉള്ളത്. എങ്കിലും അമ്മയോട് എല്ലാം തുറന്നു പറയും. ഒന്നും ഒളിക്കില്ല. സംസാരിക്കാൻ ധാരാളം സമയം കിട്ടുന്ന അവസരത്തിൽ ലൊക്കേഷനിൽ നിന്ന് വിളിക്കുകയും ചെയ്യും. ലൊക്കേഷനിലെ കുഞ്ഞുകുഞ്ഞു സംഭവങ്ങൾ പോലും പങ്കുവയ്ക്കുന്ന നീരജ് അതുകൊണ്ട് തന്നെ അകലത്തായാലും അമ്മയുടെ അടുത്താണ്.




**സിനിമയുടെ തിരക്കുകളിലേക്ക് എത്തും മുൻപ് യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങളിലും പരിപാടികളും സജീവമായി പങ്കെടുത്തിരുന്നു നീരജ്. സിനിമയിലെ തിരക്കുകൾ കാരണം ഇപ്പോൾ എത്തിപ്പെടാൻ കഴിയാറില്ലെന്നുമാത്രം. കോട്ടയത്തു നടന്ന സംസ്ഥാന സമ്മേളനത്തിൽ കലാപരിപാടികളുടെ ഉദ്ഘാടകനും നീരജ് ആയിരുന്നു.**

നീരജിന്റെ സിനിമകളെല്ലാം കണ്ടിട്ടുണ്ട് അമ്മ. സംവിധാനം പഠിച്ച നീരജ് സിനിമാ സംവിധായകനാവുന്നത് കാണാനും ആഗ്രഹിക്കുന്നുണ്ട്. ഡാൻസർ, കൊറിയോഗ്രാഫർ, നടൻ, സ്ക്രിപ്റ്റ് റൈറ്റർ തുടങ്ങിയതെല്ലാം ആ വലിയ പടിയിലെത്താനുള്ള ചെറിയ ചുവടുകൾ. അങ്ങനെ വിശ്വസിക്കാനാണ് ഈ അമ്മയ്ക്കിഷ്ടം. ആ സ്വപ്നം സഫലമാക്കാൻ ഈശ്വരൻ സഹായിക്കട്ടെ.

മീനത്തിലെ ഉത്രട്ടാതിയിലാണ് ജനനം. മീനത്തിലെ സൂര്യനാവാൻ സ്വസ്തിയുടെ പ്രാർത്ഥനകൾ.

●

# ശാന്തിക്കാർക്കും വേളി തരാവും



സഹധർമ്മശ്ചര്യതാം എന്ന വേളി മന്ത്രത്തിന് അർത്ഥമില്ലാഞ്ഞിട്ടല്ല, ആ ധർമ്മം ആചരിക്കാൻ നമ്പൂതിരിപ്പെൺകിടാങ്ങൾ തയ്യാറാവാത്തതാണ് സമകാലിക വിഷയം. ശാന്തിവൃത്തിയാണ് നമ്പൂതിരിയുടെ ധർമ്മമെങ്കിൽ അതിനൊപ്പം സഹധർമ്മത്തിന് തയ്യാറില്ലെന്ന് കുറച്ചു വർഷമായി പെൺകുട്ടികൾ പറയുന്നു. ഓരോ നമ്പൂതിരിയുടെയും തൊട്ടടുത്ത് തന്നെയുണ്ടാവും ശാന്തിക്കാരായതിനാൽ വേളി തരാവാത്ത ചില ചെറുപ്പക്കാർ. ഈ സാഹചര്യത്തിൽ ചില ശാന്തിക്കാരെ പരിചയപ്പെടുത്തുകയാണ് സ്വസ്തി. വേളി കഴിയാത്തവരെയല്ല. കഴിഞ്ഞവരെ.

അവരാരും കുചേലബ്രാഹ്മണരല്ല. ശാന്തിയെന്ന തൊഴിൽ മേഖലയിൽ നിന്ന് എല്ലാ ആധുനികസൗകര്യങ്ങളും നേടിയെടുത്തവർ. ബാംഗളൂരിൽ 20000 രൂപയുടെ സോഫ്റ്റ് വെയർ എൻജിനീയർ ആവുന്നതിനേക്കാൾ പതിന്മടങ്ങ് നല്ലത് നാട്ടിലെ ശാന്തിയാണെന്ന് തിരിച്ചറിഞ്ഞവരും നമ്മുടെ ഇടയിലുണ്ട്. ചില പ്രവണതകൾ മാറി വരുന്നുണ്ട്. നല്ലലക്ഷണങ്ങൾ പ്രകടമാവുന്നുമുണ്ട്. മറ്റു ജോലിക്കാരേക്കാൾ നന്നായി ജീവിക്കുന്ന ശാന്തിക്കാരും നമ്മുടെ ഇടയിലുണ്ട്.

മുമ്പ് പഠിക്കുമ്പോൾ ശാന്തി കഴിച്ചിരുന്ന നമ്പൂതിരി യുവാക്കളുണ്ടായിരുന്നു. ഇനി വേണ്ടത് ശാന്തി കഴിക്കുമ്പോൾ പഠനം നിർത്താത്ത യുവാക്കളെയാണ്. ഇപ്പോൾ പലരും പത്താം ക്ലാസിൽ പഠനം നിർത്തി ശാന്തിക്കു പോവുകയാണ് .നമ്മുടെ ആൺകുട്ടികൾക്ക് എളുപ്പം കാശുണ്ടാക്കാവുന്ന ഉപജീവനമാർഗ്ഗമായി ശാന്തി മാറിയപ്പോൾ പെൺകുട്ടികൾ ബി.ടെക്കും എം.എയും മറ്റും കഴിഞ്ഞ് വിദ്യാഭ്യാസത്തിന്റെ മറ്റൊരു തലത്തിലെത്തി. സഹധർമ്മം സാദ്ധ്യമല്ലാത്ത വിധം ആ കുട്ടികൾ വളർന്നു. അതിന്റെ സാമൂഹ്യപ്രശ്നം തിരിച്ചറിയേണ്ടത് നമ്പൂതിരി യുവാക്കളാണ് . യുവതികളല്ല.

അടുത്ത പേജിൽ വായിക്കുക

ശാന്തിക്കാർക്കും വേളി തരാവും

1

- ഉപനയനം കഴിഞ്ഞപ്പോൾ മുതൽ തളിയുടെ തട്ടകത്ത്
- ചെന്നൈയിൽ പഠിക്കാൻ ചെന്നപ്പോൾ മുട്ടുശാന്തി
- ദുബായിൽ പണിക്കു ചെന്നപ്പോൾ മേശാന്തിയുടെ പരികർമ്മി
- ശാന്തിവേഷത്തിൽ ഉപേക്ഷിച്ചത് ഐ.ടി. ജീവിതം

# മാസ്റ്റർ ഓഫ് ശാന്തിയുടെ മിസ്സിസ് !

**കെ.എം.പരമേശ്വരൻ**



'ആറാം ക്ളാസിൽപഠിക്കുമ്പോഴാണ് ഒപിനിച്ചത്. അന്ന് തുടങ്ങിയതാണ് ശാന്തിപ്പണി. ഇപ്പോഴും രാവിലെ 5 മണി മുതൽ 11 വരെ തളി അമ്പലത്തിലാണ് . തളിയാണ് തട്ടകം. '

പറയാൻ ഒട്ടും മടിയില്ല താമരക്കുളംധനേഷിന്. എം. ബി. എ യെന്നാൽ ബിസിനസ് അഡ്മിനിസ്ട്രേഷൻ. പക്ഷേ, ധനേഷിന് ശാന്തി ചെയ്യാൻ എം. ബി. എ ഒട്ടും തടസ്സമല്ല. ഇതൊരു രണ്ടാം നമ്പർ പരിപാടിയാണെന്ന് തോന്നിയിട്ടുമില്ല. ഭാര്യ ഗീതയ്ക്കുമില്ല ആ തോന്നൽ. 'നല്ല സംസ്കാരവും സൽസ്വഭാവവുമുള്ള ആളാണെങ്കിൽ ശാന്തിക്കാരനായാലും' പിടിച്ചു കൊടുക്കാൻ ഗീതയുടെ അച്ഛന് ഒട്ടും വിരോധമില്ലായിരുന്നു. കാൽ ഭാഗം അധ്വക്കറ്റും മുക്കാൽ ഭാഗം തേവാരിയുമാണ് ഗീതയുടെ അച്ഛൻ എൻ.ടി. മാധവൻ നമ്പൂതിരി. അങ്ങനെയൊരാൾ മുഴുവൻ സമയതേവാരിയെ മകൾക്ക് കണ്ടെത്തിയില്ലെങ്കിലേ അദ്ഭുതമുള്ളൂ.

'തേവാരം ഉള്ള ജീവിതമാണ് അവളും ആഗ്രഹിച്ചത് ' എന്ന് ധനേഷ് പറയുന്നത് ആ കുടുംബത്തിന്റെ മനസ്സറിഞ്ഞു തന്നെയാണ്.

ധനേഷിന്റെ അച്ഛൻ താമരക്കുളം വാസുദേവൻ നമ്പൂതിരിയും ശാന്തിക്കാരനാണ്. എന്നു വച്ച് എട്ടാം ക്ളാസും ഗുസ്തിയുമല്ല ധനേഷ്. പ്രൊഫഷണൽ ബിരുദമായ എം.ബി.എ കഴിഞ്ഞിട്ടും ശാന്തി ഉപേക്ഷിക്കാത്ത ആളാണെന്നു മാത്രം. എന്തിന് , ദുബായിൽ പോയിട്ട് അവിടെപ്പോലും ശാന്തി കൈവിടാത്ത ആൾ. കോഴിക്കോട്ടെ പ്രശസ്തമായ തളിക്ഷേത്രത്തിലെ തിരുമുറ്റത്താണ് കഴിഞ്ഞു പോരുന്നത്. അച്ഛനു പകരക്കാരനായും അല്ലാതെ

യും. പിന്നെ പുറത്ത് ആവശ്യം വരുമ്പോൾ അവിടെയും. പൂജയും പരികർമ്മവുമെല്ലാം ചെറിയപ്രായത്തിലേ നല്ല വശം.

ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ബി.കോം കഴിഞ്ഞ് ഒരു ഐ.ടി കോഴ്സിന് ചേർന്നു.അതിന്റെ ഫൈനൽ സെമസ്റ്ററിന് ചെന്നൈയിൽ പോയി. താമസം കെ. കെ നഗറിൽ. പഠനത്തോടൊപ്പം അവിടത്തെ അയ്യപ്പക്ഷേത്രത്തിൽ ജോലിയും. രാവിലെ 5 മുതൽ 10.30 വരെ ക്ഷേത്രത്തിൽ .പിന്നെ പഠനം.ഇതായിരുന്നു രീതി. പിന്നെ ചെന്നൈയിൽ സോഫ്റ്റ് വെയർ കമ്പനിയിൽ ജോലി കിട്ടി.അപ്പോഴും അയ്യപ്പക്ഷേത്രത്തിൽ ജോലി തുടർന്നു.

''എം.ബി.എ കഴിഞ്ഞ് ദുബായിൽ ഒരു അഡ്വർടൈസിംഗ് കമ്പനിയിൽ ജോലിചെയ്തു. രണ്ട് കൊല്ലം.അവിടെ വെള്ളിയും ശനിയും അവധിയാണ്. 2006 വൃശ്ചികത്തിലായിരുന്നു അവിടെ എത്തിയത്. മുൻശബരിമല മേശാന്തി അവിടെ പൂജയ്ക്ക് വന്നു. പരികർമ്മത്തിന് ആളില്ല. നമ്പൂതിരി ആയതു കൊണ്ട് എന്നോട് പരികർമ്മം പറ്റുമോ എന്ന് ചോദിച്ചു. ധാരാളം പരിചയമുള്ളതിനാൽ ഒട്ടും പരിഭ്രമിച്ചില്ല. അദ്ദേഹത്തിന് നന്നെ ബോധിച്ചു. ഒട്ടനവധി പൂജകളിൽ എന്നെ പരികർമ്മിയാക്കി. അതോടെ വെള്ളിയും ശനിയും ഒഴിവില്ലാതായി. ഫ്ളാറ്റുകളിലെ ഗണപതിപൂജ (അവിടെ ഗണപതി ഹോമം നടത്താൻ പറ്റില്ല) സ്ഥിരമായി. ആ മണ്ഡലം സീസൺ മുഴുവൻ ദുബായിലെ വലിയ പൂജാരിയായി. പിന്നെ അവിടത്തെ ജ്യോതിഷികൾ എന്നെ ഒഴിവു കാണാൻ തുടങ്ങി . ഒഴിവു സമയം തികയാതെ വന്നു. സ്ഥാപനത്തിൽ നിന്ന് കിട്ടുന്നതിനേക്കാൾ വരുമാനം പൂജയിൽ നിന്നായി.''

''ശാന്തി പ്രൊഫഷനിൽ വന്ന് കഴിഞ്ഞാൽ ലോകത്തെവിടെയും വൻ ഡിമാൻഡാണെന്ന് ചെന്നൈയിലും ദുബായിലും ശാന്തിക്കാരനെന്ന നിലയ്ക്ക് ലഭിച്ച സ്വീകാര്യത എന്നെ ബോധ്യപ്പെടുത്തി. നന്നായി പൂജ അറിയുന്നവർക്ക് എന്നും തിരക്കാണ്. ചെന്നൈയിലും ദുബായിലും ഞാൻ പൂജ കഴിക്കാനല്ല പോയത്.എന്നാൽ രണ്ടിടത്തും പൂജയിൽ നിന്നാണ് കൂടുതൽ വരുമാനം ലഭിച്ചത്.''

ആ ഒറ്റക്കാരണം കൊണ്ട് തന്നെ ധനേഷ് ഒരു തീരുമാനമെടുത്തു. ജീവിതത്തിൽ എന്തുജോലി ലഭിച്ചാലും ശാന്തി കൈവിടില്ല.ചെന്നൈ , ദുബായ്, ഹൈദരാബാദ്, കോയമ്പത്തൂർ,ബാംഗളൂർ തുടങ്ങി വിവിധ നഗരങ്ങളിൽ ശാന്തി ചെയ്തിട്ടുണ്ട്. ഇപ്പോൾ സ്വന്തം തട്ടകത്തിൽ തിരിച്ചെത്തിയിരിക്കുന്നു. തളിയിൽ. അത് വെറുതെയങ്ങ് എത്തിയതല്ല. വേറെ ചിലത് വേണ്ടെന്ന് വച്ചിട്ടാണ്.

**ശാന്തി പ്രൊഫഷനിൽ വന്ന് കഴിഞ്ഞാൽ ലോകത്തെവിടെയും വൻ ഡിമാൻഡാണ്. ചെന്നൈയിലും ദുബായിലും ഞാൻ പൂജ കഴിക്കാനല്ല പോയത്. എന്നാൽ രണ്ടിടത്തും പൂജയിൽ നിന്നാണ് കൂടുതൽ വരുമാനം ലഭിച്ചത്.**

ഇന്ത്യയിലെ ഐ.ടി. ആസ്ഥാനമെന്നു പറയുന്ന ബാംഗ്ലൂരിൽ 'ഇൻഫോസിസ്', 'ഐഗെയ്റ്റ്' പോലുള്ള അതിപ്രശസ്ത സ്ഥാപനങ്ങളിൽ ജോലി ചെയ്തു വന്ന നമ്പൂതിരി ദമ്പതികൾ ആ ജോലി വേണ്ടെന്നു വെച്ച് കോഴിക്കോട് തളിയിലെ ഇല്ലത്തേക്കു മടങ്ങിയതിനെ 'നമ്പൂരിവിഡ്ഢിത്ത'മെന്നേ പറയൂ. തളിയിലെത്തിയാൽ പൂജാതന്ത്രാദികളിൽ അച്ഛനെ സഹായിക്കലാണ് പ്രധാന പണി. പിന്നെ മുട്ടുശാന്തിയും പരികർമ്മവും മറ്റും. അതിനൊട്ടും മടിയില്ല.

കമ്പ്യൂട്ടർ സയൻസിൽ രണ്ടാം റാങ്കോടെ പാസായ ആളാണ് ഭാര്യ ഗീത. വേളി സമയത്ത് ബാംഗ്ളൂരിലായിരുന്നു ഗീതയ്ക്ക് ജോലി. രണ്ടു വർഷത്തെ ബോണ്ട് ഉണ്ടായിരുന്നതിനാൽ അവിടെ നിൽക്കേണ്ടി വന്നു. ധനേഷ് ബി.കോമും ഐ. ടിയും എം.ബി.എയും കഴിഞ്ഞ ആളായതിനാൽ ബാംഗളൂരിൽ ജോലി



യ്ക്ക് ഒട്ടും ബുദ്ധിമുട്ടിയില്ല. പക്ഷേ, രണ്ടാളും ബാംഗളൂരിലെ 'ആഷ് പുഷ്' ജീവിതമല്ല ആഗ്രഹിച്ചത്.

അച്ഛനമ്മമാരുടെ സ്നേഹ പരിലാളനങ്ങൾക്കിടയിൽ കഴിയാനാണ് ഇരുവർക്കും ഇഷ്ടം. അകാല ചരമമടഞ്ഞ ഒരു ചേച്ചി ധനേഷിനുണ്ടായിരുന്നു. വാർദ്ധക്യത്തിൽ അച്ഛനമ്മമാർക്കു തുണയായി തങ്ങളുണ്ടാവണമെന്നും പേരക്കുട്ടികൾ മുത്തശ്ശിമാരുടേയും മുത്തശ്ശൻമാരുടേയും പരിലാളനകളനുഭവിച്ചു വളരണമെന്നും അവർക്കു തോന്നി.

അതിനു പറ്റിയത് തളിയിലെ ക്ഷേ

ത്രാങ്കണം തന്നെയാണ്.

ആ തിരിച്ചറിവാണ് വീണ്ടും നാട്ടിലെത്തിച്ചത്. ബോണ്ട് കാലാവധി കഴിഞ്ഞതും ഗീതയെയും കൂട്ടി ധനേഷ് നാട്ടിലെത്തി. സഹധർമ്മിണിയുമായി ചേർന്ന് മാതാപിതാക്കളുടെ ഒത്താശയോടെ എന്തെങ്കിലും നൂതന സംരംഭങ്ങൾ ആരംഭിച്ചാലോ എന്ന ആലോചനകളും ഉണ്ടായി.

സഹകരണ ബാങ്കിൽ ലഭിച്ച ഉദ്യോഗം മാനസികമായി പൊരുത്തപ്പെടാനാവാതെ രാജിവെച്ച് ചില വ്യവസായ സംരംഭങ്ങളിൽ പങ്കാളിയായി ഒരു കൈനോക്കലുമുണ്ടായി. അവർ ആഗ്രഹിക്കുന്ന 'ഇൻവെസ്റ്റ്മെന്റ്' തങ്ങളുടെ കൊക്കിലൊതുങ്ങുന്നതല്ലെന്ന് ബോദ്ധ്യമായതോടെ അവയോടും സലാം പറഞ്ഞൊഴിഞ്ഞു.

തളിക്ഷേത്ര പരിസരത്ത് അച്ഛന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകക്കാർ ഒഴിഞ്ഞ സന്ദർഭം. അവിടത്തെ പരിമിതമായ സ്ഥല സൗകര്യം മതിയാവുന്ന, മനസ്സിനിണങ്ങിയ വ്യവസായ സംരംഭത്തിന്റെ ആശയം കിട്ടി. കേരളത്തിൽ സുലഭമായ നമ്മുടെ നിത്യജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്തതുമായ നാളികേരമാണ് 'റോ മെറ്റീരിയൽ'. ചിരകിയ തേങ്ങയും വെന്ത വെളിച്ചെണ്ണയും ആകർഷകമായ പാക്കറ്റുകളിലാക്കി ആവശ്യക്കാർക്കു എത്തിച്ചു കൊടുക്കുക. അമ്മാമന്റെ മകൻ വിഷ്ണു പാലപ്പിള്ളിയും ഖത്തറിൽ ഉദ്യോഗമുള്ള മരുമകൻ വിപിനുമായിരുന്നു പങ്കാളികളും പ്രധാന ഒത്താശക്കാരും.

കോഴിക്കോട്ടെ ഫ്ളാറ്റുകൾ തോറും കേറിയിറങ്ങി സർവ്വെ നടത്തി. ആവശ്യക്കാരെ കണ്ടെത്തി. ഉല്പനങ്ങൾ കൊണ്ടുപോയിക്കൊടുത്തു. ചകിരിയും ചിരട്ടയും പോലുള്ള 'വെയിസ്റ്റുകൾ' ഒഴിവായതിന്റേയും തേങ്ങചിരകൽ എന്ന 'അദ്ധ്വാനം' വേണ്ടാതായതിന്റേയും ആശ്വാസം ഫ്ളാറ്റുവാസികൾക്ക് 'ക്ഷ' ബോധിച്ചു.

GO ORGANIC എന്ന ബ്രാൻഡ് പേരോടെയാണ് ഉല്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കിയിരിക്കുന്നത്. ജി.ഒ. എന്നീ ഇംഗ്ലീഷ് അക്ഷരങ്ങൾ ഉടച്ച തേങ്ങയുടെ രണ്ടു പൊളികളായി രൂപകല്പന ചെയ്തു. ഹിന്ദു ഇക്കണോമിക് ഫോറം പോലുള്ള കൂട്ടായ്മകളിലും ധനേഷ് താമരക്കുളം സജീവാംഗമാണ്. അനുകരണങ്ങളും കിടമത്സരങ്ങളും എമ്പാടുമുള്ള മാർക്കറ്റിൽ പിടിച്ചു നിൽക്കാൻ സമാന മനസ്കരുടെ കൂട്ടായ്മകൾ കൊണ്ടേ സാദ്ധ്യമാവൂ എന്നതാണ് പരമാർത്ഥം.

സഹായികളായി മൂന്നു പേരുണ്ട്. രാവിലെ 9 മണി മുതൽ 6 മണിവരെ പ്രവർത്തന സമയം. പാലടയോടും പാൽപ്പായസത്തോടും കിടപിടിക്കുന്ന ഇടിച്ചുപിഴിഞ്ഞ പായസമുണ്ടാക്കണമെന്ന താല്പര്യക്കാർക്ക് നാളികേരപ്പാൽ വേണമെങ്കിൽ വരാം– തളിയിലെ ഓർഗാനിക്കിലേക്ക്. വിളിക്കാം ധനേശ് താമരക്കുളത്തെ (മൊബൈൽ: 8891738223)

30 സൂപ്പർമാർക്കറ്റുകളിലും ഷോപ്പുകളിലുമായി കോഴിക്കോട് നഗരത്തിൽ 'ഗോ ഓർഗാനിക്' ഉല്പന്നങ്ങൾ ഇപ്പോൾ ലഭ്യമാണ്. ഫോണിൽ ആവശ്യക്കാരുടെ വിളി വന്നാൽ ബൈക്കിൽ GOORGANIC ഉല്പന്നങ്ങളുമായി ധനേശ് യാത്രയാവുകയായി. ബുള്ളറ്റാണ് ബൈക്ക്. ഫോർഡ് എൻഡവർ കാറും. ഐ ഫോണും ലാപും എല്ലാം ഉപയോഗിക്കുന്ന ധനേഷ് മുറുകെ പിടിക്കുന്ന ഒന്നേയുള്ളൂ. ക്ഷേത്രവും ദേവന്മാരുമായുള്ള കൂട്ട്.




മുന്നോക്ക മുന്നണി, യോഗക്ഷേമസഭ എന്നിവയുടെ സംസ്ഥാന നേതൃനിരയിൽ പ്രവർത്തിച്ചു വന്ന താമരക്കുളം വാസുദേവൻ നമ്പൂതിരിയുടേയും തെക്കൻ കുറ്റൂർ പാലപ്പിള്ളി ഇല്ലത്തെ പാർവ്വതി ടീച്ചറുടെയും ഏകമകനാണ് ധനേഷ്. കോഴിക്കോട്ടെ സീനിയർ അഭിഭാഷകൻ എൻ.ടി. മാധവൻ നമ്പൂതിരിയുടേയും പേരൂർ ഇല്ലത്തെ പാർവ്വതി അന്തർജ്ജനത്തിന്റേയും മകളാണ് ധനേശിന്റെ സഹധർമ്മിണി സാവിത്രി എന്ന ഗീത. അഞ്ചു വയസ്സുകാരി ഗൗരിപാർവ്വതി (മാളു) യും ഒരു വയസ്സു കഴിഞ്ഞ രുദ്രൻ വാസുദേവനും (കുഞ്ചു) ഇവരുടെ മക്കൾ.

കുട്ടികൾക്ക് കുഞ്ഞു നാളിലെ ഉണ്ടാവുന്ന ഇഷ്ടങ്ങൾ ജീവിതത്തിൽ അവരെ ഒരുമിപ്പിക്കും എന്നതിന് ഉദാഹരണമാണ് ധനേശനും ഗീതയും. ചാലപ്പുറം ഗണപത് ബോയ്സ് സ്കൂളിലാണ് ധനേശന്റെയും ഗീതയുടേയും എൽ.കെ.ജി. വിദ്യാഭ്യാസത്തിന്റെ തുടക്കം. സീനിയർ, ജൂനിയർ വിദ്യാർത്ഥികളായി. ഏഴാം ക്ലാസു വരെ അവിടെ ഗീതയുണ്ടായിരുന്നു. അച്ഛനമ്മമാരുടെ പ്രായാധിക്യവും രോഗങ്ങളും കാരണം മാധവൻ നമ്പൂതിരി തളിയിലെ താമസം വെള്ളലശ്ശേരിക്കു മാ?റ്റിയപ്പോൾ ഗീതയുടെ ഹൈസ്കൂൾ പഠനം ചാത്തമംഗലം സ്പ്റിംഗ് വാലിയിലായി.

അവിടെ നിന്ന് പ്ലസ് ടു പാസായി കോഴിക്കോട് ഐ..എച്ച്. ആർ.ഡിയിൽ കമ്പ്യൂട്ടർ സയൻസ് ബി.എസ്.സി. ബിരുദ പഠനം രണ്ടാംറാങ്കിൽ പാസായി കാമ്പസ് സെലക്ഷൻ ആയി. ഐഗെയ്റ്റിലും വിപ്രോവിലും ഒരേ സമയം ജോലിക്ക് ഓഫർ.വിപ്രോയിൽ നാലു വർഷം ജോലി ചെയ്യുമെന്ന് ബോണ്ടു വേണം. ഐഗെയ്റ്റിൽ രണ്ടു വർഷത്തെ ബോണ്ടു മതി. അതു സ്വീകരിച്ചു. 2009 നവംബർ മുതൽ 2011 നവംബർ വരെ ബാംഗ്ലൂരു പ്രവാസം.

ഗീതയ്ക്ക് ജോലിയായതോടെ അച്ഛൻ വിവാഹാലോചനകൾ തുടങ്ങി. ചിലതിനെക്കുറിച്ച് മകളുടെ അഭിപ്രായവും തേടാൻ തുടങ്ങി. നല്ല സംസ്കാരവും സൽസ്വഭാവവുമുള്ള ശാന്തിക്കാരനായാലും അച്ഛന് സമ്മതമാണെന്ന് പറഞ്ഞിട്ടുമുണ്ട്. ജാതകം യോജിക്കണമെന്ന നിർബന്ധമേ ഉണ്ടായിരുന്നുള്ളൂ.

16000 രൂപയായിരുന്നു ബാംഗ്ലൂരുവിലെ ജോലിക്കാലത്തു പ്രതിമാസ ശമ്പളം. ഇന്ന് മൂന്നു പേർക്കാണെങ്കിലും ശമ്പളം കൊടുത്ത് സഹായിക്കാൻ തങ്ങളുടെ സ്റ്റാർട്ടപ്പ് സംരംഭം കൊണ്ടു കഴിയുന്നുണ്ടെന്ന കൃതാർത്ഥതയിലാണ് ധനേശും ഗീതയും.

ചിലപ്പോൾ ബാംഗ്ലൂരു ജോലിയുടെ ഗ്ലാമർ ഗീതയുടെ മനസ്സിലേക്ക് ഓടി വരാറുണ്ട്. അതിന്റെ സൈ്വരക്കേടു മാറ്റാൻ പി.എസ്.സി. കോച്ചിംഗിനു പോയി. പരീക്ഷയെഴുതി. ഇപ്പോൾ നിയമനം കാത്തിരിക്കുകയാണ് ഗീത.

●

ശാന്തിക്കാർക്കും വേളി തരാവും

2

“മകൾ മെഡിസിന് പഠിക്കുകയാണ്. ഡോക്ടർമായായ നമ്പൂതിരിമാരുണ്ടെങ്കിൽ ഒന്ന് പറയണേ.” ഇങ്ങനെ പറഞ്ഞില്ല പൂങ്കുടിൽ ജാതവേദൻ നമ്പൂതിരി. പ്രിയയാകട്ടെ വേളിക്കാരനെപ്പറ്റി കടുത്ത നിലപാടുമെടുത്തില്ല. പൂജ ഒരു മോശം തൊഴിലായി തോന്നാത്തതിനാൽ തന്ത്രിയെ വേൾക്കുന്നതിൽ ഒട്ടും വേവലാതിയുമുണ്ടായില്ല.

ലക്ഷം രൂപ മാസവരുമാനമുള്ള ശാന്തിക്കാരൻ വന്നാലും വേളിക്ക് തയ്യാറാവാതെ ഓട്ടോ ഡ്രൈവർക്കും ബസിലെ കിളിയ്ക്കുമൊപ്പം ജീവിയ്ക്കാനുറച്ച പെൺകുട്ടികളുണ്ട് നമുക്കിടയിൽ. അവരെപ്പോലുള്ള പെൺകുട്ടികളും അവരുടെ രക്ഷിതാക്കളും കാണേണ്ടതാണ് ഈ ജീവിതം.

# ആത്തേമ്മാര് ഡോക്ടറാണ്

**പദ്മനാഭൻ നമ്പൂതിരി**

മെഡിസിനു പഠിക്കുകയായിരുന്നു പ്രിയ. അപ്പോഴാണ് ആദ്യമായി ഒരാലോചന വന്നത്. അയാളും ഡോക്ടറാണ് . ചേരുംപടിയുള്ള ചേർച്ച. അച്ഛൻ ജാതവേദൻ നമ്പൂതിരിയ്ക്കോ അമ്മ ഗായത്രിയ്ക്കോ അധികം ആലോചിക്കേണ്ടി വന്നില്ല . ഒന്നുമാലോചിക്കാതെ സമ്മതം മൂളാവുന്ന കേസ്. പക്ഷേ, ആ സമയത്ത് മൈസൂരിലായിരുന്നു പ്രിയ. മാത്രമല്ല കോഴ്സ് കഴിയാൻ നാലു കൊല്ലം കൂടിയുണ്ട് . അവളുടെ അഭിപ്രായം കൂടി അറിയാതെങ്ങനെ? എതിരൊന്നും കാണില്ലെന്ന് ഉറപ്പാണ്, എന്നാലും.

“പഠിത്തം കഴിയട്ടെ” അതായിരുന്നു മറുപടി. പഠിക്കുന്നതിനിടെ കല്യാണം കഴിഞ്ഞ് ക്ളാസിൽ ഉഴപ്പിയ കൂട്ടുകാരികളെ അറിയാം. അതെന്തായാലും വയ്യ.

പിന്നെയും ഒന്നുരണ്ടു വർഷം കഴിഞ്ഞു. വയസ്സ് 24 ആയി. പെൺകുട്ടികൾക്ക് അത് പ്രായക്കൂടുതലാണ്. രക്ഷിതാക്കളുടെ മനസ്സിൽ ആധി നിറയുന്ന പ്രായം. ആദ്യം ആലോചനയുമായി വന്ന ആ ഡോക്ടറുടെ വേളിയെല്ലാം അപ്പോഴേക്കും കഴിഞ്ഞിരുന്നു.

ഇനി ഡോക്ടർ വരുമോ ആവോ? രക്ഷിതാക്കൾക്കാണ് ആശങ്ക. രണ്ടാൾക്കും ഒരേ ജോലിയായാൽ നല്ലതാണ്.

പക്ഷേ, പിന്നെ വന്നത് ഡോക്ടറല്ല. ബാംഗളൂരിലെ എൻജിനീയറായിരുന്നു.



മെയ്ഡ് ഫോർ ഈച്ച് അദർ

മറുപടി പഴയതു തന്നെ.

''പഠിത്തം കഴിയട്ടെ''.

ഒരു കൊല്ലം കൂടി ബാക്കിയുണ്ട്. അച്ഛനമ്മമാർ ആലോചന തുടർന്നു. പഠിത്തം കഴിയുമ്പോഴേക്ക് നല്ലൊരാളെ കിട്ടാൻ. പക്ഷേ, മാർക്കറ്റിൽ ചെന്ന് സാധനം വാങ്ങുന്ന പോലെ കിട്ടുന്ന ഒന്നല്ലല്ലൊ. മാത്രമല്ല ജാതകവും ചേരണം. അവർക്കും സമ്മതമാവണം. ബാക്കി കാര്യങ്ങളിലും യോജിപ്പ് വേണം. എളുപ്പമല്ല ഒന്നും .എങ്കിലും ശ്രമം തുടർന്നു.

ഒടുവിൽ ബി.എ.എം.എസ് കഴിഞ്ഞു. പ്രിയ ഡോക്ടറായി. നല്ലൊരു ആലോചന വരണേ. അതായിരുന്നു പ്രാർത്ഥന. വന്നത് നല്ലതു തന്നെ. പക്ഷേ, ഡോക്ടറുടെ നിലയ്ക്കും വിലയ്ക്കും യോജിച്ചതാണോന്ന് ഒരു സംശയം. ഇത്തവണ ഒരു ക്ഷേത്രം തന്ത്രിയുടേതായിരുന്നു ആലോചന. ഡോക്ടറായ മകളെ എങ്ങനെ ഒരു ശാന്തിക്കാരന് പിടിച്ച് കൊടുക്കും? അച്ഛന് ആശങ്കയായി,അമ്മയ്ക്കും.

ഇല്ലം വലുതായതുകൊണ്ടോ പാരമ്പര്യമുള്ളതുകൊണ്ടോ കാര്യമില്ല. ജോലിക്ക് ജോലി തന്നെ വേണം. സാധാരണക്കാരന്റെ യുക്തി തന്നെയായിരുന്നു അച്ഛന്.

''നെനക്ക് ജോലിയുള്ള ആള് വേണ്ടേ?'' മകളോട് ചോദിച്ചു.

''അച്ഛൻ എന്താ ചെയ്യണേ?'' പ്രിയയുടെ ചോദ്യത്തിൽ നിരവധി ഉത്തരങ്ങളുണ്ടായിരുന്നു.
മന്ത്രവാദവും വൈദ്യവുമൊക്കെയാണ് ആ അച്ഛന്റെ ജോലി . അതാണ് പൂങ്കുടിലിലെ പാരമ്പര്യം. 'ജോലി'യില്ലാത്തതുകൊണ്ട് ഒന്നിനും ഒരു കുറവുണ്ടായിട്ടില്ല. ഇത്രയും തലമുറ ജീവിച്ചു പോന്നതും ഇപ്പോൾ മെഡിസിന് പഠിച്ചതും ആ 'ജോലി'യിലെ വരുമാനം കൊണ്ടാണ്.

പക്ഷേ, കാലം മാറുകയാണ്.പുതിയ തലമുറയിലെ പെൺകുട്ടിയാവുമ്പോൾ... അതും പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ ആളാവുമ്പോൾ...ന്യൂജെൻ മനസ്സാണ് പുതിയ കുട്ടികളുടേത്. ശാന്തിക്കാരനും ഡോക്ടറും തമ്മിൽ യോജിപ്പുണ്ടാവാൻ വയ്യ.

''എന്തായാലും നന്നായി ആലോചിക്ക്യ.'' ഒരു മാസത്തെ സമയം കൊടുത്തു അച്ഛൻ .

രണ്ടാളും പ്രാക്ടീസ് ചെയ്തതു കാരണം കുട്ടികളെയും കുടുംബത്തെയും ശ്രദ്ധിക്കാതെ ജീവിക്കാൻ മറന്നുപോയ എത്രയോ ഡോക്ടർമാരുടെ അനുഭവങ്ങളുണ്ട്. ഒരാശങ്കയും തോന്നിയില്ല പ്രിയയ്ക്ക്. തന്ത്രവിദ്യാപീഠത്തിൽ നിന്ന് ഏഴു വർഷത്തെ കോഴ്സ് കഴിഞ്ഞ ആൾ. പോരാത്തതിന് പാരമ്പര്യമായി നിരവധി തന്ത്രമുള്ള പാടേരി ഇല്ലത്തെ ഇളം തലമുറ. വ്യത്യസ്തമായ തൊഴിൽ മേഖലയിൽ എക്സലൻസ് കാണിക്കുന്ന ചെറുപ്പക്കാരനെയാണ് നവീൻ ശങ്കറിൽ പ്രിയ കണ്ടത്.

പക്ഷേ, അയൽവാസികൾ ചോദിച്ചു.

''എന്താ അമ്മോ ഇത്, നിയ്യ് ഇത്രയും പഠിച്ചില്ലേ? പൂജയൊക്കെ ഒരു ജോലിയാണോ?''

കുഴക്കുന്നതായിരുന്നു ചോദ്യങ്ങളെല്ലാം.

''വേളി കഴിക്ക്ണ ആളും നല്ല പഠിപ്പ്ള്ള ആളാ. സംസ്കൃതം എം.എയാ.'' ആ മറുപടിയിലൊന്നും അവർ തൃപ്തരായില്ല. ''കഷ്ടം ,ഇത്രയൊക്കെ പഠിച്ചിട്ടും....'' പ്രിയ കേൾക്കാതെ അവർ പറഞ്ഞു കൊണ്ടേയിരുന്നു.

അതൊന്നും അത്ര വലിയ കാര്യമായി തോന്നിയില്ല .

പക്ഷേ, നിശ്ചയിക്കാറായപ്പോഴാണ് കുഴങ്ങിപ്പോയത്. മറ്റുള്ളവർ ചോദിച്ച അതേ ചോദ്യം വേളിക്കാരനിൽ നിന്ന് . പണ്ട് പാർവതിയെ കുഴക്കിയ പരമശിവനെപ്പോലെ.

''എന്റെ ജോലി അറിയാലോ?''

തന്ത്രവും പൂജയുമൊക്കെയാണെ

**''ഇല്ലത്തെത്തുമ്പോൾ ഞങ്ങൾ തന്ത്രിയോ ഡോക്ടറോ അല്ല''**



ഒരു ക്ഷേത്രത്തിലെ ഉത്സവത്തിനിടയിൽ നവീൻ



ആശുപത്രിയിലെ ഏപ്രൺ അണിഞ്ഞ് പ്രിയ

**നവീകരണകലശത്തിലെ സംഹാരക്രിയ ഡോക്ടർമാരുടെ ശസ്ത്രക്രിയ തന്നെയാണ്. അനസ്തേഷ്യ കൊടുത്ത് ബോധത്തെ മാറ്റി നിർത്തി ശരീരത്തിൽ അറ്റകുറ്റപ്പണി നടത്തുന്നതാണല്ലൊ അത്. ബിംബത്തിലെ ജീവനെ കലശത്തിലേക്ക് ആവാഹിച്ച് ബിംബത്തിൽ ഗോളകയിറക്കുന്നതും മറ്റും ഇതു പോലെതന്നെയാണ്. പഞ്ചഭൂതാത്മകം തന്നെയാണ് രണ്ടും. ഇവരുടെ പ്രയോഗം സ്ഥൂലശരീരത്തിലെങ്കിൽ തന്ത്രിയുടേത് സൂക്ഷ്മശരീരത്തിൽ... നിർത്താനുള്ള തുടക്കമായിരുന്നില്ല നവീന്റേത്.**

**''തന്ത്രിമാർക്ക് രാവിലെ മൂന്നുമണിക്കും മറ്റും എണീറ്റ് ജോലിക്ക് പോവേണ്ടി വരും. ഞങ്ങൾക്കാണെങ്കിൽ മുന്നറിയിപ്പില്ലാതെ പേഷ്യന്റ് കാളുമുണ്ടാവും. പൂജയ്ക്ക് ശുദ്ധാശുദ്ധം പ്രധാനമെങ്കിൽ ഞങ്ങളുടെ തൊഴിലിൽ അത് ഇല്ലേയില്ല. ഇല്ലത്തെത്തുമ്പോൾ ഞങ്ങൾ തന്ത്രിയോ ഡോക്ടറോ അല്ലല്ലോ. ഉത്തരീയവും തറ്റുടുപ്പും ക്ഷേത്രത്തിലേ വേണ്ടൂ. ഏപ്രണും സ്റ്റെതസ്കോപ്പും ആശുപത്രിയിലും.'' പ്രിയ പറയുന്നു.**

**പ്രിയയ്ക്ക് നമ്പൂതിരിപ്പെൺകുട്ടികളോട് പറയാനുള്ളത്.**

**'ശാന്തിക്കാരനെ വയ്യെന്ന് പറഞ്ഞ് ജോലിയുള്ള ഒരാൾക്ക് പിറകെ പോവുമ്പോൾ ഒന്നാലോചിക്കുക. മാംസാഹാരിയും മദ്യപാനിയും താന്തോന്നിയുമായ ഒരാളോടൊപ്പം അസ്വസ്ഥമായ ജീവിതം നയിക്കണോ. ദാമ്പത്യത്തിൽ വേണ്ടത് ശാന്തിയല്ലേ. ചീത്ത കൂട്ടുകെട്ടിന് താരതമ്യേന സാദ്ധ്യത കുറവുള്ളവരാണ് ക്ഷേത്രോപാസകർ.സ്വഭാവശുദ്ധിയുള്ള ആളാവുക. ജീവിക്കാൻ വരുമാനമുണ്ടാവുക. അത്രയേ നോക്കേണ്ടൂ പെൺകുട്ടികൾ.'**

**ഓൺലൈനിൽ ടിക്കറ്റ് ബുക്ക് ചെയ്യും. ജസ്റ്റ് ടിക്കറ്റ്സ്, ടിക്കറ്റ്സ് ന്യൂ പോലുള്ള മൊബൈൽ ആപ് വഴി. അപ്പോൾ തിയേറ്ററിൽ പോയി ക്യൂ നിന്ന് സമയം കളയേണ്ട. മുക്കത്തോ കോഴിക്കോട്ടോ എവിടെയാണ് ഒഴിവെങ്കിൽ അവിടെ പോയി കാണും.അധികവും സെക്കൻഡ് ഷോയാണ് പതിവ്. കാറെടുക്കും.**



*വാട്ട്സ് അപ്പിലല്ല. നവീനും പ്രിയയും ഇല്ലത്തെ ഒഴിവു വേളയിൽ നിന്ന്*

ന്ന് അറിയാം. അതിലപ്പുറം അന്വേഷിച്ചിട്ടില്ല. പൂജയെന്താന്ന് ഒരു ഇല്ലത്തെ പെൺകുട്ടിയോട് ആരും പറയണ്ട.

''മറ്റു ജോലി പോലെ സ്ഥിരവരുമാനമുള്ള ഒന്നല്ല.'' നവീന്റെ വക മുന്നറിയിപ്പ്.

''നൂറുവട്ടം ആലോചിച്ചിട്ടു മതി.'' വിടാനുള്ള ഭാവമില്ല.

''പിന്നെ, പശ്ചാത്തപിക്കേണ്ടി വരരുത്.'' കടുപ്പം കൂടി വരുന്നു.

അച്ഛൻ പോലും ഈ വിഷയത്തിൽ ഇത്ര ഗൗരവമായ മുന്നറിയിപ്പ് നൽകിയിട്ടില്ല. ഇതിപ്പോൾ വേളിക്കാരന്റെ വകയാണ്. അതും നൂറുവട്ടം ആലോചിക്കാൻ.

ആ മുന്നറിയിപ്പിന് കാരണമുണ്ട്. പുറംനാട്ടിലെല്ലാം പോയി പഠിച്ച കുട്ടിയാണ്. പരിഷ്കാരവും പഠിപ്പുമുള്ള കുട്ടി. സങ്കല്പങ്ങളും പ്രതീക്ഷകളുമെല്ലാം മാറ്റി വച്ച് ശാന്തിക്കാരനൊപ്പം കഴിയാമെന്ന് തീരുമാനിക്കുന്നത് സാഹചര്യത്തിന്റെ സമ്മർദ്ദം മൂലമാവരുത്. തീരുമാനിച്ചുറപ്പിച്ച വിവാഹങ്ങൾ പോലും നിസ്സാരകാരണം പറഞ്ഞ് വേണ്ടെന്നു വയ്ക്കുന്ന കാലമാണ്. വേളി നിശ്ചയിച്ചിട്ടില്ല. പിന്മാറാൻ ധാരാളം സമയമുണ്ട്.

പക്ഷേ, പിന്മാറിയില്ല പ്രിയ. മാത്രമല്ല, പൂജ ഒരു മോശം തൊഴിലായി കരുതിയുമില്ല. ഡോക്ടറുടെ മാനവസേവയേക്കാൾ ഒട്ടും ചെറുതല്ല പൂജാരിയുടെ മാധവസേവ. അതുകൊണ്ട് 'മിത്രോസി'യ്ക്ക് കാലതാമസമുണ്ടായില്ല.

* * * * * *

കഴിഞ്ഞ ജൂണിലായിരുന്നു വേളി. ഇപ്പോൾ മെഡിക്കൽ പി.ജി യുടെ എൻട്രൻസ് കോച്ചിംഗിന് ചേർന്നിരിക്കുകയാണ് ! കോഴിക്കോട്ടെ ദ്രോണാചാര്യ ഇൻസ്റ്റിട്ട്യൂട്ടിൽ!!

'പഠിത്തം കഴിയട്ടെ' എന്നു പറഞ്ഞിരുന്ന ആൾ 'പഠിത്തം തുടരട്ടെ' എന്ന പുതിയ തീരുമാനത്തിലേക്ക്. പഠനത്തിന്റെ ഇടവേളകളിൽ കൊടൈക്കനാലും ധനുഷ്ക്കോടിയും. ഹണിമൂണും സിനിമയും. പുതിയ ലോകം. പുതിയ അനുഭവങ്ങൾ.

മാസാമാസം റവന്യൂസ്റ്റാമ്പിൽ ഒപ്പിട്ട് ശമ്പളം വാങ്ങുന്ന ആളല്ല നവീൻ. ഗ്രാറ്റുവിറ്റിയും ബോണസും പി.എഫും പെൻഷനുമില്ല. തന്ത്രമല്ലാതെ മറ്റൊരു ജോലിയുമില്ല താനും.

28 വയസ്സേ ആയിട്ടുള്ളൂ. ഇതിനകം 25 ലേറെ കലശങ്ങൾ. മൂന്നിടത്ത് പ്രതിഷ്ഠ. നിരവധി സ്ഥലങ്ങളിൽ വിശേഷാൽ പൂജകൾ.

ഉത്തരീയവും ഇണവസ്ത്രവുമാണ് നവീന്റെ വേഷം. ഏപ്രണും സ്റ്റെതസ്കോപ്പും പ്രിയയുടേതും.

നേദ്യം ,പായസം, മന്ത്രം,പൂജ, പദ്മം,കലശം , ശുദ്ധം, ശ്രീലകം, പ്രതിഷ്ഠ.....അങ്ങനെ ചിലതാണ് നവീന്റെ ലോകം.

രോഗി,രോഗാണു, മരുന്ന് , അശുദ്ധം, ശസ്ത്രക്രിയ,ആശുപത്രി .......അങ്ങനെ മറ്റു ചിലത് പ്രിയയുടേയും.

മിസ്മാച്ച് എന്ന് ഒറ്റനോട്ടത്തിൽ തോന്നാം.

ശാന്തിക്കാർക്ക് സന്ധ്യയില്ലെന്നൊരു ചൊല്ലുണ്ട്. ഒരു സിനിമയ്ക്ക് പോവാൻ പോലും പറ്റില്ലെന്ന് പറയുന്നവരുണ്ട്. അതെല്ലാം മനസ്സിൽ വച്ച് നവീനോട് ചോദിച്ചു.

''അവസാനം കണ്ട സിനിമയേതാ''

''കാണാത്തത് ഏതെന്ന് ചോദിച്ചാൽ മതി.'' ഉത്തരം പറഞ്ഞത് പ്രിയ. ''ഞങ്ങൾ രണ്ടാളും സിനിമാഭ്രാന്തരാണ്!''

കഴിഞ്ഞ ആഴ്ച ഇറങ്ങിയ ഗോദയാണ് അവസാനം കണ്ടത്. വേളിയ്ക്ക് മുമ്പും സിനിമ ഒഴിവാക്കാത്തവരാണ് രണ്ടാളും. തന്ത്രവിദ്യാപീഠത്തിലെ അനദ്ധ്യായ ദിവസങ്ങളിൽ ആലുവയിലെ തിയേറ്ററുകളിലാവും നവീൻ. മൈസൂരിലാകട്ടെ, പ്രിയ പോകാത്ത തിയേറ്ററുകളുമില്ല.

ഇതിനൊക്കെ എങ്ങനെ സമയം കണ്ടെത്തുന്നു.

''ഓൺലൈനിൽ ടിക്കറ്റ് ബുക്ക് ചെയ്യും. ജസ്റ്റ് ടിക്കറ്റ്സ്, ടിക്കറ്റ്സ് ന്യൂ പോലുള്ള മൊബൈൽ ആപ് വഴി. അപ്പോൾ തിയേറ്ററിൽ പോയി ക്യൂ നിന്ന് സമയം കളയേണ്ട. മുക്കത്തോ കോഴിക്കോട്ടോ എവിടെയാണ് ഒഴിവെങ്കിൽ അവിടെ പോയി കാണും.അധികവും സെക്കൻഡ് ഷോയാണ് പതിവ്. കാറെടുക്കും. ഇല്ലത്ത് രണ്ടു കാറുണ്ട്, സ്വിഫ്റ്റും ആൾട്ടോയും. ബൈക്ക് വേണമെങ്കിൽ 'ഗ്ലാമറു'മുണ്ട്. വേഷമാണെങ്കിൽ ജീൻസും ബർമുഡയും ടീഷർട്ടുമെല്ലാം തരാതരം പോലെയുണ്ട്.രണ്ടാൾക്കും.

ഞങ്ങൾക്കിടയിൽ കോമൺപ്ലാറ്റ്ഫോം എത്രയോ ഉണ്ട്.

ഫേസ് ബുക്ക്, വാട്ട്സ് ആപ്, ലാപ്ടോപ്, സിനിമ,ക്രിക്കറ്റ്, മോഹൻലാൽ,സച്ചിൻ, ടൂർ, സംസ്കൃതം.....ഇതൊക്കെ രണ്ടു പേർക്കും ഇഷ്ടം.

ഇതാണ് പ്രിയ പറയുന്ന എക്സലൻസ്. അവനവന്റെ തൊഴിലിൽ നല്ല അറിവ് വേണം. പൂജയിലാലും ചികിത്സയിലായാലും. സ്ത്രീചികിത്സയിൽ സ്പെഷ്യലൈസേഷനു ശേഷം സ്വന്തമായി ആശുപത്രി സ്വപ്നം കാണുകയാണ് പ്രിയ. തന്ത്രസമുച്ചയവും ശ്രീരാമോദന്തവും രഘുവംശവും കാദംബരിയുമെല്ലാം പഠിച്ച നവീനാകട്ടെ താന്ത്രിക സംസ്കൃതത്തിൽ ആഴത്തിലിറങ്ങാനുള്ള തയ്യാറെടുപ്പിലും.

നവീന്റെ മൊബൈൽ . 9496462078 ●

ശാന്തിക്കാർക്കും വേളി തരാവും

3

**വിവാഹ ജീവിതം ഒരു യോഗമാണ്. നമ്പൂതിരിയുടെ ഷോഡശക്രിയകളിൽ വേളിക്കാണ് പ്രാധാന്യം. വേളി തരാവാത്ത നമ്പൂതിരി യുവാക്കളുടെ എണ്ണം പൂജാ തന്ത്ര മേഖലയിൽ വിശേഷിച്ചും കൂടുതലാണ്. ഏട്ടന്റെ വേളി കഴിയാതെ തന്റെ വേളി തരാവില്ലെന്ന് ബോദ്ധ്യമായപ്പോൾ രണ്ടിനും മുൻകൈ എടുത്ത് വിജയിച്ച കോഴിക്കോട് വരക്കൽ ദുർഗ്ഗാ ദേവീ ക്ഷേത്രത്തിലെ മേൽശാന്തിയെ പരിചയപ്പെടാം.**

# തരപ്പെടുത്തിയ വേളി



**കെ.എം.പി.**

ഒരാൾ വേളി തരപ്പെടുത്തി എന്നു പറഞ്ഞാൽ എന്തോ ചിലത് അതിൽക്കാണാതെ വയ്യ. അതുകൊണ്ട് നന്ദനോട് ചോദിച്ചു.

''എങ്ങിനെയാണ് വേളി തരായത്?''

''തരായതല്ല, തരാക്കിയതാണ്.'' വൈകിയില്ല മറുപടി.

ആ മറുപടി വിശദമാക്കിയപ്പോഴോ?

അച്ഛനായും ഏട്ടനായും ആൾ മാറാട്ടം നടത്തേണ്ടി വന്ന അനുഭവം. താനൊക്കെ എന്തു നമ്പൂതിരിയാണ് എന്ന് പെണ്ണിന്റെ അച്ഛനോട് തട്ടിക്കയറി പ്രകോപിപ്പിച്ച കഥ. ഒടുവിൽ നല്ലൊരു ദിക്കിൽ നിന്ന് വേളി തരായ ശുഭപര്യവസാനം.

വെസ്റ്റ്ഹിൽ എടക്കാട് ചാലാടത്തുപറമ്പിൽ പുതുതായി വാങ്ങി മോടിപിടിപ്പിച്ച 'പൊയിൽ ഇല്ല'ത്തിന്റെ സ്വീകരണ മുറിയിലിരുന്ന് പി.എസ്. നന്ദകുമാരൻ നമ്പൂതിരി ജീവിതാനുഭവങ്ങൾ പങ്കുവെക്കുമ്പോൾ സഹധർമ്മിണി ആശയും ഉണ്ണികളായ ശബരിദത്തനും വസുദേവ് ശങ്കറും പരിസരത്തുണ്ടായിരുന്നു.

കോഴിക്കോട് ജില്ലയിൽ ഓമശ്ശേരിക്കടുത്ത് നടുകിൽ ദേശത്താണ് പൊയിൽ ഇല്ലം തറവാട്. ഇല്ലത്തെ ഒരു താവഴിക്ക് തളി ക്ഷേത്രത്തിൽ കാരായ്മയായി ശാന്തിയുണ്ട്. നന്ദന്റെ അച്ഛൻ പരേതനായ പി.വി.സുബ്രഹ്മണ്യൻ നമ്പൂതിരി ദീർഘകാലം ചാലപ്പുറം കൊക്കോഴിക്കോട് അമ്പലത്തിൽ ശാന്തിചെയ്താണ് നാല് ഉണ്ണികളെയും പഠിപ്പിച്ചതും കുടുംബം പരിപാലിച്ചതും. വലിയച്ഛൻ പരേതനായ നാരായണൻ നമ്പൂതിരി യോഗക്ഷേമസഭയുടെയും കേരള നമ്പൂതിരി സമാജത്തിന്റെയും സ്ഥാപക നേതാവെന്ന നിലയിൽ മലബാറിൽ പരക്കെ അറിയപ്പെട്ട ആളായിരുന്നു. 2010ൽ കോഴിക്കോട്ട് നടന്ന യോഗക്ഷേമസഭയുടെ വാർഷികത്തിൽ വെച്ച് യുവജന സഭയുടെ സംസ്ഥാന സെക്രട്ടറിയായ നന്ദൻ വേളി തരാക്കിയതാണെന്ന് പറഞ്ഞപ്പോൾ കൂടുതൽ അറിയാൻ ആകാം

ക്ഷയുണ്ടായി.

2011ൽ ആണ് നന്ദകുമാരൻ കോട്ടൂളി തൃക്കോവിൽ വിഷ്ണു ക്ഷേത്രത്തിൽ ശാന്തിക്കാരനായി ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. കഞ്ചിക്കോട്ടെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്ന് ഇലക്ട്രോണിക്സിൽ സാങ്കേതിക വിദ്യാഭ്യാസം നേടിയയാൾ അതിവേഗം വളരുന്ന പാലക്കാട്ടെ വ്യവസായ സിരാകേന്ദ്രവും വ്യാവസായിക ഉദ്യോഗ സാദ്ധ്യതകളും ഉപേക്ഷിച്ച് കോഴിക്കോട്ടേക്ക് മടങ്ങി കുലവൃത്തിയായ ശാന്തിയെ സ്വയംവരിക്കുകയായിരുന്നു.

ഓമശ്ശേരി കാതിയോട് എൽ.പി. സ്കൂളിൽ രണ്ടാം ക്ലാസ് പാസ്സായശേഷം പാലക്കാട്ടെ ശേഖരിപുരത്തും പി.എം.ജി. ഹൈസ്കൂളിലുമായിട്ടായിരുന്നു മൂന്നു മുതൽ പത്തു വരെയുള്ള വിദ്യാഭ്യാസം. മൂത്ത ജ്യേഷ്ഠന് മലമ്പുഴ അണക്കെട്ടിന്റെ വൈദ്യുതി വിഭാഗത്തിൽ ജോലി. ജ്യേഷ്ഠപത്നിക്ക് ബി.പി.എൽ. കമ്പനിയിൽ ജോലി. ആദ്യം ശേഖരിപുരത്ത് അഗ്രഹാരത്തിൽ വാടകക്ക് താമസം. പിന്നീട് പുത്തൂരിൽ ജ്യേഷ്ഠൻ ഇല്ലം പണിതപ്പോൾ അമ്മയും അനുജന്മാർ മൂന്നാളും പാലക്കാട്ടേക്ക് പറിച്ചുനടപ്പെട്ടു. 1995 ഓടെ അച്ഛനും കോഴിക്കോട്ടെ ശാന്തി മതിയാക്കി പാലക്കാട്ടെ പൊയിൽ ഇല്ലത്തെത്തി.

സമാവർത്തനം കഴിഞ്ഞ ശേഷം വേനൽ അവധിക്കാലത്ത് നാട്ടിൽ മുടങ്ങാതെ വരുമായിരുന്നു. അക്കാലത്ത് വല്യച്ഛന്റെയും കോരമ്പറ്റ വലിയ ശങ്കരൻ നമ്പൂതിരിയുടെയും നേതൃത്വത്തിൽ ഉണ്ണി നമ്പൂതിരിമാർക്ക് നടത്തിയ പൂജാ

പരികർമ്മത്തിൽ നിന്നുമുണ്ടായ സമ്പാദ്യം ഏതാണ്ട് മുഴുവൻ മാതാപിതാക്കളടങ്ങുന്ന കുടുംബത്തിനായി ചെലവഴിക്കാൻ കഴിഞ്ഞ കൃതാർത്ഥതയോടെ സാമൂതിരിയുടെ തട്ടകത്തിലേക്ക് മടങ്ങി.

ചെറുപ്പക്കാരായ ശാന്തിക്കാരുടെ മുഖമുദ്രയായ മോട്ടോർ ബൈക്കും മൊബൈൽ ഫോണുമൊക്കെ സ്വന്തമാക്കിയത് തൃക്കോവിൽ ശാന്തിക്കാലത്താണ്. തറവാട്ടിലെ വല്യച്ഛന്റെ പൗത്രൻ രഘുവിന്റെയും തന്റെയും മൊബൈൽ നമ്പറുകൾ അടുത്തടുത്തതാണ്. സ്ഥാനംകൊണ്ട് താൻ അപ്ഫനാണെങ്കിലും രഘുവിന്റെ

**''നിങ്ങൾ എന്തു നമ്പൂതിരിയാണ് ഹേ. വേഗം അന്വേഷിച്ച് പറ്റുമെന്നോ പറ്റില്ലെന്നോ മറുപടി പറയാമെന്ന് ഏറ്റതല്ലേ? എന്തേ ഇതേവരെ വിളിക്കാതിരുന്നത്? പറഞ്ഞാൽ പറഞ്ഞ പോലെ നടക്കണ്ടേ'' എന്നൊക്കെ ഗൗരവത്തിൽ ഒരു ഡയലോഗ്. അപ്പണി ഏറ്റു. എന്തു നമ്പൂതിരിയാണ് എന്നൊക്കെ ചോദിച്ചത് ഫലിച്ചു. അവർ ബന്ധപ്പെട്ടു. കുട്ടിയുടെ ഫോട്ടോ കാട്ടിത്തന്നു.**



**അച്ഛനായും ഏട്ടനായും ആൾമാറാട്ടം നടത്തേണ്ടി വന്ന അനുഭവം. താനൊക്കെ എന്തു നമ്പൂതിരിയാണ് എന്ന് പെണ്ണിന്റെ അച്ഛനോട് തട്ടിക്കയറി പ്രകോപിപ്പിച്ച കഥ. ഒടുവിൽ നല്ലൊരു ദിക്കിൽ നിന്ന് വേളി തരായ ശുഭപര്യവസാനം. വെസ്റ്റ്ഹിൽ എടക്കാട് ചാലാടത്തുപറമ്പിൽ പുതുതായി വാങ്ങി മോടിപിടിപ്പിച്ച 'പൊയിൽ ഇല്ല'ത്തിന്റെ സ്വീകരണ മുറിയിലിരുന്ന് പി.എസ്. നന്ദകുമാരൻ നമ്പൂതിരി ജീവിതാനുഭവങ്ങൾ പങ്കുവെച്ചു**

പഠനക്ലാസുകളിൽ പങ്കെടുത്ത് വിസ്തരിച്ച് പൂജ പഠിച്ചു. പാലക്കാട്ടെ മംഗലം വിഷ്ണു നമ്പൂതിരിയുടെ പരികർമ്മിയായി സഹവസിച്ച കാലത്താണ് നഗരജീവിതത്തിൽ പിടിച്ചുനിൽക്കാൻ കഴിയുന്ന തൊഴിൽമേഖലയാണ് പൂജയെന്ന് ബോദ്ധ്യമായത്. സ്വന്തമായ ഒരു ജീവിതം വേണമെന്ന ആഗ്രഹവും ക്രമേണ വളരാൻ തുടങ്ങി. പാലക്കാട്ടെ ആറേഴു വർഷത്തെ പൂജാവൃത്തിയിൽ നിന്നും

കൂട്ടുകാരനും സമപ്രായക്കാരനുമായതാണ് അതിന് കാരണം.

2005ൽ മാങ്കാവ് പടിഞ്ഞാറേ കോവിലകം വക തൃശ്ശാല ഭഗവതി ക്ഷേത്രത്തിലെ മേശാന്തിയായി. കോവിലകത്തെ അംഗങ്ങൾക്കായി പരിമിതപ്പെടുത്തിയ ക്ഷേത്രമാണത്. തന്റെ ചെറിയച്ഛനും സാമൂതിരി ഹൈസ്കൂൾ അദ്ധ്യാപകനുമായ ശങ്കരൻ നമ്പൂതിരി, തെക്കിണിയേടം സുബ്രഹ്മണ്യൻ നമ്പൂതിരി, നടുവിലേ

ടം, ചെറുവക്കാട്, പാടേരി തുടങ്ങിയ നമ്പൂതിരിമാർ വിവാഹം ചെയ്ത് താമസിക്കുന്ന ഭവനങ്ങൾ അക്കാലത്ത് മാങ്കാവിൽ ഉണ്ട്. ആബാലവൃദ്ധം സാമൂതിരി രാജകുടുംബാംഗങ്ങളുമായി സൗഹൃദബന്ധം സ്ഥാപിക്കാൻ മാങ്കാവ് തൃശ്ശാല ശാന്തിക്കാലത്തായി.

മുൻതലമുറക്കാരെപ്പോലെ 'സംബന്ധ'വുമായി കഴിയാനുള്ള ആലോചനയുണ്ടായോ? ഇങ്ങനെ ചോദിച്ചാൽ

'പരിധിവിട്ടുള്ള സൗഹൃദം ആരോടുമുണ്ടായില്ല. യോഗക്ഷേമസഭയുടെ പശ്ചാത്തലം നൽകിയ സമുദായാഭിമാനംകൊണ്ടാവാം, സ്വസമുദായത്തിൽ നിന്നേ വിവാഹമുള്ളൂ എന്നും നിശ്ചയിച്ചിരുന്നു. ജ്യേഷ്ഠന്മാരുടെ വിവാഹം കഴിയാതെ അനുജന്മാർ വിവാഹം കഴിക്കുന്നത് ശരിയല്ലല്ലോ. പരിവേദനം ചെയ്ത നമ്പൂതിരിമാർക്ക് സമുദായ ഭ്രഷ്ടും പടിയടച്ചു പിണ്ഡം വെക്കൽ പോലുള്ള ശിക്ഷകളും മുൻകാലങ്ങളിൽ നേരിടേണ്ടി വന്നിട്ടുണ്ട്. പലയിടത്തും ശാന്തിക്ക് അയോഗ്യതയായി മാറാൻ സാദ്ധ്യതയുള്ള വിഷയവുമാണത് . അതിനാൽ ആദ്യം ഏട്ടന്മാരുടെ വേളി നടത്താനുള്ള ശ്രമം ഞാൻ തന്നെ തുടങ്ങി.'

തിരു ഐരാണിക്കുളം ക്ഷേത്രത്തിൽ നടതുറപ്പ് ഉത്സവക്കാലത്ത് ചില പരിചയക്കാർ കാരണം പരികർമ്മിയായി പോകുന്ന പതിവ് നന്ദനുണ്ട്. അവിടെയുള്ള സുഹൃത്തുക്കൾ മുഖേന മലപ്പാട്ട് ഇല്ലത്തുനിന്ന് മുരളിയേട്ടന്റെ വേളിയാലോചിച്ചതും ഭാവി ഏട്ടത്തിയമ്മയെ കണ്ടതും താനായിരുന്നെന്ന് നന്ദൻ പറഞ്ഞു. ഔപചാരികതയുടെ പേരിലുള്ള ചടങ്ങുകൾ പിന്നീട് കാരണവന്മാർ ചെയ്തു.

വേളി നടക്കുന്നില്ലെന്ന് പറഞ്ഞ് നടന്നു ആയുസ്സ് പാഴാക്കുന്ന നമ്പൂതിരി യുവാക്കളോടും അവരുടെ രക്ഷകർത്താക്കളോടും നന്ദന് പറയാനുള്ളത് 'താൻ പാതി ദൈവം പാതി' എന്നാണ്. നമ്മുടെ ഭാഗത്തുനിന്ന് ശ്രമമുണ്ടായാൽ ദൈവസഹായമുണ്ടാവും. അതിന് തന്റെ വേളിശ്രമാനുഭവങ്ങളാണ് ചൂണ്ടിക്കാട്ടാനുള്ളത്.

ഏതാണ്ട് ഇരുനൂറോളം ജാതകങ്ങളെങ്കിലും പൊരുത്തം നോക്കാൻ അയച്ചുകിട്ടിയിട്ടുണ്ടാവണം. ജ്യോതിഷിമാരെ സമീപിച്ചപ്പോൾ 99 ശതമാനവും യോജിക്കാത്തതാണെന്ന് കണ്ട് ഉപേക്ഷിച്ചു. കോഴിക്കോട് ജില്ലയിൽ നിന്നുള്ള ഒരു ജാതകം യോജിക്കുന്നതായി കണ്ടു. പിന്നെ അതിൽ കണ്ട ഫോൺ നമ്പറിലേക്ക് താൻ തന്നെ വിളിച്ചു. അച്ഛനാണെന്ന് പറഞ്ഞാ വിളിച്ചത്.

**<u>പെൺകൊടക്കാരന്റെ 'സാ' മട്ടിലുള്ള മനോഭാവം കണ്ടപ്പോൾ മുഷിഞ്ഞു. പത്തിരുന്നൂറ് ജാതകം നോക്കിയതിനിടയിൽ ശരിയായ ഏകജാതകമാണ്. അവരുടെ ഭാഗത്തുനിന്നു 'പറ്റും'/'പറ്റില്ല' എന്ന തരത്തിൽ ഒരു മറുപടിയും അനക്കവുമില്ല.</u>**

''പാലക്കാട്ട് നിന്ന് പൊയിൽ ഇല്ലം സുബ്രഹ്മണ്യൻ നമ്പൂതിരിയാണ് വിളിക്കുന്നത്. എന്റെ മകന്റെ ജാതകവും അവിടത്തെ കുട്ടിയുടെ ജാതകവും തമ്മിൽ ഞങ്ങൾ നോക്കിച്ചപ്പോൾ നല്ല ചേർച്ചയുണ്ട്. കോഴിക്കോട് ജില്ലയിലെ നടുകിലാണ് ഞങ്ങളുടെ തറവാട്. കോഴിക്കോട് ജില്ലയിൽ നിന്നുള്ള ആലോചനയായതിനാലും മകൻ മാങ്കാവിൽ ശാന്തിയായതിനാലും താല്പര്യമുണ്ട്'' എന്നൊക്കെ തട്ടിവിട്ടു.

ഏതാനും ദിവസം കഴിഞ്ഞു. അവരുടെ ഭാഗത്ത് നിന്ന് വിവരമൊന്നുമില്ല.അപ്പോൾ ജ്യേഷ്ഠൻ വാസുദേവൻ നമ്പൂതിരിയായി ശബ്ദപ്പകർച്ച നടത്തി 'അനുജന്റെ ജാതകവും അവിടത്തെ കുട്ടിയുടെ ജാതകവും യോജിക്കുന്ന' വിഷയം വീണ്ടും ഓർമ്മപ്പെടുത്തി.

അപ്പോൾ ആളെ നേരിൽ കാണാൻ ആഗ്രഹിക്കുന്നതായി രക്ഷാകർത്താവിന്റെ മറുപടി. സംഗതി നേരെയായി വരുന്ന സൂചന. അവർ ഒരു സ്ഥലം നിർദ്ദേശിച്ചു. അവർ പറഞ്ഞ സമയത്ത് അവിടെ പോയി കാണുകയും സംസാരിക്കുകയും ചെയ്തു.

എന്നിട്ടും കാര്യങ്ങൾ മുന്നോട്ടു പോവുന്നില്ല.

പെൺകൊടക്കാരന്റെ 'സാ' മട്ടിലുള്ള മനോഭാവം കണ്ടപ്പോൾ മുഷിഞ്ഞു. പത്തിരുന്നൂറ് ജാതകം നോക്കിയതിനിടയിൽ ശരിയായ ഏകജാതകമാണ്. അവരുടെ ഭാഗത്തുനിന്നു 'പറ്റും'/'പറ്റില്ല' എന്ന തരത്തിൽ ഒരു മറുപടിയും അനക്കവുമില്ല.

ഇതിങ്ങനെ വിട്ടാൽ പറ്റില്ലല്ലൊ. വീണ്ടും രക്ഷിതാവായി ശബ്ദപ്പകർച്ച നടത്തി. ഫോണിലല്ലേ.ആളെ അറിയില്ലല്ലൊ.

''നിങ്ങൾ അയാളെ കണ്ടു സംസാരിച്ചശേഷം ഓമശ്ശേരിയും മാങ്കാവിലും പോയി കൂടുതൽ അന്വേഷിച്ചോ?''

''അന്വേഷിച്ചപ്പോൾ സമയം കിട്ടിയില്ല'' എന്ന് മറുപടി.

അതു കേട്ടപ്പോൾ സാമാന്യം ദേഷ്യം വന്നു.

''നിങ്ങൾ എന്തു നമ്പൂതിരിയാണ് ഹേ. വേഗം അന്വേഷിച്ച് പറ്റുമെന്നോ പറ്റില്ലെന്നോ മറുപടി പറയാമെന്ന് ഏറ്റതല്ലേ? എന്തേ ഇതേവരെ വിളിക്കാതിരുന്നത്? പറഞ്ഞാൽ പറഞ്ഞ പോലെ നടക്കണ്ടേ'' എന്നൊക്കെ ഗൗരവത്തിൽ ഒരു ഡയലോഗ്.

അപ്പണി ഏറ്റു. എന്തു നമ്പൂതിരിയാണ് എന്നൊക്കെ ചോദിച്ചത് ഫലിച്ചു. അവർ ബന്ധപ്പെട്ടു. കുട്ടിയുടെ ഫോട്ടോ കാട്ടിത്തന്നു. എന്നാൽ ഇഷ്ടപ്പെടാതെ ഒഴിവാക്കുകയും ചെയ്തു.

കോഴിക്കോട് ജില്ലയിൽ നിന്നും യോജിച്ചുകിട്ടിയ ഏകജാതകത്തിന്റെ കാര്യത്തിൽ ഈ അനുഭവമുണ്ടായപ്പോൾ തന്റെ പരദേവതയുടെ ഹിതമായി സ്വയം സമാധാനിച്ചു. നല്ലതു വരുത്താൻ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു.

പ്രാർത്ഥന പരദേവത കേട്ടു. വൈകാതെ മറ്റൊരു ജാതകം ഒത്തുവന്നു. തൃശൂർ ജില്ലയിലെ പ്രശസ്ത തന്ത്രികുടുംബത്തിൽ നിന്നുള്ള ഒരു പെൺകിടാവിന്റെ ജാതകം . കുട്ടിയുടെ അമ്മാവൻ കാശിപ്പിള്ളി കൃഷ്ണൻ നമ്പൂതിരിയാണ് താല്പര്യപൂർവ്വം ജാതകം അയച്ചുതന്നത്. ജ്യേഷ്ഠ സഹോദരനെപ്പോലെ താൻ കാണുന്ന വ്യക്തിയാണ് അദ്ദേഹം. താന്ത്രിക പൂജാരംഗത്തുവെച്ചുള്ള വർഷങ്ങളായി സൗഹൃദവുമുണ്ട്. ജാതകം നോക്കിച്ചപ്പോൾ അസ്സലായി ചേരും. തന്നേക്കാൾ ഒമ്പതു വയസ് കുറയുമെങ്കിലും പി.ഡി.സി.യും കമ്പ്യൂട്ടർ പഠനവും കഴിഞ്ഞിട്ടുണ്ട്. ആശയെന്നാണ് പേര്.

അച്ഛന്റെയും ഏട്ടന്മാരുടെയും മുമ്പിൽ ഞാൻ കാര്യങ്ങൾ പറഞ്ഞു. കാശിപ്പിള്ളി ഏട്ടൻ തെക്കിനിടേയത്ത് തരണനല്ലൂരിലെ കാരണവന്മാരുടെ മുമ്പിലും വിഷയമവതരിപ്പിച്ചു. കുട്ടിയെ കാണലും വിവാഹ മുഹൂർത്ത നിശ്ചയവും അമാന്തമില്ലാതെ കഴിഞ്ഞു.

അവിടത്തെ ലാൻഡ് നമ്പറിലും മൊബൈൽ ഫോണിലും ആൾമാറാട്ടമില്ലാതെ വിളിച്ചു പരസ്പരം സംസാരിച്ചു. എല്ലാവരുടെയും അനുഗ്രഹാശിസ്സുകളോടെ ഞങ്ങൾ ഗൃഹസ്ഥാശ്രമം സ്വീകരിച്ചു 'സഹധർമ്മം ചരത' എന്ന പ്രതിജ്ഞ ചൊല്ലിക്കൊണ്ട്. മാങ്കാവ് കോവിലകത്തെ വടക്കേ കെട്ടിന്റെ ഭാഗമായ 'നാരായണീയം' കൊട്ടാരത്തിൽ നിന്നും എടക്കാട്ടെ പൊയിൽ ഇല്ലത്തേക്കുള്ള ഭവനമാറ്റത്തിന് നിമിത്തമായത് സാമൂതിരി ദേവസ്വത്തിൽപ്പെട്ട വരക്കൽ ദുർഗ്ഗാ ക്ഷേത്രത്തിലേക്കുള്ള നന്ദന്റെ ശാന്തി മാറ്റമായിരുന്നു.

●




# ആറു വിരലുള്ള മഴ

**രവി മങ്ങത്തായ**

മറ്റു മഴകളെപ്പോലെയല്ല ജൂണിലെ മഴ. അത് തോരാതെ പെയ്തുകൊണ്ടേയിരിക്കും. പാടവും തോടും കുളങ്ങളും നിറഞ്ഞൊഴുകും. സ്നേഹമനസ്സുകളിൽ അത് ഒരിക്കലും നിലയ്ക്കില്ല. ഒഴിയാതെ പെയ്തുപെയ്ത് നിറയ്ക്കും പ്രണയം. ഈ മഴവിരലുകൾ കുളിരുറവകളായി അതിന്റെ ആർദ്രതയും അഴകും ഐശ്വര്യവുംകൊണ്ട് പൊതിയും! അതേ... ശ്രുതിശുദ്ധമായി പെയ്യുകയാണ് ജിതേഷിന്റെ ജീവിതമാകെ ഈ മഴ! ആറു വിരലുകളുള്ള മഴ... അഗാധസ്നേഹത്തിന്റെ ആയിരം വിരലുകളുണ്ടതിന്...! ജിതേഷിന്റെ ജന്മം സഫലമാകുന്നത് അന്നാണ്. ശ്രുതി മഴയായ് വന്ന നാൾ... 2010 ജൂൺ 26. അന്നു തുടങ്ങി ജിതേഷിന്റെ ജീവിതത്തിൽ അടരാത്ത പ്രണയത്തിന്റെ പെരുമഴക്കാലം.



ജാതകങ്ങൾ ഏറെ നോക്കി പൊരുത്തം ഉത്തമമായിട്ടും വേളി തരാവാഞ്ഞത് 'കുഞ്ഞുണ്ണി' ക്ക് കീഴ്ശാന്തിപ്പണി ആയതുകൊണ്ടുമാത്രമാണ്. ഗുരുവായൂരിൽ നിന്നു വന്ന ഒരു ജാതകം ഉത്തമമായി എടുക്കാമായിരുന്നു. അച്ഛനും മൂന്നു മക്കളും കീഴ്ശാന്തി. ജാതകം പറ്റുമെന്ന് പറഞ്ഞു വിളിച്ചപ്പോൾ കുട്ടിക്ക് സർക്കാർ ജോലിക്കാരൻ തന്നെ വേണം. അങ്ങനെയുള്ളവർക്കേ കൊടുക്കുന്നുള്ളൂ എന്നായിരുന്നു മറുപടി. അമ്പലപ്പുഴയിലെ ഒരു കീഴ്ശാന്തി കുടുംബത്തിലെ ഒരു കുട്ടിയുടെ ജാതകം എടുക്കാമെന്നായപ്പോൾ അവർക്കും ശാന്തിക്കാരനെ വേണ്ട. സർക്കാർ ജോലിക്കാരൻ



ജിതേഷിന്റെ അച്ഛൻ
നീലകണ്ഠൻ നമ്പൂതിരിയും
അമ്മ ശാന്ത അന്തർജ്ജനവും

വേണം. ഒരു കീഴ്ശാന്തിപ്പണിക്കാരൻ പെണ്ണന്വേഷിക്കുമ്പോൾ ഇങ്ങനെയൊക്കെയാണ് സാമാന്യ പ്രതികരണം. ഇത് ഏതു ശാന്തിക്കാരന്റെയും ദുരനുഭവം.

അങ്ങനെ അന്വേഷണങ്ങൾ ഓരോന്നും വഴിമുട്ടി നിൽക്കുമ്പോഴാണ് ആറു വിരലുകളുള്ള ഈ പെൺകുട്ടി ജിതേഷിന്റെ ജീവിതസഖിയാവാനെത്തിയത്. വലതു കൈയ്ക്ക് ആറു വിരലുകൾ... രണ്ടു പെരുവിരൽ! ശ്രുതിയുടെ മുത്തച്ഛൻ പ്രത്യേകം പറഞ്ഞു. ഇത് ഓപ്പറേറ്റ് ചെയ്ത് കളയുകയുമൊന്നും അരുത്. ഭാഗ്യത്തിന്റെ ലക്ഷണമാണ് ഈ ആറാം പെരുവിരൽ. ശ്രുതി പറയുന്നു ഇരട്ടി ശക്തിയാണ് അതിനെന്ന്.

വെറും അഞ്ചു സെന്റ് സ്ഥലവും അതിൽ പണിതീരാത്ത വീടും കണ്ട് ബോധിക്കാതെ ഇതിനകം തന്നെ ശ്രുതിക്കും നിരവധി ആലോചനകൾ മുടങ്ങിയിരുന്നു. ജിതേഷിന്റെ കളങ്കമില്ലാത്ത പ്രകൃതവും പ്രായത്തിൽ കവിഞ്ഞ പക്വതയും അപ്പോഴേയ്ക്കും ശ്രുതിയെയും കീഴ്പ്പെടുത്തിക്കഴിഞ്ഞിരുന്നു. അങ്ങനെ ഒരു ഇടവപ്പാതിക്കൊടുവിൽ, ഒരു മിഥുനത്തിന്റെ നിറവിൽ സ്നേഹമഴയായി, ജിതേഷിന്റെ ജന്മം മുഴുവൻ ശ്രുതി ലയമധുരമാക്കി. ഇല്ലം സ്വർഗ്ഗതുല്യമാക്കി അവൾ വന്നു.


കുടുംബത്തിൽ അച്ഛനും മക്കളുമൊക്കെ നാട്ടുകാർക്ക് ശാന്തിയുണ്ടാക്കാൻ നടക്കുന്നവരാണെങ്കിലും നമ്മുടെ ആളുകൾ പലരും അത്ര ശാന്തന്മാരല്ല; സ്വാർത്ഥന്മാരും വന്ന വഴി മറക്കാൻ ഒരു മടിയുമില്ലാത്തവരുമായ ശാന്തികുടുംബങ്ങൾ ഉണ്ട് നമ്മുടെ കൂട്ടത്തിൽ. ശാന്തി, തന്ത്രം, വായന തുടങ്ങി ആത്മീയരംഗത്ത് പ്രവർത്തിക്കുന്നവരൊക്കെത്തന്നെ ഇതു വലിയ തോതിൽ അനുഭവിക്കുകയും ചെയ്യുന്നു. നേരത്തെ പറഞ്ഞപോലെ അച്ഛനും സഹോദരന്മാരുമൊക്കെ ശാന്തിക്കാരൊക്കെയാണെങ്കിലും മകളെ ഡോക്ടർ വേളി കഴിക്കണം എന്ന നിർബന്ധമാണ് ഇവർക്ക്. ഇവരുടെ കണ്ണു തുറപ്പിക്കാൻ ന്യൂജനറേഷൻ തന്നെ മുൻകൈയെടുക്കണം. കാരണം ന്യൂജൻ പെൺകുട്ടികൾക്കറിയാം ഇന്ന് വൈദിക – താന്ത്രിക രംഗത്ത് പ്രവർത്തിക്കുന്നവരുടെ വരുമാനവും അവർക്ക് കൈവരുന്ന ബഹുമാനവും ഒക്കെ. പെൺകുട്ടികൾ സ്വയം തയ്യാറാവുകയേ ഇതിന് പരിഹാരമുള്ളു. അല്ലെങ്കിൽ ഇങ്ങനെയുള്ള അല്പന്മാർ ഇത്തരം അർത്ഥം കിട്ടുമ്പോൾ അർദ്ധരാത്രിക്കും മറക്കില്ല കുട പിടിക്കാൻ.

ഒന്നര പതിറ്റാണ്ടോളം പൂട്ടിക്കിടന്ന നൊച്ചിപ്പുറം മഹാവിഷ്ണു ക്ഷേത്രം നാട്ടുകാരെല്ലാം ചേർന്ന് അറ്റകുറ്റപ്പണികൾ ചെയ്ത് തുറക്കാൻ തീരുമാനിച്ചപ്പോൾ അവിടേക്ക് ശാന്തി പ്രവൃത്തിക്ക് വിളിച്ചത് ജിതേഷിന്റെ അച്ഛൻ നീലകണ്ഠൻ നമ്പൂതിരിയെ ആയിരുന്നു. അന്ന് പെരുവയൽ സെന്റ് സേവിയേഴ്സ് യു.പി. സ്കൂളിൽ ഏഴാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു കുട്ടൻ (ജിതേഷ്). അച്ഛൻ ചില ദിവസങ്ങളിൽ തന്ത്രത്തിനു പോവുമ്പോൾ അന്ന് 'കീഴ്ശാന്തിപ്പകരപ്പണി' കൊണ്ട് ഇല്ലത്ത് ഒരുനേരം 'കഷ്ടി ശാന്തി' യുണ്ടാക്കാൻ കുട്ടനും കഴിഞ്ഞു. അന്നുതൊട്ടുതന്നെ ക്ഷേത്രമാണ് തന്റെ കർമ്മരംഗമെന്ന് കുട്ടൻ തിരിച്ചറിഞ്ഞു. തുടർന്ന് പഠനം ശാന്തിപ്രവൃത്തിയിലേക്ക് വഴിമാറി. എട്ടു വർഷത്തോളമായി മലബാർ ദേവസ്വം ബോർഡ് ക്ഷേത്രമായ കോഴിക്കോട് ബിലാത്തിക്കുളം ശിവക്ഷേത്രത്തിൽ വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിൽ മേൽശാന്തിയാണ് ജിതേഷ്. പ്രശസ്ത വേദജ്ഞരുടെ ജന്മംകൊണ്ട് പുകഴ്പെറ്റ പെരുമൺപുറ പാലാഞ്ചേരി തറവാട്ടിലെ ഈ ഇളംതലമുറക്കാരൻ.

പാലാഞ്ചേരി നീലകണ്ഠൻ നമ്പൂതിരിയുടെയും ശാന്ത അന്തർജ്ജനത്തിന്റെയും മൂന്നു മക്കളിൽ രണ്ടാമത്തെ ആളാണ് ജിതേഷ്. ആദ്യത്തേത് ജിഷ. മൂന്നാമത്തേത് ജ്യോതി. രണ്ടുപേരുടെ ഭർത്താക്കന്മാരും താന്ത്രിക രംഗത്തെ പ്രമുഖർ. പുത്തൂർ തെഞ്ചീരി ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയും തുറവൂർ പള്ളിക്കീഴ് മനയിലെ പ്രമോദും.

ശ്രുതിയുടെ ഇല്ലം കോതമംഗലത്ത് നിന്ന് തൊടുപുഴയ്ക്കുള്ള റൂട്ടിൽ കുറച്ച് ഉള്ളോട്ട് മാറിയാണ്. വാരിക്കാട്ട് ഇല്ലം. അച്ഛൻ പരമേശ്വരൻ നമ്പൂതിരി. വർഷങ്ങളായി ശാന്തിക്കാരൻ. അമ്മ സുധ അന്തർജ്ജനം. മൂത്ത സഹോദരി സംഗീതയെ വിവാഹം കഴിച്ചത് കോട്ടയം കല്ലംപിള്ളി ഇല്ലത്തെ അജി എന്നു വിളിക്കുന്ന പരമേശ്വരൻ നമ്പൂതിരിയാണ്. ഇദ്ദേഹവും താന്ത്രികരംഗത്ത് പ്രശസ്തനാണ്.

ജിതേഷിന്റെ ആലോചന വന്നപ്പോൾ ശ്രുതിയുടെ മാതാപിതാക്കൾക്ക് കൂടുതൽ ചിന്തിക്കേണ്ടിവന്നില്ല. കാരണം സ്വന്തം സ്ഥിതി നന്നായി അറിയാവുന്ന അവർക്ക് അതേ തൊഴിലും ഏകദേശം



**നമ്പൂതിരി യുവാക്കൾക്ക് ജാതകം നോക്കിനോക്കി വയസ്സ് കൂടുകയാണ്. വിദ്യാഭ്യാസമുണ്ടായിട്ടും വിവാഹം നടക്കാത്ത രണ്ടുപേർ തന്റെ കൂടെ ജോലിചെയ്യുന്നുണ്ട്. ശാന്തിക്കാരനെന്ന ഒരൊറ്റ കാരണംകൊണ്ട് വേളിയോഗം അടുക്കാത്ത വേറെയും സുഹൃത്തുക്കളുണ്ടെന്ന് കുട്ടൻ. ജോലിയിലെ മാന്യതയും ആദരവും തീരുമാനിക്കുന്നത് നമ്മൾ തന്നെയാണ്. താഴ്ത്തുന്നതും. ശാന്തിക്കാരന്റെ വിലകളയുന്ന ഒരു പണിക്കും അയാൾ നിൽക്കരുത്.**

തത്തുല്യ സാമ്പത്തിക സ്ഥിതിയുമൊക്കെയുള്ള കേസായാണ് ഇതു തോന്നിയതെന്ന് ശ്രുതി. ശാന്തിക്കാരനെന്ന പാവം തൊഴിലിനെ പ്രതിക്കൂട്ടിൽ കയറ്റി കൂടുതൽ വിസ്തരിക്കാനും ചിന്തിക്കാനും ഒന്നും അവർ മുതിർന്നില്ല. പിന്നെ ബന്ധുക്കൾ മുഖേന വന്ന ആലോചന എന്ന പിൻബലവും. എങ്ങനെയായാലും എല്ലാം പോസിറ്റീവ് ആയി മാത്രം ചിന്തിച്ചു. അങ്ങനെ പ്രവർത്തിച്ചു. അതുകൊണ്ടു തന്നെ ശ്രുതിയുടെയും ജിതേഷിന്റെയും സന്തോഷത്തിൽ ഇന്നേറ്റവും ചാരിതാർത്ഥ്യമടയുന്നവരും രണ്ടുപേരുടെയും ഈ അച്ഛനമ്മമാർതന്നെ. വിവാഹപ്രായമായ പെൺകിടാങ്ങളുടെ മാതാപിതാക്കൾക്ക് വിശാല മനഃസ്ഥിതിയോടെ ചിന്തിക്കാനും നിസ്വാർത്ഥമായി തീരുമാനമെടുക്കാനും ശക്തമായ പ്രചോദനം പകരുന്നതാണ് ശ്രുതിയുടെ അച്ഛനമ്മമാരുടെ ഈ മാതൃകാപരമായ തീരുമാനം.

ഒന്നാലോചിക്കുക. വലിയ പ്രൊഫഷണൽസിനെ, ധനസ്ഥിതിയുള്ളവരെ വരന്മാരായി കിട്ടാൻ മക്കൾക്ക് വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത മാതാപിതാക്കൾ മകളുടെ കല്യാണം കഴിഞ്ഞ് കുറച്ചു നാൾ കഴിയുമ്പോഴേക്കും ഭർത്താവിന്റെ പെരുമാറ്റ ദൂഷ്യത്തിൽ മനംനൊന്ത് തിരിച്ചുവരുന്ന വേദന അനുഭവിക്കുന്നവരുണ്ട്. തീരുമാനമെടുക്കുമ്പോൾ നമ്മുടെ നിജസ്ഥിതിയല്ലേ ആദ്യം വിലയിരുത്തേണ്ടത്? ഇങ്ങനെയൊക്കെ അനുഭവമുണ്ടായിട്ടും എന്തിനാണ് എത്താമരക്കൊമ്പത്തെ പൂ പറിക്കാൻ ശ്രമിക്കുന്നത്?

ഇവിടെ ശാന്തിക്കാർക്കും സുഖമാണ്...

ടെൻഷനും ബുദ്ധിമുട്ടുകളുമില്ലാതെ ശാന്തമായി ഒഴുകുന്ന പുഴപോലെ സ്വസ്ഥമാണ് ജിതേഷിന്റെയും ശ്രുതിയുടെയും ജീവിതം. അവരത് മറ്റാരേക്കാളും നന്നായി ആസ്വദിക്കുന്നു; മക്കൾ നാലു വയസ്സുള്ള രോഹിതിനും ഒന്നര വയസ്സുകാരൻ അഭിജിത്തിനുമൊപ്പം.

ജീവിതം എല്ലാ അർത്ഥത്തിലും സുന്ദരമാണ് ജിതേഷിനും ശ്രുതിക്കും. ജയിച്ചവനാണ് ജിത്ത്. സിനിമ കാണലും യാത്രകളും ഹോബി. ശാന്തിക്കാരനിലെ പഴമയും യുവത്വത്തിന്റെ പെരുമയും ജിതേഷിൽ ഒരുമിക്കുന്നു. എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള വീട്. സന്തോഷത്തോടെ കഴിയാനുള്ള വരുമാനം. പാരസ്പര്യത്തിന്റെ സുഖം... മറ്റെന്തു വേണം?!

നമ്പൂതിരി യുവാക്കൾക്ക് ജാതകം നോക്കിനോക്കി വയസ്സ് കൂടുകയാണ്. വിദ്യാഭ്യാസമുണ്ടായിട്ടും വിവാഹം നടക്കാത്ത രണ്ടുപേർ തന്റെ കൂടെ ജോലിചെയ്യുന്നുണ്ട്. ശാന്തിക്കാരനെന്ന ഒരൊറ്റ കാരണംകൊണ്ട് വേളിയോഗം അടുക്കാത്ത വേറെയും സുഹൃത്തുക്കളുണ്ടെന്ന് കുട്ടൻ. ജോലിയിലെ മാന്യതയും ആദരവും തീരുമാനിക്കുന്നത് നമ്മൾ തന്നെയാണ്. താഴ്ത്തുന്നതും. ശാന്തിക്കാരന്റെ വിലകളയുന്ന ഒരു പണിക്കും അയാൾ നിൽക്കരുത്. അപ്പോഴേ ആ പദവി പവിത്രമായി നിലനിൽക്കൂ- കുട്ടന്റെ തുറന്ന അഭിപ്രായമതാണ്.

തന്റെ ക്ഷേത്രത്തിൽ മേയർ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, ശ്രീ. കെ.മുരളീധരൻ എം.എൽ.എ. തുടങ്ങിയ പല പ്രമുഖ വ്യക്തികളും ദർശനം നടത്താറുണ്ടെന്നും അവർപോലും നൽകുന്ന ബഹുമാനം അത്രയും ഉദാത്തമായ ഈ തൊഴിലിന്റെ ഔന്നത്യമാണ് കാണിക്കുന്നതെന്നും കുട്ടൻ നറുചിരിയോടെ പറയുമ്പോൾ, താൻ ചെയ്യുന്ന തൊഴിലിനോടുള്ള ആത്മാർത്ഥതയും സമർപ്പണവും മുഖപ്രസാദമായി വിരിയുന്നു.

പ്രണയമണിത്തൂവൽ പൊഴിച്ച് മിഥുനമഴ തുടരുകയാണ്. ഭൂമിയിൽ നരജീവിതം സംഗീതം തന്നെയാണ്. ഭാവരാഗതാളങ്ങളാൽ മധുരമായ സംഗീതംപോലെ ശ്രുതിമധുരമായ ജീവിതഗാനം.. പാട്ട് തുടരുകയാണ് തെക്കുനിന്ന് പാറിവന്ന ഈ വാനമ്പാടി!

മറ്റേത് ജോലിയേക്കാളും വരുമാനവും അഭിമാനവുമൊത്ത, ശാന്തിവൃത്തി ചെയ്ത് കുടുംബം വളരെ നന്നായി കൊണ്ടുപോകാൻ കഴിവുള്ളവരാണ് നമ്മുടെ സമുദായത്തിലെ യുവാക്കൾ. അവരുടെ മനസ്സിൽ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും നെയ്ത്തിരി തെളിയിക്കാൻ നമ്മുടെ പെൺകിടാങ്ങൾക്ക് സന്മനസ്സുണ്ടാവട്ടെ.

കാർമേഘങ്ങൾ ഇരുണ്ടുമൂടി മിഥുനമഴ ഇരമ്പുകയാണ്... ജിത്തുവും മക്കളും ആനന്ദ നിർവൃതിയിൽ അവരുടെ സ്വപ്നങ്ങളിലേക്ക് ഒരുമിച്ച് യാത്ര തുടരുകയാണ്... മൂകാംബിയിലേക്ക്... മൂന്നാറിലേക്ക്... വയനാടൻ കാടുകളിലേക്ക്... ഇഷ്ടലോകങ്ങളിലേക്ക്... ഒരു ജൂണിൽ മഴയായി വന്ന് ജന്മം മുഴുവൻ ജീവരാഗമായി പെയ്തുനിറയുന്ന ആറു വിരലുകളുള്ള മഴ... ശ്രുതി... അവൾക്കൊപ്പം!

●

# മൊബൈൽ കടയിലെ റീച്ചാർജ്ജ്




**വി.ഇ.എൻ.**

കൊൽക്കത്തയിലായിരുന്നു ഉണ്ണി. അവിടെ ഒരമ്പലത്തിൽ ശാന്തി. അവിടത്തെ മലയാളികൾ ഏർപ്പാടാക്കിയത്. ആയിടയ്ക്കായിരുന്നു നാട്ടിൽ അച്ഛന്റെ ചാത്തം. ആദ്യത്തെ ചാത്തമായതിനാൽ ഇല്ലത്തേക്ക് വന്നു.

പത്തു പതിനഞ്ച് ദിവസം ഇല്ലത്ത് കഴിയാം. സുഹൃത്തുക്കളുമായി ചെലവഴിക്കാം. ബന്ധുഗൃഹങ്ങളിലും പോവാം. അങ്ങനെ ചാത്തത്തിന്റെ പേരിൽ നാട്ടിലെത്തി.

ചാത്തം കഴിഞ്ഞു. അച്ഛന്റെ വേർപാടിന്റെ ഒന്നാമാണ്ട്. ആ സ്മരണയിൽ മൂകാംബികയിലേക്ക് ഒരു തീർത്ഥാടനം പ്ലാൻ ചെയ്തു. കൂടെ ചില കൂട്ടുകാരെയും കൂട്ടി.

രാത്രിയിലാണ് മാവൂരിൽ നിന്ന് പുറപ്പെടേണ്ടത്. അമ്മാത്തും അച്ചോളുടെ ഇല്ലത്തും പോവാൻ സമയമുണ്ട്. അതും കഴിഞ്ഞു സന്ധ്യയോടെ മാവൂരിലെത്തി. മൊബൈലിൽ കാശ് കുറവാണ്. ഒരു മൊബൈൽക്കടയിൽ കയറി റീച്ചാർജ് കൂപ്പൺ വാങ്ങി.

ബന്ധുവും സുഹൃത്തുമായ നടുവിലേടത്തെ മുരളി അവിടെയുണ്ടായിരുന്നു. മുരളി പോക്കറ്റിൽ നിന്ന് ഒരു കടലാസ് എടുത്തു നീട്ടി. ഒരു ജാതകം!

''മറ്റൊരാൾക്ക് വേണ്ടി അയച്ചു കിട്ടിയതാണ്. അയാൾക്ക് നോക്കിയപ്പോൾ പറ്റുന്നില്ല. തനിക്ക് വേണമെങ്കിൽ നോക്കാം'' മുരളി പറഞ്ഞു.

കുറെക്കാലമായി വേളിയാലോചന നടക്കുന്നു. പല ജാതകങ്ങളും നോക്കിയതുമാണ്. പറ്റിയത് ഒത്തുവന്നിട്ടില്ല. മാത്രമല്ല തിരക്കിലുമായിരുന്നു ഉണ്ണി. മൂകാംബിക യാത്രയുടെ ബദ്ധപ്പാടിൽ. അതുകൊണ്ട് വിശദമായി സംസാരിക്കാനോ പെൺകുട്ടിയുടെ വിശദാംശങ്ങൾ ചോദിക്കാനോ സാധിച്ചില്ല. ജാതകം വാങ്ങി വച്ചു.

അമ്മാമനാണ് ഇത്തരം കാര്യങ്ങൾ നോക്കുന്നത്. ജാതകം അമ്മാമന് എത്തിച്ചുകൊടുക്കാൻ ഏർപ്പാട് ചെയ്തു. നേരത്തെ പറ്റാത്ത ജാതകങ്ങൾകുറച്ചധികം നോക്കിയതാണ്. പറ്റിയത് ഒന്നും ഒത്തുവന്നിട്ടില്ല. ഇത് പറ്റുമോ എന്ന് ആർക്കറിയാം. പറ്റുമെങ്കിൽ പോരേ കാര്യങ്ങൾ തിരക്കാൻ. അതെല്ലാം അമ്മാവൻ നോക്കിക്കൊള്ളും. ഉണ്ണി കൂട്ടുകാരുമൊത്ത് മൂകാംബികയ്ക്ക് യാത്രയായി.

രണ്ടു ദിവസം കഴിഞ്ഞു.

മൂകാംബികയിൽ നിന്ന് ഉണ്ണിയും കൂട്ടരും തിരിച്ചെത്തി. അപ്പോഴേക്കും ചിത്രമാകെ മാറിയിരിക്കുന്നു. ജാതകം ഉത്തമമായി ചേരും. അമ്മാവൻ കാര്യങ്ങളും തിരക്കിയിട്ടുണ്ട്.

എറണാകുളത്താണ് കുട്ടിയുടെ ഇല്ലം. കാശിമന. അവരുമായി അമ്മാവൻ സംസാരിച്ചും കഴിഞ്ഞു. അവർ നോക്കിച്ചപ്പോഴും ജാതകം ഉത്തമമായി ചേരും.

അടുത്ത പടി പെണ്ണുകാണ ലാണ്.

പക്ഷേ, അതിന് സമയമില്ല. കൊൽക്കത്തയ്ക്ക് തിരിച്ചു പോവാൻ മടക്ക ടിക്കറ്റ് എടുത്തിട്ടുണ്ട്. എറണാകുളത്ത് പോയി പെണ്ണുകണ്ട് തിരിച്ചു വരാൻ സമയമില്ല.

''അങ്ങനെ പറഞ്ഞാൽ പറ്റില്ല. സമയം കണ്ടെത്തണം'' അമ്മാമൻ നിർദ്ദേശിച്ചു.

ഒരു കാര്യമേ ചെയ്യാനുള്ളൂ. കൊൽക്കത്തയ്ക്കുള്ള തീവണ്ടി ടിക്കറ്റ് ക്യാൻസൽ ചെയ്യുക. പെണ്ണ് കണ്ട് വന്നശേഷം തത്കാൽ ടിക്കറ്റിന് വേണ്ടി വീണ്ടും ശ്രമിക്കാം. അങ്ങനെ ത്തന്നെ ചെയ്തു.

എറണാകുളത്തെ രാമമംഗലത്താണ് കാശിമന. ശരണ്യയെന്ന് പേര്. ബി.കോം പാസായ കുട്ടി. ഡിഗ്രിതലത്തിലുള്ള ജോലി കിട്ടാൻ അർഹതയുള്ള ആൾ.

താനോ?

നിറയെ ആശങ്കയായിരുന്നു മനസ്സിൽ. പ്രീഡിഗ്രി ഇല്ലാതായി പ്ലസ് ടു ആവുന്ന സമയം. സമരവും സംഘർഷവും. അതിനിടയിൽ വിദ്യാഭ്യാസം എങ്ങുമെത്താതെ നിലച്ചു.

അമ്മയെ നോക്കുകയും കുടുംബം പുലർത്തുകയും ചെയ്യേണ്ട ആൾ. ഏതെങ്കിലുമൊരു ജോലി കിട്ടിയേ തീരൂ. അപ്പോഴാണ് കൊൽക്കത്തയിൽ ഒരു ശാന്തിക്കാരന്റെ ഒഴിവുണ്ടെന്നറിഞ്ഞത്.

കൊൽക്കത്തയെങ്കിൽ കൊൽക്കത്ത!നേരെ അങ്ങോട്ടു വച്ചു പിടിച്ചു. പഠനത്തെപ്പറ്റിയൊന്നും ആലോചിച്ചേയില്ല.

അങ്ങനെയാണ് അവിടെയെത്തിയത്. അതിനിടയ്ക്കാണ് ഈ വേളിയാലോചനയും പെണ്ണുകാണലും. ഇല്ലത്താണെങ്കിൽ വല്യച്ഛനും അപ്ഫൻമാരുമൊക്കെയായി പത്ത് ആൺമക്കളും നാല് അച്ചോളുമാരുമായി വലിയ കുടുംബം. ഇത്തരം ഒരു വൻകൂട്ടുകുടുംബ സാഹചര്യത്തിലെ ശാന്തിക്കാരനെ വേൾക്കാൻ ഡിഗ്രിക്കാരിയായ പെൺകുട്ടി തയ്യാറാവുമോ? ആശങ്കയായിരുന്നു നിറയെ.

ശരണ്യയുടെ അച്ഛനും ശാന്തിയാണ്... കണ്ടെത്തിയ ഒരു സമാനത ഇതു മാത്രമാണ് ചെറിയ ഒരു പ്രതീക്ഷ. ചെന്നു, കണ്ടു സംസാരിച്ചു.അവിടെ അനുഭവിച്ച സാംസ്കാരിക ധന്യത അത്ഭുതാവഹമാണ്.ആദ്യ കാഴ്ചയിൽ തന്നെ സമാനതകൾ തിരിച്ചറിഞ്ഞു.

പോളിയോബാധിച്ച് ചലന പരമായി അൽപം പ്രയാസം നേരിടുന്നയാളാണ് അച്ഛൻ. അദ്ദേഹം പറഞ്ഞു.. 'ശാന്തിക്കാരനായതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ.' ശരണ്യയുടെ അനുജൻ ശരത്നാരായണനും സന്തോഷത്തോടെ സമ്മതം മൂളി. ഇനി ഒരു കടമ്പ കൂടി . ശരണ്യയെ കാണണം.എല്ലാം തുറന്നു പറയണം.

കണ്ട് പരിചയപ്പെട്ടപ്പോൾ പറഞ്ഞു. ''ഞാൻ ശാന്തിക്കാരനാണ്.



**അമ്മാത്തും അച്ചോളുടെ ഇല്ലത്തും പോവാൻ സമയമുണ്ട്. അതും കഴിഞ്ഞു സന്ധ്യയോടെ മാവൂരിലെത്തി. മൊബൈലിൽ കാശ് കുറവാണ്. ഒരു മൊബൈൽ കടയിൽ കയറി റീച്ചാർജ് കൂപ്പൺ വാങ്ങി. ബന്ധുവും സുഹൃത്തുമായ നടുവിലേടത്തെ മുരളി അവിടെയുണ്ടായിരുന്നു. മുരളി പോക്കറ്റിൽ നിന്ന് ഒരു കടലാസ് എടുത്തു നീട്ടി. ഒരു ജാതകം!**




ഇത് ധീരജ് ത്രിപാഠി. യു.പി ബ്രാഹ്മണൻ. അന്യ സംസ്ഥാനത്ത് നിന്ന് തൊഴിൽ തേടി കേരളത്തിലേക്ക് എത്തിയയാൾ. ഉത്തർപ്രദേശിലെ മധുരയിൽ സാക്ഷാൽ ശ്രീകൃഷ്ണന്റെ വൃന്ദാവനത്തിലെ വേദ പാഠ ശാലയിൽ നിന്ന് ശുക്ലയജുർവ്വേദത്തിൽ ആറു വർഷത്തെ പഠനം പൂർത്തിയാക്കിയ ധീരജ് കഴിഞ്ഞ ഒരു വർഷമായി കേരളത്തിലുണ്ട്. ആദ്യ മൂന്നു മാസം മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണയ്ക്കടുത്ത് ഒരു ക്ഷേത്രത്തിൽ ശാന്തി വൃത്തി നോക്കി. ഇപ്പോൾ കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിനടുത്ത് ഒരു ക്ഷേത്ര മേൽശാന്തിയായി കഴിയുന്നു. തികച്ചും കേരളീയ സമ്പ്രദായത്തിലുള്ള പൂജകൾ പഠിച്ചെടുത്തു കഴിഞ്ഞു ഇദ്ദേഹം ഇന്ന്. ഇയാളുടെ സഹോദരനും ഇന്ന് പെരിന്തൽമണ്ണയിലെ ഒരമ്പലത്തിൽ ശാന്തിക്കാരനാണു.

നിർമ്മാണ തൊഴിലിടങ്ങളിൽ മാത്രമല്ല ആത്മീയ മേഖലകളിൽ ഉൾപ്പടെ കേരളത്തിൽ തൊഴിൽ സാധ്യതകളുണ്ടെന്ന് മനസിലാക്കി കേരളത്തിലേക്ക് നൂറോളം യു.പി ബ്രാഹ്മണരെങ്കിലും ഇതിനകം കുടിയേറിക്കഴിഞ്ഞു. പാലക്കാട്, മലപ്പുറം കണ്ണൂർ ജില്ലകളിലെ നിരവധി ക്ഷേത്രങ്ങൾ ഇന്ന് ശാന്തിക്കാരുടെ അഭാവം മൂലം പൂട്ടിപ്പോകാത്തത് ഇവരുടെ സാന്നിധ്യം മൂലമാണു. നമ്പൂതിരി കയ്യൊഴിയുന്ന ശാന്തിവൃത്തിയിലേക്ക് ഉത്തരേന്ത്യൻ പണ്ഡിറ്റുകളും പുരോഹിതരും ഇതിനകം നോട്ടമിട്ട് കഴിഞ്ഞു എന്നതിന്റെ തെളിവാണു ഇവരുടെ കേരളത്തിലെ സാന്നിധ്യം.

**കൊൽക്കത്തെയിൽ നിന്ന് മകൻ നാട്ടിലെത്തിയതിന്റെ സന്തോഷം അമ്മ ഉമാദേവിയ്ക്കുമുണ്ട്. പത്നി ശരണ്യയാണെങ്കിൽ ഇല്ലത്ത് വെറുതെയിരിക്കുകയല്ല. പി.എസ്.സി. പരീക്ഷകളുടെ തയ്യാറെടുപ്പിന് കോച്ചിംഗിനും പോവുന്നു. കരിപ്പാല സുബ്രഹ്മണ്യൻ നമ്പൂതിരിയെന്ന കരിപ്പാല ഉണ്ണിയെന്ന 'കളത്തിലുണ്ണി' തീർത്തും സന്തുഷ്ടനാണ്.**

ഇപ്പോൾ കൊൽക്കത്തയിലാണ്. ഇഷ്ടത്തോടെ സ്വീകരിച്ച തൊഴിലാണ് ശാന്തി. മറ്റൊന്നിനും ശ്രമിക്കുന്നില്ല. മാത്രമല്ല.. ജീവിതാവസാനംവരെ ശാന്തിക്കാരനായിരിക്കും. സമ്മതമാണെങ്കിൽ മാത്രം മതി''


ശാന്തിക്കാരനെ ആദരവോടെ ആരാധിയ്ക്കുന്ന ശരണ്യയ്ക്ക് ഒന്നേ പറയാനുള്ളൂ. 'ശാന്തി എനിക്കിഷ്ടമാണ്?. എല്ലാ തടസ്സങ്ങളും അതിർവരമ്പുകളും അലിഞ്ഞലിഞ്ഞ് ഇല്ലാതായി. അങ്ങനെ ഞങ്ങൾ ഒരുമിച്ചു.

വീണ്ടും കൊൽക്കത്തക്ക് പോവാൻ തയ്യാറായി. തനിച്ചല്ല ശരണ്യയുമൊത്ത്. രണ്ട് ടിക്കറ്റുകൾ ബുക്ക് ചെയ്തു. പക്ഷ, നിയോഗം അല്ലായിരുന്നു. ശരണ്യക്ക് വിശേഷം! അതോടെ ആ ടിക്കറ്റും ക്യാൻസൽ ചെയ്തു.

പിന്നെ മുംബയിലും പൂനെയിലുമൊക്കെയായി ശാന്തി. ശരണ്യ നാട്ടിലും. ആയിടയ്ക്കാണ് ചൂലൂരിലെ പ്രസിദ്ധമായ അരീക്കുളങ്ങര ദേവീക്ഷേത്രത്തിൽ മേൽശാന്തിയുടെ ഒഴിവു വന്നത്. നാട്ടിലേക്ക് മടങ്ങാൻ അതൊരു അവസരമായി. ഇല്ലത്ത് നിന്ന് പോയി വരാവുന്ന ദൂരമേയുള്ളൂ.

ഇപ്പോൾ മകൻ ആദിശങ്കരന് നാലര വയസ്സായി. അച്ഛന്റെ ശ്രാദ്ധം പിന്നെയും അച്ചെണ്ണം കഴിഞ്ഞു. കരിപ്പാല ഇല്ലപ്പറമ്പിൽ അച്ഛൻ ശങ്കരനാരായണൻ നമ്പൂതിരിക്ക് ഭാഗപത്രപ്രകാരം കിട്ടിയ കളപ്പുര പുതുക്കിപ്പണിതു.

തീർത്തും ശാന്തമായ ജീവി



തം.

കൊൽക്കത്തയിൽ നിന്ന് മകൻ നാട്ടിലെത്തിയതിന്റെ സന്തോഷം അമ്മ ഉമാദേവിയ്ക്കുമുണ്ട്. പത്നി ശരണ്യയാണെങ്കിൽ ഇല്ലത്ത് വെറുതെയിരിക്കുകയല്ല. പി.എസ്.സി. പരീക്ഷകളുടെ തയ്യാറെടുപ്പിന് കോച്ചിംഗിനും പോവുന്നു. കരിപ്പാല സുബ്രഹ്മണ്യൻ നമ്പൂതിരിയെന്ന കരിപ്പാല ഉണ്ണിയെന്ന 'കളത്തിലുണ്ണി' തീർത്തും സന്തുഷ്ടനാണ്.

'നാരായണേട്ടാ...ഞങ്ങൾ ഇഷ്ടപ്പെട്ടു വിവാഹം കഴിച്ചവരല്ല. മറിച്ച്, വിവാഹം കഴിച്ച് ഇഷ്ടപ്പെട്ടവരാണ്.'

ഇഷ്ടത്തെ ലൈഫ് ലോങ് ആയി റീചാർജ് ചെയ്ത മൊബൈൽ പ്ലാൻ ആയിത്തോന്നി ആ വാക്കുകൾ. അനന്തമായ ആനന്ദവും ആഹ്ലാദവും പകർന്ന ശാന്തിവൃത്തിയോടും ഈശ്വര ചൈതന്യങ്ങളോടും ഈ കുടുംബത്തിന് കടപ്പാട് ഏറെയുണ്ട്. ഒരേ ഒരു പ്രാർത്ഥനയാണ് തിരുമുമ്പിൽ സമർപ്പിക്കാനുള്ളത്.

'ഇനിയും എന്നും എന്നെന്നും ശാന്തിയുണ്ടാവണേ...എന്നാൽ ഞങ്ങൾ സന്തുഷ്ടരാണ്.. നന്ദി..നമസ്കാരം'

●



# ഇവിടെ മംഗല്യവിഘ്നം:പൂജാരിയാകാൻ അന്യസംസ്ഥാനക്കാർ

ഗ്രേഡ് ഉയർത്തണം

*ശാന്തിക്കാരെപ്പറ്റി പത്രവാർത്തകളിലും*

ഒരു പത്രവാർത്തയാണ് ഇത്. ശാന്തിയെന്ന കുലത്തൊഴിലിൽ ഏർപ്പെടുന്ന ബ്രാഹ്മണർക്ക് പരിണയം നടക്കാത്തത് സംബന്ധിച്ച്.

ജീവിതപങ്കാളിയെ ലഭിക്കില്ലെന്ന ഭയം മൂലം പലരും ശാന്തി വിട്ട് മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നതായും വാർത്തയിലുണ്ട്.

ശാന്തിക്കാരെ പരിഗണിക്കില്ല എന്ന് വിവാഹപരസ്യങ്ങളിൽ വരാൻ തുടങ്ങിയത്രെ.

ശാന്തിക്കാരുടെ വിവാഹ രജിസ്ട്രേഷൻ സ്വീകരിക്കില്ലെന്ന് ഏജൻസികൾ പറയുന്നുവത്രെ.

''സ്ത്രീ മുന്നോട്ട് പുരുഷൻ പിന്നോട്ട്'' എന്നതാണ് ബ്രാഹ്മണ സമൂഹത്തിന്റെ പുതിയ സമവാക്യമെന്ന് വി.ടി.യുടെ മകൻ വി.ടി വാസുദേവൻ പറഞ്ഞതും ഈ വാർത്തയിലുണ്ട്. കണ്ണു തുറപ്പിക്കേണ്ടതാണ് ഈ വാർത്ത.

യോഗക്ഷേമസഭയുടെ വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തതാണ് ഇത്.



# സൗപർണികയിലെ തങ്കമോതിരം

**വിനോദ് മങ്ങത്തായ**

**ഇളകിയാടുന്ന രേഖാംശങ്ങളിൽ ജനിച്ച എന്റെ കുട്ടിയെ ഗ്രഹങ്ങൾ ദ്രോഹിക്കുന്നു (എൻ. എസ്. മാധവൻ, കപ്പിത്താന്റെ മകൾ)**

ആളുകൾ തങ്ങളുടെ ഊഴം കാത്തുനിൽക്കുകയാണ്. പരദേവതയെ പ്രതിഷ്ഠിച്ച ശ്രീലകത്തിനപ്പുറവും ഇപ്പുറവുമായി. പേരുവിളിക്കുന്ന കാര്യസ്ഥർ. ആരെ എപ്പോൾ വിളിക്കുമെന്ന് നിശ്ചയമില്ല. ചിലപ്പോൾ പെട്ടെന്നാകാം, കുറേ കഴിഞ്ഞെന്നും വരാം. പ്രഭാതം മുതൽ പ്രദോഷം വരെ എന്ന കണക്കും ഇവിടെ പ്രസക്തമല്ല. രാപ്പകലുകളും നാഴികവിനാഴികകളും ഇല്ലത്തെ പരദേവതയായ മൂകാംബികക്കു മുമ്പിൽ ധ്യാനിച്ചുനിന്നുപോയതായിരിക്കാം.

ഇത് വടകര, ഓർക്കാട്ടേരിയിലെ പാറോളി ഇല്ലം. മാറാരോഗങ്ങൾക്ക്, പൂണ്ടടക്കം പിടിച്ച് വിട്ടുമാറാത്ത വിഭ്രാന്തികൾക്ക് പരിഹാരങ്ങൾ തേടി പല ദേശത്തുനിന്നുമായി വരുന്നവർ. ആർക്കും ഏതുസമയത്തും ഓടിവരാവുന്ന മൂകാംബികയുടെ സന്നിധാനം. പ്രശ്നങ്ങളും പരിഹാരങ്ങളും ഔഷധസേവയും കഴിയുമ്പോൾ ചിലപ്പോൾ പകലൊടുങ്ങിയെന്നുവരാം. അല്ലെങ്കിൽത്തന്നെ പകലിനും രാത്രിക്കും എന്തു വ്യത്യാസം? ഇവിടത്തെ പകൽ, ഭൂമിയുടെ മറ്റേ അർധഗോളത്തിൽ രാത്രിയല്ലേ? അത്ഭുതമില്ല; തേവാരവും വന്നവർക്കുള്ള പരിശോധനകളും അത്യാവശ്യം പൂജകളും കഴിയുമ്പോൾ ഇവിടത്തെ നമ്പൂതിരിമാർക്ക് പ്രാതൽ മധ്യാഹ്നത്തിലായേക്കാം.

നാദാപുരം റോഡിൽ ഒഞ്ചിയവും ഓർക്കാട്ടേരിയും. ടി.പി.ചന്ദ്രശേഖരൻ ചുവപ്പിച്ച സ്ഥലങ്ങളിലൂടെയാണ് ഞങ്ങളുടെ കാർ നീങ്ങിയത്. ആദ്യം പോയത് തറവാട്ടിലേക്ക് തന്നെയാണ്. പാറോളിയുടെ കാര്യമാകുമ്പോൾ എത്തിയത് / ദേവി എത്തിച്ചത് എന്നു പറയുന്നതാവും ശരി. ക്ഷണനേരം കൊണ്ട് മറ്റൊരു ലോകത്തെത്തിയപോലെ. പഴയ ഇല്ലവും പടിപ്പുരമാളികയും. നൂറിൽ കുറയാത്ത ആളുകൾ കാത്തുനിൽക്കുന്നുണ്ട്. മാനേജർമാരിലൊരാൾ പേരു വിളിക്കുന്നു. മൂന്നു ഭാഗങ്ങളിലായി പുരുഷോത്തമൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി എന്നിവർ. ഞങ്ങളെക്കണ്ട് പുരുഷോത്തമൻ നമ്പൂതിരി പുറത്തുവന്നു. ഞങ്ങൾ ഒരു കിളിവാതിലിലൂടെ പരദേവതയെ തൊഴുതു.

### കാരുണ്യത്തിന്റെ തട്ടകം

പാറോളിയിൽ ഒന്നും ചെയ്യുകയല്ല; ദേവി ചെയ്യിക്കുകയാണ്. എല്ലായിടത്തും ഒരു നിഗൂഢത മൂടിനിൽക്കുന്നപോലെ. നേരത്തെ നിശ്ചയിച്ചതനുസരിച്ച് സ്വസ്തിക്കു വേണ്ടി ചിത്രങ്ങളെടുക്കാൻ, എത്ര ശ്രമിച്ചിട്ടും പരിചയസമ്പന്നനായ ടീം ഫോട്ടോഗ്രാഫർക്ക് ക്യാമറ ഫ്ളാഷ് ഓൺ ആക്കാൻ പറ്റിയില്ല. ഗൂഢമായ ചിന്തകളും പ്രവർത്തനങ്ങളും ദേവിയുടെ തട്ടകത്തിൽ സാധ്യമല്ലെന്ന തിരിച്ചറിവുണ്ടായപ്പോൾ, ഉൾക്കണ്ണ് തുറന്നപ്പോൾ പാറോളി ഇല്ലത്തിനും ഇല്ലപ്പറമ്പിലെ കാഴ്ചകൾക്കും വല്ലാത്തൊരു കാരുണ്യം. പിന്നീടെപ്പോഴോ

*തറവാട്ടുകാരണവർ*
*ദാമോദരൻ നമ്പൂതിരി*



*മകൻ*
*ഉണ്ണികൃഷ്ണൻ നമ്പൂതിരി*



ഞങ്ങളുടെ, അല്ല ദേവിയുടെ ക്യാമറ തന്നെ ഈ ചിത്രങ്ങളൊക്കെ പകർത്തുകയും ചെയ്തു.

പുരുഷോത്തമൻ നമ്പൂതിരി ഊണിനെത്തിയപ്പോൾ സമയം പകൽ നാലു മണി കഴിഞ്ഞു. പാറോളിയിലെ ഈ മഹാകാർമ്മികന്റെ വാക്കുകളിലൂടെ.

സമയം ഇവിടെ ഒരു വിഷയമല്ല. എപ്പോൾ ഇന്നത് ചെയ്യാമെന്നോ, എവിടെ ആരെ കാണാമെന്നോ ഇവിടത്തെ നമ്പൂതിരിമാർ തീരുമാനിച്ചിട്ടില്ല. എല്ലാം സാക്ഷാൽ മൂകാംബികയാണ് തീരുമാനിക്കുന്നത്.

ആവശ്യക്കാരെ ഇവിടെ എത്തിക്കുന്നത് ദേവിയാണ്. പരദേവതയെ ധ്യാനിച്ചശേഷം പരിഹാരങ്ങളും ആവശ്യമെങ്കിൽ ഔഷധവും ഞങ്ങളെക്കൊണ്ട് നിർദ്ദേശിപ്പിക്കുന്നതും ദേവിയാണ്. നീലരാവിൽ വാതിൽക്കൽ മുട്ടുന്ന ആവശ്യക്കാർക്കായി ഈ ഇല്ലത്തെ ഒരു താവഴിക്കാരുടെയും വാതിൽ തുറക്കാതെ വന്നിട്ടില്ല. ഏതു സമയവുമാകാം. രാവിന്


*പാറോളി ഇല്ലം*

തന്നെ അർത്ഥവ്യത്യാസം കാണാത്ത ഇവിടെ അർധരാത്രിക്കും പ്രത്യേകിച്ച് അർത്ഥമൊന്നുമില്ലെന്ന് സാരം. മന്ത്രോപദേശം നേടിയ വിവാഹിതരായവർക്ക് മാത്രമേ പാറോളിയിൽ വന്ധ്യതാ ചികിത്സ നടത്താൻ അർഹത ഉള്ളൂ. ഞങ്ങളുടെ ലൗകിക ജീവിതവും പരദേവതയുടെ പൂജയും രോഗീപരിചരണവുമെല്ലാം ഇവിടെ വേറിട്ടതല്ല.

ഇവിടെനിന്ന് നൽകുന്ന ഔഷധങ്ങളെല്ലാം ഇവിടെ ഉണ്ടാക്കുന്നവയാണ്. പലതും നിയതിയുടെ അജ്ഞാതമായ തീരുമാനങ്ങൾക്കനുസരിച്ച് തൽസമയം സംഭവിക്കുന്നതും. അച്ഛന്റെ (പരേതനായ പത്മനാഭൻ നമ്പൂതിരി) കാലത്ത് നടന്ന ഒരു സംഭവം ഓർമ്മവരുന്നു. രാത്രി അസഹ്യമായ വേദനയുമായി ഒരാളെ ഇല്ലത്തേക്ക് കൊണ്ടുവന്നു. ഒരല്പനേരം ധ്യാനിച്ചശേഷം അച്ഛൻ അവരോട് കാത്തിരിക്കാൻ പറഞ്ഞു. അമ്മയെ വിളിച്ച് കുട്ടിയായ എന്നെയും കൂട്ടി കുളത്തിലേക്ക് പോന്നു അച്ഛൻ. കുളി കഴിഞ്ഞശേഷം കോട്ടക്കണ്ട

## പൊതച്ച മുത്തശ്ശി

പാറോളിയിൽ പൂജാകർമങ്ങൾ ചെയ്യുക അവിടത്തെ നമ്പൂതിരിമാർ മാത്രമാണ്.. എന്നാൽ മൂകാംബികയുടെ അനുഗ്രഹവർഷം ഭക്തരുടെ മാറാരോഗങ്ങൾക് ഔഷധമായി ത്തീരുന്ന പ്രവർത്തനത്തിൽ ഇല്ലത്തെ അകത്തമ്മമാർ നമ്പൂതിരിമാർക്ക് ഒപ്പം പ്രയത്നിച്ചു വന്നു... വിശിഷ്ടമായ കൂട്ടിൽ അതിവിശിഷ്ടമായി നിർമിക്കുന്ന ഗുളികകളുടെ ഉരുട്ടൽ മുതൽ എല്ലാം.. പാറോളിയിലെ പെരുമയിൽ മുത്തശ്ശിമാരും വലിയ പങ്കാണ് വഹിച്ചത്.. മുൻ തലമുറയിലെ അവസാന കണ്ണി ആയിരുന്ന ഈ മുത്തശ്ശി, വസ്ത്രധാരണത്തിന്റെ പഴയ രീതിയാലാവാം പൊതച്ച മുത്തശ്ശി എന്നറിയപ്പെട്ടു.കഴിഞ്ഞ വർഷം അന്തരിച്ച ഈ മുത്തശ്ശിയുടെ



ചിരസ്മരണയിൽ, സാക്ഷാൽ ജഗദംബയുടെ അംശങ്ങളായ പാറോളിയിലെ എല്ലാ അമ്മമാരെയും ഭക്ത്യാദരപൂർവ്വം പ്രണമിക്കുന്നു.

*വാസുദേവൻ നമ്പൂതിരി*




*മക്കൾ*



*വാസുദേവൻ നമ്പൂതിരി*



*നന്ദീശൻ നമ്പൂതിരി*



*നാരായണൻ നമ്പൂതിരി*



*ഉണ്ണികൃഷ്ണൻ നമ്പൂതിരി*

ത്തിലേക്ക് നടന്ന് ''ദാ അതിങ്ങു പറച്ചോളാ'' എന്നമ്മയോട് പറഞ്ഞത് എനിക്ക് നല്ല ഓർമ്മയുണ്ട്. പറിച്ചെടുത്ത്, മൂകാംബികയുടെ തിരുനടയിൽ വെച്ച് പ്രാർത്ഥിച്ചശേഷം, മാറാവേദനയുള്ള രോഗിക്ക് നൽകിയത് ആ മരുന്നായിരുന്നു. ആത്തുള്ളാളുടെ കൂടെയേ ഇത്തരം ദിവ്യൗഷധങ്ങൾ പറയ്ക്കാൻ പോകാവൂ എന്നാണ് വിധി. ആ ചെടിയും കതിരുമൊന്നും അടുത്ത പ്രഭാതത്തിൽ കണ്ടില്ലെന്നും വരാം.

750 വർഷങ്ങൾക്കപ്പുറത്ത് ശുകപുരം ഗ്രാമത്തു നിന്ന്, ഇവിടത്തെ വാമനമൂർത്തീ ക്ഷേത്രം സംരക്ഷിക്കാനായി എത്തിയവരാണ് ഞങ്ങൾ എന്നാണ് ഐതിഹ്യം. ദാ അതാണ് ഞങ്ങളുടെ വാമനമൂർത്തീ ക്ഷേത്രം. വൈക്കം ഉദയനാപുരത്ത് ഞങ്ങൾക്ക് കാരായ്മ ശാന്തി ഉണ്ട്. കുറച്ചു ക്ഷേത്രങ്ങളിൽ താന്ത്രിക ചുമതലയുമുണ്ട്. ശുകപുരം ക്ഷേത്രത്തിനടുത്ത് കിഴക്കുഭാഗത്തായി പാറോളി എന്ന പേരിൽ ഒരു പറമ്പുമുണ്ട്. പോലീസിൽ നിന്നും റിട്ടയർ ചെയ്ത വാസുദേവൻ നമ്പൂതിരി പറഞ്ഞു. മൂകാംബിക ഞങ്ങളുടെ പരദേവതയായതും ഇന്നു കാണുന്ന പൂജാ– വൈദ്യകർമ്മങ്ങളൊക്കെയും; മറ്റൊരു കഥ, അല്ല സംഭവവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

പാറോളിയിൽ ജനിച്ച ദിവ്യനായ ഒരു ഉണ്ണിയുണ്ടായിരുന്നു. സമാവർത്തനശേഷം കാശിക്ക് പോകുന്നതിനെ പ്രതീകാത്മകമായി സൂചിപ്പിക്കുന്ന ഏഴ് അടി വെക്കൽ എന്ന ചടങ്ങുണ്ട്. അന്ന് ആ ബ്രഹ്മശ്രേഷ്ഠൻ ഏഴിൽ ഒതുക്കാനാകാത്ത നാഴികകൾ താണ്ടി പ്രപഞ്ച രഹസ്യം അന്വേഷിച്ച് കുടജാദ്രിയിൽ എത്തിയത്രേ. അമ്മയെ ഭജിച്ചും ക്ഷേത്രത്തിൽ അടികളെ പൂജാവിഷയങ്ങളിൽ സഹായിച്ചും ഉണ്ണി കഴിഞ്ഞുവന്നു. നിത്യവുമുള്ള സഹസ്രാവൃത്തിക്കായി പുലർച്ചെ രണ്ടു മണിക്കുണരാറുള്ള നമ്പൂതിരി ഒരു ദിനം കുറച്ച് നേരത്തെയായിപ്പോയി. അസമയത്ത് സൗപർണികയിലെത്തിയപ്പോൾ കണ്ടത് ഒരു സ്ത്രീയെ. അവരുടെ സ്നാനം കഴിയുന്നതുവരെ കാത്തിരുന്ന് പിന്നീട് സൗപർണികയിൽ ഇറങ്ങിയ ആ ദിവ്യന് തീരത്തുനിന്നും ഒരു സ്വർണമോതിരം കിട്ടി. മോതിരം തിരിച്ചുകൊടുക്കാൻ പോയ നമ്പൂതിരി കണ്ടത് സാക്ഷാൽ ജഗദംബയായ മൂകാംബികയെ. സർവ്വാലങ്കാര വിഭൂഷിതയായി മായാമയിയും തത്വമയിയുമായ അമ്മ. രഹസ്യ മന്ത്രങ്ങളടങ്ങിയ വിശിഷ്ട ഗ്രന്ഥങ്ങളും അനന്തകോടി അനുഗ്രഹങ്ങളും നൽകി ഋഷിവര്യനായ ആ നമ്പൂതിരിയെ മൂകാംബിക പാറോളിയിലേക്ക് തന്നെ തിരിച്ചയച്ചു. ലോകോപകാരാർത്ഥം ക്ഷേത്രമായി പൂജിച്ച് കർമ്മങ്ങൾ ചെയ്യണമെന്നും നിർദ്ദേശിച്ചു. തലമുറകളായി തുടരുന്ന ഉപാസന അന്നു മുതൽ തുടങ്ങി.

## സാത്വികം മാത്രം

പാറോളിയിൽ പുലയോ വാലായ്മയോ വന്നാൽ പൂജകൾ കഴിക്കാറില്ല. മറ്റാളുകൾക്ക് അവ ചെയ്യാനുള്ള അവകാശവുമില്ല. ചൊവ്വയും വെള്ളിയുമാണ് വിശേഷാൽ പൂജകൾ. അന്ന് രോഗികളെ കാണൽ പതിവില്ല. നവരാത്രി വരെ വിശേഷമാണ്. കർക്കടകം ഒന്നു മുതൽ നാൽപ്പത്തൊന്ന് ദിവസമാണ് പാറോളിയിലെ വിശിഷ്ടമായ ഈശ്വരസേവ. സാത്വികമായ ആരാധനയും ചികിത്സയുമേ ഇവിടെ പതിവുള്ളൂ. ചങ്ങലക്കിടലും മന്ത്രവാദക്കളങ്ങളിലെ സാധാരണ കാണുന്ന മർദ്ദനങ്ങളും പാറോളിയിൽ ഇല്ലേ ഇല്ല.

ചികിത്സ സ്ഥൂലത്തിനല്ല,

പരേതനായ
പത്മനാഭൻ നമ്പൂതിരി



മക്കൾ



വാസുദേവൻ നമ്പൂതിരി



പുരുഷോത്തമൻ
നമ്പൂതിരി



പത്മനാഭൻ
നമ്പൂതിരി



കാർത്തിക്
വാസുദേവൻ
(പത്മനാഭ പ്രസാദ്
മകൻ)



സൂര്യദേവ്
(പത്മനാഭൻ
നമ്പൂതിരി മകൻ)



പത്മനാഭ പ്രസാദ്
(വാസുദേവൻ നമ്പൂതിരി
മകൻ)



ലിതേഷ് പത്മനാഭൻ
(പുരുഷോത്തമൻ
നമ്പൂതിരി മകൻ)



കൃഷ്ണദേവ്
(പുരുഷോത്തമൻ
നമ്പൂതിരി മകൻ)


സൂക്ഷ്മത്തിനാണ്. രോഗിക്ക് ഭയത്തിന്റെ ചങ്ങലകളില്ലെന്ന ബോധം ഉണ്ടാക്കി ശാന്തിയുടെ പുതുലോകം തുറക്കുകയാണ് മൂകാംബികയും ദേവിയുടെ ദാസന്മാരായ ഞങ്ങളും.

കടത്തനാട്ട് വൈദിക മാന്ത്രിക പാരമ്പര്യമുള്ള ഒരു ബ്രഹ്മാലയമാണ് പാറോളി. ശുകപുരം ദക്ഷിണാമൂർത്തി പരദേവതയായ പാറോളിയിലെ ഋഗ്വേദികൾ, കാലഘട്ടം ഏല്പിച്ച ദൗത്യവുമായി ഇങ്ങ് വടക്ക് എത്തുകയായിരുന്നു. ആശ്വലായനഗൃഹ്യസൂത്രം പിന്തുടരുന്ന പാറോളിക്കാർ പരമ്പരയാ തിരുവൈക്കത്തപ്പന്റെ ശാന്തിവൃത്തി അനുഷ്ഠിച്ചുപോരുന്നവരാണ് ഇന്നും, എന്നും. പാറോളിയിലെ ഒരാൾ കാരായ്മ ശാന്തിയുമായി ബന്ധപ്പെട്ട വൈക്കത്തായിരിക്കും. വൈദ്യനാഥനായ വൈക്കത്തപ്പൻ, ഉപാസനാമൂർത്തി



പുതുതലമുറയിലെ ഡോക്ടർ
ഡോ. ശരണ്യ (ലിതേഷ്
പത്മനാഭന്റെ സഹധർമ്മിണി)

## ഉപാസനയുടെ പുണ്യം



പരേതനായ
വാസുദേവൻ നമ്പൂതിരി

പാറോളി ഇല്ലത്തെ നമ്പൂതിരിമാർ അന്നും ഇന്നും ഋഷീശ്വരന്മാരാണ്. കലശം അടക്കമുള്ള താന്ത്രിക വിധികൾ പഠിച്ചവരാണ്. വിവിധ ക്ഷേത്രങ്ങളിലെ തന്ത്രിമാരുമാണ്. കർശനമായ ചിട്ടകൾ ജീവിതത്തിൽ സൂക്ഷിക്കുന്നവരും. വൈക്കത്തപ്പനും ഓർക്കാട്ടേരി വാമനമൂർത്തിയും ഇല്ലത്തെ മൂകാംബികയും– ഈശ്വരോപാസന കഴിഞ്ഞേ ഇവർക്ക് ജീവിതമുള്ളൂ. ഇന്നത്തെ ആചാര്യന്മാരുടെ പിതാവും മുത്തച്ഛനുമായ, പരേതനായ വാസുദേവൻ നമ്പൂതിരിയുടെ കാലം മുതലേ പാറോളിയിലുള്ള പ്രത്യേക നിഷ്ഠകൾ നാട്ടുകാർ ആദരവോടെ ഓർക്കുന്നു. അദ്ദേഹത്തിന്റെ മകൻ പരേതനായ പദ്മനാഭൻ നമ്പൂതിരിയാവട്ടെ അക്ഷരാർത്ഥത്തിൽ കടത്തനാടിന്റെ മുഴുവൻ ആത്മീയാചാര്യനായി മാറി. സമൂഹത്തിന്റെ വിവിധ തുറകളിൽ സേവനമനുഷ്ഠിക്കുമ്പോഴും ഇവർക്ക് മുഖ്യം ദേവ്യുപാസന തന്നെ. ഇന്ത്യൻ സിവിൽ സർവ്വീസിലേക്ക് പോകാൻ വലിയ താല്പര്യമുണ്ടായിട്ടും അമ്മയുടെ തട്ടകം വിടാത്ത പദ്മനാഭൻ നമ്പൂതിരി (ജൂനിയർ), തന്ത്രവിദ്യാപീഠം ബിരുദം നേടിയശേഷം മൂകാംബികയെ സേവിക്കുന്ന അദ്ധ്യാപകനായ പദ്മനാഭപ്രസാദ്, ബാങ്ക് ജോലിത്തിരക്കുകളിലും വിശ്രമമില്ലാതെ ഇല്ലത്തെ പൂജകളിലേർപ്പെടുന്ന ലിതേഷ്, ആയുർവ്വേദ ഡോക്ടറാകാനുള്ള പഠനത്തിനിടയിലും ഉപാസന തുടരുന്ന കൃഷ്ണദേവ്– പാറോളിയിലെ നിഷ്കാമികളായ കർമ്മികളുടെ പരമ്പര തുടരുകതന്നെയാണ്, തലമുറകളിൽനിന്ന് തലമുറകളിലേക്ക്.

യായ സാക്ഷാൽ മൂകാംബിക, വാമനമൂർത്തിയുടെ തട്ടകം- ''വന്ദേ പാർവ്വതീ പരമേശ്വരൗ.''

ഇപ്പഴത്തെ തറവാട്ടുകാരണവരായ ദാമോദരൻ നമ്പൂതിരി ചോറോട് സ്കൂൾ ഹിന്ദി പണ്ഡിറ്റായാണ് വിരമിച്ചത്. തറവാടിന്റെ വടക്കുഭാഗത്ത് താമസിക്കുന്നു.പുറത്തുപോയി വിദ്യാഭ്യാസത്തിന് ഭാഗ്യമുണ്ടായ പാറോളിയിലെയും അന്നാട്ടിലെത്തന്നെയും ചുരുക്കം ചിലരിലൊരാൾ. പതിറ്റാണ്ടുകളുടെ അനുഭവകഥകൾ സൂക്ഷിക്കുന്ന ജ്ഞാനതപസ്വി. കർമ്മികളുടെ നിരയിൽ അദ്ദേഹത്തിന്റെ മകൻ ഹോമിയോ ഡോക്ടർ കൂടിയായ ഉണ്ണികൃഷ്ണനും പൂർണ്ണ സമയവും മൂകാംബികയെ സേവിക്കുന്നു.

തറവാട്ടിൽ, സ്വജീവിതം തന്നെ ദേവ്യുപാസനയാക്കി മാറ്റിയ വാസുദേവൻ നമ്പൂതിരിയും കുടുംബവുമാണ്. നാലു പുത്രന്മാർ - വാസുദേവൻ, നന്ദീശൻ, നാരായണൻ, ഉണ്ണികൃഷ്ണൻ. മൂത്ത പുത്രനായ വാസുദേവൻ നമ്പൂതിരി തിരുവൈക്കത്തപ്പനെ സേവിക്കുമ്പോൾ മറ്റു മൂന്നു പേർ പിതാവിന്റെകൂടെ പാറോളിയിൽ ഉപാസനയിലായിരിക്കും. വെള്ളിയാഴ്ചകളിൽ മുടങ്ങാതെ ഉരുക്കഴിക്കുന്ന മൂവ്വായിരത്തിൽ കൂടുതലുള്ള ദ്വാദശാക്ഷരി. പൗർണമിയിലെ ശ്രീചക്രപൂജ. വാർഷികമായി കഴിക്കുന്ന അഷ്ടദളം കളമായുള്ള പ്രത്യേകം കളംപാട്ട്. തറവാട്ടിലെ പടിഞ്ഞാറ്റയിലും ഒപ്പം ഹൃദയ ശ്രീകോവിലിലും പൂജിക്കുന്ന സാക്ഷാൽ മൂകാംബിക. ഭക്തർ പ്രശ്നപരിഹാരാർത്ഥം വഴിപാടായി നടത്തുന്ന പൂജാദികളും ഹോമങ്ങളും. സർവ്വ ശുദ്ധാശുദ്ധങ്ങളും നിലനിർത്തി, സാക്ഷാൽ ജഗദംബയെ പവിത്രമായി സേവിക്കുന്ന ഈ ദേവീദാസർ തങ്ങളുടെ ജീവിതം തന്നെ അമ്മയ്ക്ക് അർപ്പിച്ചവരാണ്.

തറവാടിന്റെ തെക്കുഭാഗത്ത് താമസിക്കുന്നത് പരേതനായ പത്മനാഭൻ നമ്പൂതിരിയുടെ പുത്രന്മാരാണ്. വാസുദേവൻ നമ്പൂതിരി, പുരുഷോത്തമൻ നമ്പൂതിരി (ഉണ്ണിത്തിരുമേനി), പത്മനാഭൻ നമ്പൂതിരി എന്നിവർ. തപോനിഷ്ഠമായ മനസ്സോടെ ശ്രീലകത്തെ മൂകാംബികയെ ഉപാസിച്ചിരുന്ന ഋഷീശ്വരൻ തന്നെയായിരുന്നു പരേതനായ പത്മനാഭൻ നമ്പൂതിരി. അദ്ദേഹത്തിൽ നിന്നും വിശിഷ്ട മന്ത്രങ്ങളുടെ ഉപദേശം നേടിയ പുത്രന്മാർ പാറോളിപ്പെരുമയുടെ മങ്ങാത്ത തേജസ്സായി അമ്മയെ സേവിക്കുന്നു.

പാറോളി ഇല്ലത്തിന് സൈൻ ബോർഡുകളോ പരസ്യങ്ങളോ ഇല്ല. ആർക്കും എപ്പോഴും വരാം. സമയം ഇവിടെ വിഷയമല്ല. എപ്പോഴാണ് ദേവി സാധ്യമാക്കുന്നത് എന്നതാണ് അതിന്റെ സമയം. ഇല്ലത്തിന്റെ ഗ്രന്ഥപ്പുര നിറയെ വിശേഷാൽ ഗ്രന്ഥങ്ങളാണ്. മൂകാംബികയുടെ അമൃതതീർത്ഥം ചേരാത്ത ഒരൗഷധവും ഇവിടന്നു നൽകുന്നുമില്ല. എല്ലാ ദിവസവും ത്രികാല പൂജ നടത്തുന്ന ഇവിടെ മന്ത്രമുണ്ട്, പ്രാർത്ഥനയുണ്ട്, വ്രതമുണ്ട്. ചികിത്സയുമുണ്ട്. ശാരീരികമായും മാനസികവുമായ മാറാരോഗങ്ങൾക്ക് ശമനത്തിനായി ആളുകൾ ഈ സന്നിധിയിലെത്തുന്നു. ''ഞങ്ങളൊക്കെ ഉപകരണങ്ങൾ മാത്രമാണ്. എല്ലാം പരിപാലിക്കുന്നത് ശ്രീലകത്തുള്ള മൂകാംബികയാണ്.''

പുതുതലമുറയിലെ ഡോക്ടർ ശരണ്യ, ഇല്ലത്തും പുറത്തുമായി വളരെ തിരക്കുള്ള ആയുർവ്വേദ ഡോക്ടർ. ആയുർവ്വേദം പഠിക്കുന്ന കാലത്തുതന്നെ ഈ ഇല്ലത്തെപ്പറ്റി കേട്ടിരുന്നെന്ന് ശരണ്യ. വന്ധ്യത, അപസ്മാരം, മാനസിക രോഗങ്ങൾ എന്നിവക്കാണ് പ്രധാനമായും രോഗികൾ ഇവിടെ എത്തുന്നത്. ആയുർവേദത്തിന്റെ അനന്തസാധ്യതകൾ പ്രയോഗസാദ്ധ്യമാക്കുന്ന ഒരിടം എന്ന നിലയിൽ ഇവിടേക്ക് വിവാഹം കഴിച്ചുകൊണ്ടുവന്നതിൽ താൻ വളരെ സന്തോഷവതിയാണെന്ന് കൊച്ചുഡോക്ടർ പറഞ്ഞു. ഔഷധങ്ങൾ- ഗുളികകൾ, അരിഷ്ടങ്ങൾ, കഷായങ്ങൾ- എല്ലാം ഇവിടെത്തന്നെയാണ് ഉണ്ടാക്കാറ്. ഇത്രയും തിരക്കില്ലാത്ത കാലത്ത് കർമ്മികളുടെ നിർദ്ദേശമനുസരിച്ച് ഗുളികകൾ ഉണ്ടാക്കിയിരുന്നത് അമ്മമാരും മുത്തശ്ശിമാരുമായിരുന്നു. ഗ്രന്ഥപ്പുരയിൽ കാര്യവിചാരം നടത്തുന്ന കാരണവന്മാർ. വർഷങ്ങളായി സൂക്ഷിച്ചുവെച്ചിരിക്കുന്ന തൈലങ്ങളും അരിഷ്ടങ്ങളും ഇന്നുമിവിടെ ഉണ്ട്. ഇവിടെ എത്താൻ കഴിഞ്ഞത് തന്നെ മുജ്ജന്മപുണ്യം കാരണമാണെന്ന വിനയം കുട്ടിഡോക്ടറുടെ പൂപ്പുഞ്ചിരിയിൽ നിറഞ്ഞു. മൂകാംബികയുടെ അനുഗ്രഹത്തോടെ ഇനിയും പഠിക്കണം, ജനങ്ങളെ സേവിക്കണം. ശരണ്യ തിരക്കുകളിലേക്ക് നീങ്ങി. 'സഹധർമ്മശ്ചര്യതാം' എന്ന വേളിയോത്തിന്റെ സാകല്യം.

### പാറോളിയിലെ അപ്ഫൻ നമ്പൂതിരി

ഗുരുവായൂരപ്പന്റെ ശീവേലി 40 വർഷങ്ങൾക്കു മുമ്പുള്ള ഈ ചിത്രത്തിൽ വലത്തേ അറ്റത്ത് കാണുന്ന ഭസ്മധാരിയായ ഭക്തോത്തമൻ പാറോളിയിലെ അപ്ഫൻ നമ്പൂതിരിയാണ്. ഭാഗവതാചാര്യനായിരുന്ന കൃഷ്ണൻ നമ്പൂതിരി. ഗുരുവായൂരമ്പലത്തിലും തിരുനാമാചാര്യൻ ആഞ്ഞത്തിന്റെ നാരായണാലയത്തിലും സജീവ സാന്നിദ്ധ്യമായി മാറിയ ഇദ്ദേഹത്തെ, ഭക്തർ ഗുരുവായൂരിലെ പീതാംബരൻ തിരുമേനി എന്ന് ആദരപൂർവ്വം വിളിച്ചിരുന്നു. വാമനമൂർത്തിയുടെ ഊരാളൻ പണ്ടൊരുനാൾ ഗുരുവായൂരപ്പന്റെ



പ്രിയഭക്തനായതും നാമജപത്തിലൂടെ ഭഗവൽപദത്തിൽ മോക്ഷം പ്രാപിച്ചതും ചരിത്രം.



*ഓർക്കാട്ടേരി വാമനമൂർത്തി ക്ഷേത്രം. ഈ ക്ഷേത്രത്തിന്റെ സംരക്ഷണത്തിനായാണ് പാറോളി നമ്പൂതിരിമാർ ഇവിടെയെത്തിയത്.*


**അനുഭവകഥകളും സാക്ഷ്യങ്ങളും എണ്ണിയാലൊടുങ്ങാത്തവയാണ്.** മാനസിക വിഭ്രാന്തിയുടെ ഏതോ തലങ്ങളിലെത്തിയപ്പോൾ വടകരയിലെ വിഖ്യാതനായ ജ്യോതിഷികളിലൊരാൾ കവിടിക്ക് പകരം അരിമണികൾ എടുത്തു വിതറാൻ തുടങ്ങിയത്രേ. പലതരം ചികിത്സകൾ കഴിഞ്ഞിട്ടും രോഗം ശമിക്കാതെ വന്നപ്പോൾ ഇല്ലത്തു വന്ന് അമ്മയോട് സങ്കടങ്ങൾ പറഞ്ഞു. കടത്തനാട്ടുകാരുടെ പ്രിയപ്പെട്ട ഗുരുസ്വാമിയും ജ്യോതിഷ പണ്ഡിതനുമാണിന്നദ്ദേഹം.

### മെഡിക്കൽ സയൻസിനെയും വിസ്മയിപ്പിച്ച്...

അമ്മയുടെ പരമഭക്തനായ ഒരധ്യാപകൻ ന്യൂമോണിയ പിടിച്ച് കിടപ്പിലായി. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐ.സി.യു.വിലായ ഇദ്ദേഹത്തെ പരിശോധിച്ച ഡോക്ടർമാർ അണുബാധിതമായ ശ്വാസകോശം കണ്ട് പ്രതീക്ഷകളെ കൈയൊഴിഞ്ഞു. രോഗിയെ പാറോളിയിലെ അന്നത്തെ ആചാര്യന്മാരിലൊരാൾ ആശുപത്രിയിൽ പോയി കണ്ട് അമ്മയുടെ പ്രസാദം നൽകി തഴുകി. ദിവസങ്ങൾക്കുള്ളിൽ രോഗം സുഖപ്പെട്ട ഇദ്ദേഹത്തിന്റെ മുൻപും പിൻപുമുള്ള എക്സ്റേ ഫോട്ടോകൾ മെഡിക്കൽ സയൻസിനെപ്പോലും അത്ഭുതപ്പെടുത്തുന്നതായി കടത്തനാട്ടെ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തുന്നു. മുടങ്ങാതെ ദർശനം നടത്തുന്ന ആ പുണ്യവാൻ അതുപോലുള്ള ആയിരങ്ങളിലൊരാൾ. ജാതിമത ഭാഷാ ദേശഭേദമില്ലാതെ എത്തുന്ന ഭക്തർ പാറോളി അമ്മയുടെ അനുഗ്രഹവർഷം തേടുകയും നേടുകയും ചെയ്യുന്നു.

ചങ്ങലക്കിട്ട ഉന്മാദക്കാർ ഈ സന്നിധിയിൽ നിന്നും സാധാരണപോലെ നടന്നുപോയി

## നാട്ടുകാരുടെ സ്വന്തം ഉണ്ണിത്തിരുമേനി



പാറോളിയിലെ മഹാ മാന്ത്രികനായിരുന്ന പരേതനായ പത്മനാഭൻ നമ്പൂതിരിയിൽ നിന്നും കർമ്മജ്ഞാനം ചെറുപ്പത്തിൽ തന്നെ ലഭിക്കാൻ ഭാഗ്യമുണ്ടായി രണ്ടാമത്തെ മകനായ, നാട്ടുകാർ സ്നേഹപുരസ്സരം ഉണ്ണിത്തിരുമേനി എന്ന വിളിക്കുന്ന പുരുഷോത്തമൻ നമ്പൂതിരിക്ക്... പാറോളിയിലെ വിശിഷ്ടരായ കർമ്മകളിൽ ഒരു പക്ഷേ ഒരധിക പ്രശസ്തി ഉണ്ണിത്തിരുമേനിക്കുണ്ടെന്നു തന്നെ കരുതണം... മലയാള സിനിമയിലെ മഹാനടനും കുടുംബവും വർഷങ്ങൾക്ക് മുമ്പ് തന്നെ അമ്മയുടെ കാരുണ്യം തേടിയെത്തിയതും ഉണ്ണിത്തിരുമേനിയെ സന്ദർശിച്ചതും ചരിത്രം.. പേരുകൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ലെങ്കിലും മറ്റൊരു നടനും സഹധർമ്മിണിയും അടുത്ത കാലത്ത് ഉണ്ണിത്തിരുമേനിയെ കാണാൻ വന്നത് നാട്ടിൽ പരസ്യമായ രഹസ്യം.... പുരുഷോത്തമൻ നമ്പൂതിരി തന്റെ കർമ്മ സപര്യയിലൂടെ...

ട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ പുറത്തുപോയി ചെയ്യുന്ന കർമ്മങ്ങളും ക്ഷിപ്രഫലദായകമെന്ന് മൂകാംബികയെ മുൻനിർത്തി ഇവിടത്തെ കർമ്മികളും ഭക്തരും ഒറ്റസ്വരത്തിൽ പറയുന്നു. ഇവിടെ സന്ദർശകരുടെ കണക്കുകളും വിവരങ്ങളും വെക്കാറില്ല. രോഗത്തിന്റെ മുൻ വിവരങ്ങൾ ചികിത്സക്ക് വേണ്ടേ എന്നു സംശയിച്ചേക്കാം. സർവ്വവും അറിയുന്ന മൂകാംബിക അതൊക്കെ ആവശ്യമുള്ളപ്പോൾ തോന്നിച്ചുതരും എന്നാണ് പാറോളിയിലെ സമ്പ്രദായം. ഒന്നും മുൻനിശ്ചയമനുസരിച്ച് നടക്കുന്നില്ല; നിശ്ചയങ്ങളെത്തന്നെ നിശ്ചയിക്കുന്ന ജഗദംബയുടെ പൂജകളല്ലാതെ.

**അനന്തമജ്ഞാതമവർണ്ണനീയം**

പാറോളിയിൽ എല്ലാം ഇങ്ങനെയാണ്. അല്ലാ അങ്ങനെയല്ല പറയേണ്ടത്, എങ്ങിനെയൊക്കെയുമാണ്. മന്ത്രവാദപ്പെരുമയുള്ള ഇല്ലങ്ങളുടെ തിളക്കങ്ങളും മുഴക്കങ്ങളും ഇവിടെ കാണില്ല. മണിച്ചിത്രത്താഴിട്ടു പൂട്ടിയ മാടമ്പള്ളി മനയിലെ ഭയാനകത്വവുമില്ല. അത്യുച്ചത്തിൽ ജപിക്കുന്ന ഘോരമന്ത്രങ്ങളും രൂപക്കളവും ഹോമകുണ്ഡവും ചേർന്ന മാന്ത്രികാഭിചാരത്തിന്റെ ആംബിയൻസുമില്ല. പിന്നെ, പിന്നെന്താണ് പാറോളിയിലെ അനന്ത വിസ്മയങ്ങൾക്ക് കാരണം? ഔഷധങ്ങളുടെ മാന്ത്രികശക്തികൾക്ക് പിന്നിലുള്ള വെളിപ്പെടുത്താത്ത രഹസ്യം?

വികാരവിചാരങ്ങളുടെ ഒരു മൊബിലിറ്റി ഹബ്ബായി പാറോളിയെ കാണാം. പാറോളി സ്കൂൾ ഓഫ് റിസർച്ച്. സുകൃതക്ഷയത്തിന്റെ ബാഹ്യലക്ഷണങ്ങൾ കാണുന്ന മനുഷ്യരുടെ ജനിതകവഴികളെ മൂകാംബിക അഭിസംബോധന ചെയ്യുകയാവാം, കാർമ്മികരിലൂടെ. ചികിത്സയുടെ സമഗ്രമായ ഒരു Holistic approach. അതോ അതിലും വലുതോ? ചികിത്സ സ്ഥൂലത്തിനല്ല, സൂക്ഷ്മത്തിനാണ് എന്ന Key Formulaയിൽത്തന്നെ നമുക്കഭയം തേടേണ്ടിവരും. പോകാനായി കാറിൽ കയറിയപ്പോൾ സ്വസ്തി മാസികകളുടെ കൂടെ പാറോളിയിലെ ഒരു ഡയറി. തിരിച്ചുകൊടുക്കാൻ ചെന്നപ്പോൾ ട്രൈസൈക്കിളിൽ ഒരാൾ. റോഡപകടത്തെ തുടർന്ന് മുംബൈയിൽ അനാഥമായി ചോര വാർന്ന് മണിക്കൂറുകൾ റോഡിലും പിന്നീട് മാസങ്ങൾ ആശുപത്രിയിലും കഴിഞ്ഞ മനുഷ്യൻ. തന്റെ ഉപാസനാമൂർത്തി തിരിച്ചുനൽകിയ ജീവിതവുമായി നന്ദിപൂർവ്വം തിരുനടയിൽ എത്തിയിരിക്കയാണ്.

സന്ധ്യ ചായുകയാണ്. ഇവിടത്തെ കരിപിടിച്ച വിളക്കുകൾ തുടയ്ക്കുന്നതും സന്ധ്യാദീപം കത്തിക്കുന്നതും ഭക്തരുടെ വഴിപാടും ജീവിതാഭിലാഷവുമാണ്. പേരുകൾ വിളിക്കുന്ന കാര്യസ്ഥൻ പണ്ടിവിടെനിന്നു സുഖംപ്രാപിച്ച ഭക്തനായിരുന്നു. എല്ലാം വിചിത്രമായി ബന്ധപ്പെട്ട് കെട്ടുപിണഞ്ഞു കിടക്കുന്നു. ഒരു രാവിൽ മാത്രം പ്രകൃതി കാണിച്ച കോട്ടക്കണ്ടത്തിലെ ഔഷധച്ചെടിപോലെ. തിരക്കൊഴിഞ്ഞ ഒരു വൈകുന്നേരം ഇല്ലത്തെ തിരുമുറ്റത്ത് മലയാള സിനിമയിലെ മഹാനടനേയും കുടുംബത്തേയും കണ്ടത് ഇവിടത്തുകാർക്ക് അത്ഭുതമായിരുന്നില്ല. പ്രകാശമധ്യസ്ഥിതചിത്സ്വരൂപമായി, വരാഭയ മുദ്രകളോടുകൂടി സർവ്വാത്ഭുതങ്ങളും തന്നിലൊളിപ്പിച്ച സാക്ഷാൽ മൂകാംബിക തന്നെയല്ലേ ഉള്ളിൽ? ആപദി കിം കരണീയം / സ്മരണീയം ചരണയുഗളമംബായാം...

ഇതൊരു വെറും ഫീച്ചറല്ല. ടീം സ്വസ്തി ഒരുക്കിയ നിറംപിടിപ്പിച്ച കഥകളുമല്ല. ഗ്രഹദോഷങ്ങൾ പറഞ്ഞാകുലപ്പെടുന്ന, മലയാളത്തിലെ പ്രശസ്ത കഥകളിലൊന്നിലെ വാചകം ഉദ്ധരിച്ചാണ് തുടങ്ങിയത്. നെറ്റിച്ചാർത്തായി സൗപർണികയിലെ പൊൻമോതിരം എന്ന ടൈറ്റിലും. അക്ഷരരൂപം പൂണ്ട വിനിമയപ്പകർപ്പുകളിൽ പെടാത്ത എന്തൊക്കെയോ ഇനിയുമുണ്ട്. പാറോളിയിലെ മൂകാംബികയുടെ പുണ്യം വർണിക്കാൻ ഈ ഭാഷയും മൊഴിയും മതിയാവില്ല. എഴുതാൻ പറ്റാത്തതെല്ലാം പ്രിയ വായനക്കാർക്ക് നൽകുന്നു. കണ്ണിൽ നേർക്കാഴ്ചയായി, മനസ്സിൽ ജ്ഞാനപ്പൊരുളായി വായനപ്പെടാൻ മൂകാംബിക എന്നുമെന്നും അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ...

സമർപ്പയാമി

(വിവരങ്ങൾക്ക് വിളിക്കാം: 0496 2548766, 2546633, 2548474) ●

സ്വസ്തിയിലേക്കുള്ള രചനകളും പ്രതികരണങ്ങളും താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയക്കുക.

**കെ.എം.പരമേശ്വരൻ**
ചീഫ് എഡിറ്റർ
ആര്യശ്രീ, പി.ഒ. അരക്കിണർ, കോഴിക്കോട്-673028,
ഫോൺ: 8089441634, Email: swasthithrimonthly@gmail.com

സ്വസ്തിയുടെ കോപ്പികൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9447468956, 9496164912

# ഇ.എം.എസ്. അന്നു പറഞ്ഞത്


**നമ്മുടെ വിദ്യാഭ്യാസത്തിൽ പ്രധാനമായ പല മാറ്റങ്ങളും വരുത്തേണ്ടിവരും. ഓരോ നമ്പൂതിരിയും നമ്പൂതിരി സ്ത്രീയും തൊഴിലെടുത്തു ജീവിക്കണമെന്ന തത്വം ശരിയാണെങ്കിൽ മാന്യമായ തൊഴിലെടുക്കാനും അതോടൊപ്പം ഹൃദയസംസ്കാരം നേടാനും പറ്റുന്ന വിദ്യാഭ്യാസമാണത്യാവശ്യം.**

**യോഗക്ഷേമസഭയുടെ ഓങ്ങല്ലൂർ സമ്മേളനത്തിൽ ഇ.എം.എസ്. നടത്തിയ ആ പ്രസംഗം ഇന്നും പ്രസക്തമാണ്**

**1957** ലും 1967 ലും കേരളത്തിന്റെ മുഖ്യമന്ത്രിപദമലങ്കരിച്ച ഇ.എം. ശങ്കരൻനമ്പൂതിരിപ്പാട് കോൺഗ്രസ്സിന്റേയും കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയുടേയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയും നായക സ്ഥാനത്തു അവരോധിക്കപ്പെടുന്നുതിനു മുമ്പ് യോഗക്ഷേമസഭയുടെ യുവജനസംഘത്തിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച നേതാവാണ്. ഏഴു പതിറ്റാണ്ടു മുമ്പ് 1944 ൽ ഓങ്ങല്ലൂർ വാർഷികത്തിൽ അദ്ദേഹം നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ സമുദായാംഗങ്ങളുടെ ആധുനിക വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ഭാഗം ഇന്നും പ്രസക്തമത്രേ. കർമ്മനിരതമായ സ്വജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സന്ദേശം.

കുലത്തിന്റെയും കുലധർമ്മത്തിന്റെയും പോഷണത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ളതാണ് യോഗക്ഷേമസഭ. സ്വധർമ്മാചരണം ശ്രേയസ്കരമാണ്, പരധർമ്മാചരണം ഭയാവഹമാണ് എന്ന് ഗീതാകാരൻ പറയുന്നു. ശ്രേയസ്കരമായ സ്വധർമ്മ-കുലധർമ്മാചരണമായി സഭാ പ്രവർത്തനത്തെ ഓരോ സഭാ പ്രവർത്തകനും സ്വാംശീകരിക്കുകയാണെങ്കിൽ അർത്ഥവത്താകും നമ്മുടെ ഉദ്യമങ്ങൾ.

തലമുറകളായുള്ള രക്തബന്ധത്താൽ ഊട്ടിയുറപ്പിക്കപ്പെട്ടതാണ് നമ്മുടെ ബന്ധുത്വം. ഗ്രാമ-ദേശ ചട്ടക്കൂടുകൾക്ക് അതീതമായി അതു മാറുന്നുണ്ടെങ്കിലും യോഗക്ഷേമസഭാ പ്രവർത്തനം കൊണ്ടാണ് സമുദായത്തിന് ഊർജ്ജസ്വലതയും കെട്ടുറപ്പും ഉണ്ടാകുന്നത്. ബന്ധുഭാവത്തോടെയാവണം സഭാ പ്രവർത്തകരുടെ സമീപനം. അതു തന്നെയാണ് കുടുംബങ്ങൾക്കിടയിലും സമുദായത്തിലും വളർത്തിയെടുക്കേണ്ടത്.



**ഉദ്യോഗസ്ഥന്മാരേയും ക്ലാർക്കുമാരേയും വാർത്തുവിടാനല്ലാതെ സ്വതന്ത്രമായ ഒരു ജനസമുദായത്തെ സൃഷ്ടിക്കാൻ വേണ്ടിയല്ലല്ലോ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം സ്വീകരിച്ചിട്ടുള്ളത്. ആ സ്ഥിതിക്ക് ഇന്നുള്ളതിലധികം ആദർശതല്പരത്വവും ആശയവ്യക്തതയും വിദ്യാർത്ഥികൾക്കോ രക്ഷിതാക്കന്മാർക്കോ ഉണ്ടാവുകയെന്നത് വിഷമമായിരിക്കും.**

മന്ത്രദ്രഷ്ടാക്കളായ ഋഷിമാരുടെ ഗോത്രക്കാരാണ് നാമെല്ലാം. ആർഷ സംസ്കാരമെന്തെന്ന് നമ്മുടെ പ്രവൃത്തികണ്ടാണ് ലോകം വിലയിരുത്തുക. ആദിശങ്കരാചാര്യരെ ഭാരതത്തിലെ സന്യാസി സമൂഹം ഈശ്വരന്റെയും തങ്ങളുടെയും ഇടയിൽ രണ്ടെന്ന അവസ്ഥയില്ല എന്ന് പഠിപ്പിച്ച അദ്വൈത വേദാന്തത്തിന്റെ ആചാര്യ തൃപ്പാദരായാണ് ആദരിച്ചു പോരുന്നത്. ഭൗതികവാദികൾക്കും ഇടതുപക്ഷ ആശയക്കാർക്കും പൂജാവിഗ്രഹമായി ഇ.എം.എസിന് മാറാനായത് നിസ്വാർത്ഥമായ പൊതു പ്രവർത്തനം കൊണ്ടാണല്ലോ.

ഇ.എം.എസിന്റെ ഓങ്ങല്ലൂർ പ്രസംഗത്തിൽ യോഗക്ഷേമസഭയുടെയും കമ്മ്യൂണിസ്റ്റു പാർട്ടിയുടെയും ആദർശങ്ങൾ തമ്മിൽ പൊരുത്തമില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ട് 1944 ൽ യോഗക്ഷേമസഭയുടെ പ്രസിഡണ്ടാവാനും ഓങ്ങല്ലൂർ വാർഷികത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്താനും അദ്ദേഹം സന്നദ്ധനായി. നമ്പൂതിരി സമുദായം നന്നാവണം എന്നുള്ള ആഗ്രഹം കൊണ്ടും അതിനുള്ള മാർഗ്ഗദർശനം നടത്താൻ വേണ്ടിയും തന്നെ. സമുദായത്തിനകത്തുള്ള തന്റെ രാഷ്ട്രീയ എതിരാളികളുടെ വിമർശനങ്ങൾക്കു മറുപടി പറയാനും ആ സന്ദർഭം ഉപയോഗിച്ചുവെങ്കിലും അതിന്റെ ഭാഷ അഭിജാതമായിരുന്നു. (സ്വസ്തി പത്രാധിപർ)

''യോഗക്ഷേമ സഭ ഇന്നേവരെ അംഗീകരിച്ച തീരുമാനം നടപ്പിൽ വരുത്തുന്നതിൽ ഏറ്റവുമധികം ജാഗ്രതയും താല്പര്യവും കാണിച്ചിട്ടുള്ള നമ്പൂതിരിമാർ എവിടെയെന്നു പരിശോധിച്ചാൽ നിങ്ങൾക്കു മറുപടി കിട്ടും കമ്മ്യൂണിസ്റ്റു കാർക്കിടയിൽ എന്ന്.... ആചാരവിപ്ലവ പരമായും അന്തഃപുര പരിഷ്കാരമായും

മറ്റും ക്രിയാത്മകമായി പ്രവർത്തിക്കുകയെന്നത് മെമ്പർഷിപ്പിന്റെ അത്യാവശ്യ നിബന്ധനകളിലൊന്നായി കണക്കാക്കുന്ന കമ്മ്യൂണിസ്റ്റു പാർട്ടിയിൽ നിന്നു രാജിവെച്ചാലേ ഞങ്ങൾക്കു യോഗക്ഷേമസഭാ പ്രവർത്തകന്മാരാവാൻ പാടുള്ളൂ എന്നു പറയുന്ന യോഗക്ഷേമം പ്രവർത്തകന്മാരോട് എനിക്ക് അനുകമ്പയാണുള്ളത്.

നമ്പൂതിരിമാരെ രക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയുമാണ് യോഗക്ഷേമ സഭയുടെ ഉദ്ദേശം. പക്ഷെ, നമ്പൂതിരി ഇന്ന് എന്തു ചെയ്യണമെന്ന കാര്യത്തിൽ പാർട്ടിയും സഭയും തമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. നമ്പൂതിരി ബാലന്മാരും ബാലികമാരും നവീന വിദ്യാഭ്യാസം നേടി സാമാന്യ പൗരന്മാരായി ജീവിക്കണം...പഴയ കൂട്ടു കുടുംബങ്ങൾക്കു പകരം ചെറുകുടുംബങ്ങൾ വളരുകയും അവരുടെ ജീവിതം നവീനരീതിയിൽ ക്രമീകരിക്കുകയും ചെയ്യണം. ഇവയ്ക്കെല്ലാം വേണ്ടി നമ്പൂതിരിമാർ ഉണർന്നു പ്രവർത്തിക്കണം... നമ്പൂതിരിയെ നന്നാക്കുന്നതോടൊപ്പം കേരളത്തിലെ പിന്തിരിപ്പൻ സാമൂഹ്യ ശക്തികളെ നശിപ്പിക്കുകയും അങ്ങനെ സമത്വ സുന്ദരമായ ഒരു ഭാവി കേരളം സൃഷ്ടിക്കുവാനുള്ള വഴിവെക്കുകയും ചെയ്യുമെന്ന് മനസ്സിലാക്കിയിട്ടാണ് ഇതു ചെയ്യുന്നത്.

തങ്ങളുടെ കുട്ടികളെ സ്കൂളിലയയ്ക്കുന്നത് പരിഷ്കൃതരായ രക്ഷാകർത്താക്കളുടെ ഒരു മാമൂലായിത്തീർന്നിരിക്കുന്നു. ഫലമെന്താണ്?

പഠിക്കുന്ന കുട്ടികൾക്കോ പഠിപ്പിക്കുന്ന രക്ഷിതാക്കൾക്കോ പഠിപ്പിന് യാതൊരു ഉദ്ദേശവുമില്ല. 'നാലഞ്ചക്ഷരം പഠിക്കുക', വല്ല പണിയും കിട്ടിയാലായി.' എന്നതിൽ കവിഞ്ഞ് യാതൊരു ഉദ്ദേശ്യവും അവർക്കില്ല. ഇതിനുള്ള കാരണങ്ങളിലൊന്ന് ഇന്നത്തെ വിദ്യാഭ്യാസ രീതിയാണെന്നതിൽ സംശയമില്ല. ഉദ്യോഗസ്ഥന്മാരേയും ക്ലാർക്കുമാരേയും വാർത്തുവിടാനല്ലാതെ സ്വതന്ത്രമായ ഒരു ജനസമുദായത്തെ സൃഷ്ടിക്കാൻ വേണ്ടിയല്ലല്ലോ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം സ്വീകരിച്ചിട്ടുള്ളത്. ആ സ്ഥിതിക്ക് ഇന്നുള്ളതിലധികം ആദർശതല്പരത്വവും ആശയവ്യക്തതയും വിദ്യാർത്ഥികൾക്കോ രക്ഷിതാക്കന്മാർക്കോ ഉണ്ടാവുകയെന്നത് വിഷമമായിരിക്കും.

ഒരു പക്ഷെ യോഗക്ഷേമസഭക്കു തന്നെ സമുദായത്തിന്റെ വളർച്ചയെ സംബന്ധിച്ചു വ്യക്തമായ ഒരഭിപ്രായമില്ലെന്ന സംഗതികൂടി ഇതിനു കാരണമാണെന്നു ഞാൻ വിചാരിക്കുന്നു. പഠിച്ചു പരീക്ഷ പാസാവുന്ന നമ്പൂതിരിയും നമ്പൂതിരി സ്ത്രീയും എന്തു ചെയ്യണമെന്ന കാര്യത്തിൽ സഭക്കു തന്നെ വ്യക്തമായ അഭിപ്രായമില്ലെങ്കിൽ പഠിക്കുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും അതെങ്ങനെയാണുണ്ടാവുക?

നമ്മുടെ വിദ്യാഭ്യാസത്തിൽ പ്രധാനമായ പല മാറ്റങ്ങളും വരുത്തേണ്ടിവരും. ഓരോ നമ്പൂതിരിയും നമ്പൂതിരി സ്ത്രീയും തൊഴിലെടുത്തു ജീവിക്കണമെന്ന തത്വം ശരിയാണെങ്കിൽ മാന്യമായ തൊഴിലെടുക്കാനും അതോടൊപ്പം ഹൃദയസംസ്കാരം നേടാനും പറ്റുന്ന വിദ്യാഭ്യാസമാണത്യാവശ്യം. ഇത്തരത്തിലുള്ളതല്ല ഇന്നു നാം നേടുന്ന വിദ്യാഭ്യാസമെന്നതിൽ തർക്കമില്ലല്ലോ...

ബി.എയും എം.എയും കഴിഞ്ഞ് താനെടുത്ത വിഷയത്തിൽ ഗവേഷണം നടത്തി പണ്ഡിതനാവുക, ശാസ്ത്രകാരന്മാർ, ചരിത്രഗവേഷകന്മാർ, കലാസാഹിത്യ മർമ്മജ്ഞന്മാർ മുതലായി നവീന സംസ്കാരത്തിന്റെ ഉയർന്ന പടിയിലെത്തിയ പണ്ഡിതന്മാർ നമ്മുടെ സമുദായത്തിലും ധാരാളം ഉണ്ടാവട്ടെ.

തർക്കവ്യാകരണാദി പ്രാചീന ശാസ്ത്രങ്ങളിലും പ്രാചീന സാഹിത്യത്തിലും കേരളത്തിനു നേതൃത്വം നൽകിയിരുന്ന നമ്മുടെ സമുദായത്തിൽ നിന്ന് ഐൻസ്റ്റയിൻമാരും സി.വി. രാമൻമാരും ധാരാളമുണ്ടാവട്ടെ.

ഇത്തരത്തിൽ പണ്ഡിതന്മാരായി തങ്ങൾക്കും നാടിനും സാംസ്കാരികമായ അഭിവൃദ്ധിയുണ്ടാക്കാൻ കഴിയാത്തവർക്ക് ആഗ്രികൾച്ചറൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജ് മുതലായ സാങ്കേതിക കലാലയങ്ങളിൽ പോയി അതതിൽ പ്രത്യേക വൈദഗ്ദ്ധ്യം നേടി ആദായകരമായ ജോലിയിലേർപ്പെടാവുന്നതാണ്.

ഈ രണ്ട് ഉദ്ദേശം മുൻനിർത്തി മാത്രമായിരിക്കണം വിദേശങ്ങളിലേക്കും ഉപരിപഠനത്തിനും പോകുന്നത്. (മുകളിൽ പറഞ്ഞതെല്ലാം ഉപരി വിദ്യാഭ്യാസത്തിനു വേണ്ടി പണം ചെലവഴിക്കാൻ കഴിവുള്ളവർക്കു മാത്രം ബാധകമായതാണ്)

ഈ കഴിവു ഇല്ലാത്തവർക്കും ഇന്നു തന്നെ ചുരുങ്ങിയ ചില സൗകര്യങ്ങളുണ്ട്. അവ അടുത്ത അവസരത്തിൽ (ഇന്ത്യയിലൊരു ദേശീയ ഗവൺമെന്റു വരുകയും അതിന്റ ശ്രദ്ധ സാമ്പത്തിക പ്ലാനിംഗിന്റെ നേരെ നിൽക്കുകയും ചെയ്യുമ്പോൾ) ഇനിയും വർദ്ധിക്കും. അവ തികച്ചും ഉപയോഗപ്പെടുത്തണം. ഗവൺമെന്റു വക കൃഷി ഫാറങ്ങളിൽ ചുരുങ്ങിയ തരത്തിലുള്ള പരിശീലനം, കൈത്തൊഴിലുകൾ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക സ്കൂളുകൾ ഗവൺമെന്റു വകയോ സ്വകാര്യമോ ആയ ഫാക്ടറികളിൽ പരിശീലനത്തിന് ആളെ എടുക്കുക മുതലായവയാണ് ഇന്നുള്ള സൗകര്യങ്ങളായി ഞാൻ ചൂണ്ടിക്കാണിക്കുന്നത്. പണക്കാരായ നമ്പൂതിരിമാർ വ്യാപാരവും വ്യാവസായികവുമായ ജീവിതം സ്വീകരിക്കാൻ തുടങ്ങുകയാണെങ്കിൽ ഇതിനെല്ലാമുള്ള സൗകര്യം ഇനിയും വർദ്ധിക്കുമെന്നും വ്യക്തമാണല്ലോ.

മുഖ്യമായ സംഗതി ഇതാണ്. ഗവൺമ്മെണ്ട് ഉദ്യോഗമോ വക്കീൽ പണി മുതലായ ജോലികളോ കിട്ടുമെന്നാശിച്ചു പഠിക്കുകയെന്ന ഇന്നത്തെ രീതി പോകണം. കാർഷികവും വ്യാവസായികവും വ്യാപാരപരവുമായ ജോലികളുടെ എണ്ണം ഇന്നു തന്നെ ധാരാളമാണ്. അതിനിയും വർദ്ധിക്കുമെന്നതിന് സംശയമില്ല.

യോഗക്ഷേമസഭയുടെ പ്രവൃത്തി പദ്ധതിയിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് വളരെ പ്രത്യക്ഷമായി തോന്നിയ ചില സംഗതികൾ മാത്രമാണ് ഞാനിവിടെ പറഞ്ഞിട്ടുള്ളത്. ഉപസഭകളിലും പത്രപംക്തികളിലും നടക്കുന്ന വാദ പ്രതിവാദങ്ങളുടെ ഫലമായി കൂടുതൽ സംഗതികൾ പുറത്തുവരാനിടയുണ്ട്. ●

എടവല്യം പുരുഷോത്തമ ശർമ്മ

# അഭിവാദയേ



"ഓ പൂജ പഠിപ്പിച്ച് ന്റെ ഉണ്ണ്യേ ശാന്തിക്കാരനാക്കാനാ പ്ലാൻ?'' അമ്മയുടെ നീരസം വാക്കുകൾ. ''ദാപ്പം നന്നായെ. ശാന്തി പഠിച്ചോരൊക്കെ ശാന്തിക്കാരാവണം ന്ന്ണ്ടോ? ഇനി ശാന്തിക്കാരൊക്കെ ശാന്തി പഠിച്ചോരാവണ....'' അച്ഛനെ മുഴുമിക്കാൻ അനുവദിക്കുന്നില്ല അമ്മ. ''സ്കൂൾ തുറന്നാൽ ഉണ്ണി എട്ട്ൽയ്ക്കാ.ട്യൂഷൻ ക്ലാസൊക്കെ ഇപ്പൊത്തന്നെണ്ട്. അതും കളഞ്ഞ് പൂജാപഠനത്തിന്....''

അച്ഛൻ താഴ്ന്ന സ്വരത്തിൽ പറഞ്ഞു ''ന്റെ കാലത്തിന് ശേഷം ഇല്ലത്തെ തേവര്ക്ക് ഒരുതിരി....അതും വേണ്ടേ?....''

എടവല്യത്ത് ഇല്ലത്തെ തെക്കിനിയിലേക്ക് അച്ഛന്റെയും അമ്മയുടെയും കൈപിടിച്ച് കയറിയ ഉണ്ണിയുടെ മുഖത്ത് അമ്പരപ്പ്. സമപ്രായക്കാരായ ചിലർ അവിടവിടെയുണ്ട്. ആശ്വാസം.

തിളയ്ക്കുന്ന വേനലിന്റെ കാഠിന്യമൊന്നും അകത്തില്ല. ചായയ്ക്കു ശേഷം കൊയിലാണ്ടി ഉപസഭയുടെ പ്രവർത്തനത്തെപ്പറ്റിയും പൂജാപഠന ക്യാമ്പിനെപ്പറ്റിയും കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ഉപസഭാ സെക്രട്ടറിയും ക്യാമ്പ് ഡയറക്ടറുമായ പുരുഷോത്തമ ശർമ്മയുടെ ലഘുപ്രഭാഷണം. കുട്ടികളുടെ ഓരോരുത്തരുടേയും കാര്യങ്ങൾ രക്ഷിതാക്കളോട് അന്വേഷിച്ച് അറിയുകയും ചെയ്തു. നീന്തൽ വശമുണ്ടോ, രോഗങ്ങളുണ്ടോ, കഴിക്കുന്ന മരുന്നുകൾ, ഫോൺ നമ്പർ.... അച്ഛനമ്മമാർ അവരവരുടെ ഉണ്ണികളെ ഏല്പിച്ച് തിരിച്ചു പോവാൻ ഒരുങ്ങി. ഉണ്ണികളുടെ മുഖത്തും പൂമുഖത്തും ഇരുട്ടു പരക്കാൻ തുടങ്ങിയിരുന്നു....

പൂജാരിമാർക്ക് വേളിതരാവാത്ത കാലത്തെ ഒരു പൂജാപഠന ക്യാമ്പാണ് രംഗം. കൊയിലാണ്ടി യോഗക്ഷേമ ഉപസഭ ഈ പദ്ധതി ആരംഭിച്ചിട്ട് മൂന്നു വർഷമായി. ശാസ്ത്രീയമായി അടിസ്ഥാന കാര്യങ്ങൾ മനസ്സിലാക്കികൊണ്ട് പൂജാപഠനം വേണമെന്ന് പലരും ആവശ്യപ്പെട്ടിരുന്നു. ഉപസഭ വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കുമ്പോൾ ഒന്നാമതായി പ്ലാൻ ചെയ്തതും പൂജാപഠന പരിപാടി തന്നെ. മെയ് ആദ്യവാരമാണ് നീക്കിവെച്ചത്. വനിതാ യുവജന സഭയുടെ സഹകരണവും ഉറപ്പാക്കിയിരുന്നു. ഉപസഭാ മെമ്പർമാർക്കു വേണ്ടി ആരംഭിച്ച ക്യാമ്പിലേക്ക് വിവരമറിഞ്ഞ അയൽ ഉപസഭക്കാരും വരാൻ താൽപ്പര്യപ്പെടുകയായിരുന്നു. ഈ വർഷത്തെ ക്യാമ്പിൽ ഉച്ചക്കാവ് ഉപസഭയിൽ നിന്നുള്ള ഗോവിന്ദ് മുതൽ തളിപ്പറമ്പിലെ മുല്ലപ്പള്ളി ഇല്ലത്തെ ദേവനാരായണൻ വരെ പങ്കെടുത്തു.

കാലത്ത് 5 മണിയ്ക്ക് ക്യാമ്പ് ഉണരും. കുളിയും സന്ധ്യാവന്ദനവും ചെയ്ത് 6 മണിക്ക് പുരുഷസൂക്തം, ഭാഗ്യസൂക്തം, ആവഹന്തീസൂക്തം, സപ്തശുദ്ധി തുടങ്ങിയ മന്ത്രങ്ങളുടെ പഠനം. ഇവയൊന്നും ഭക്ഷണ ശേഷം ചൊല്ലാൻ പാടില്ല . 8.30 നു പ്രഭാതഭക്ഷണമാണ്. 9.30 ന് പൂജാപഠനം . ആചാര്യൻ ഓരോ ക്രിയയുടേയും അർത്ഥവും മന്ത്രങ്ങളും മുദ്രകളും അവതരിപ്പിക്കും. കുട്ടികളുമായി ചർച്ചയും. സാന്ദർഭികമായി ധാരാളം കാര്യങ്ങൾ ഈ ചർച്ചകളിൽ നിന്നാണ് പഠിതാക്കൾക്ക് കിട്ടുക. 12.30 ന് ഉച്ചഭക്ഷണം. വിഭവ സമൃദ്ധമൊന്നുമല്ല ഊണ്. വിദ്യാർത്ഥിക്കിണങ്ങുന്ന ഭക്ഷണമാണ്. അവ എല്ലാവർക്കും വിളമ്പുന്നതും ക്യാമ്പ് അംഗങ്ങൾ തന്നെ. ഇല്ലത്തുള്ളവർക്കും ക്യാമ്പ് സന്ദർശിക്കാനെത്തുന്നവർക്കും എല്ലാം ഊണുണ്ട്.

2 മണിക്ക് അടുത്ത സെഷൻ . പ്രത്യേക ക്ഷണിതാക്കളായ വിദഗ്ദ്ധരുടെ ക്ലാസുകളാണ് അപ്പോൾ. ശ്രോതാക്കളായി ക്യാമ്പ് അംഗങ്ങൾക്കു പുറമെ സന്ദർശകരും ഇല്ലത്തുള്ളവരും രക്ഷിതാക്കളുമായി നല്ല സദസ്സ് ഉണ്ടായിരുന്നു. നമ്പൂതിരിമാരുടെ ഇന്നലെകൾ, അദ്വൈതവും കേരളീയ പൂജാ സമ്പ്രദായവും, സംസ്കൃതഭാഷ, താന്ത്രികതയും വൈദികതയും എന്നിങ്ങനെ വിഷയങ്ങൾ പലതാവാം. പൊതുവേദിയിൽ കാര്യമാത്ര പ്രസക്തമായി സംസാരിക്കാനുള്ള ശേഷി വളർത്തുക എന്ന ഉദ്ദേശ്യം കൂടി ഇതിനുണ്ട്. ബ്രഹ്മശ്രീ ഏറാ


ഞ്ചേരി ഹരി നമ്പൂതിരി, മുല്ലപ്പള്ളി രാജൻ നമ്പൂതിരി, കൊയത്തൊടി പരമേശ്വരൻ നമ്പൂതിരി എന്നിവരെല്ലാം ഈ വർഷം ക്യാമ്പിൽ കുട്ടികളുമായി സംവദിക്കാൻ എത്തി.

3.30 ന് പുനരാരംഭിക്കുന്ന പൂജാപഠനം 4.30 നുള്ള ചായവരെയാണ്. ചായക്കു ശേഷം വിനോദത്തിനുള്ള സമയം. ക്രിക്കറ്റ്, ഷട്ടിൽ, ബാഡ്മിന്റൺ തുടങ്ങി കണ്ണുകെട്ടിക്കളി വരെ ഉണ്ടായിരുന്നു. 6 മണിയ്ക്ക് ശുചീകരണം, അലക്കൽ എന്നിവയ്ക്കുള്ള സമയമാണ്. പരിസരവും സ്വന്തം വസ്ത്രങ്ങളും കുട്ടികൾ സ്വയം വൃത്തിയാക്കി. ആദ്യമെല്ലാം മടിച്ചു നിൽക്കുന്നവരും ക്രമേണ സംഘത്തിന്റെ ധാരയിലേക്ക് എത്തിച്ചേർന്നു. പിന്നീട് കുളിയാണ്. വേനലിലും നിറഞ്ഞു നിൽക്കുന്ന കുളമാണ് ഇല്ലത്തേത്. (കുറ്റിയാടി ജലസേചന പദ്ധതിക്കു നന്ദി) ഉണ്ണി നമ്പൂതിരിമാർ ചാടി നീന്തി തിമർക്കുമ്പോൾ ശ്രീറാം മാത്രം പകച്ചു നിന്നു. അവന് നീന്താനറിയില്ല എന്ന് അച്ഛൻ പറഞ്ഞേൽപ്പിച്ചുപോയതാണ്. മറ്റുള്ളവരുടെ പ്രകടനത്തിൽ ആവേശംകൊണ്ട് അവനും ക്യാമ്പിനിടയിൽ അൽപ്പ സ്വൽപ്പം നീന്തൽ കൂടി വശമാക്കിയാണ് ഇല്ലത്തേക്കു മടങ്ങിയത്.

സന്ധ്യാവന്ദനം, ഗായത്രിജപം, നാമംജപം, നമസ്കാരം എന്നിവയ്ക്കു ശേഷം 7 മണിക്ക് രാത്രി പഠനം ആരംഭിക്കുന്നു. ഇത് 8.30 നു കഴിയും. തുടർന്ന് അത്താഴം. എല്ലാവർക്കും പ്ലേറ്റിലാണ് ഭക്ഷണം. സ്വന്തം പാത്രങ്ങൾ കഴുകാനും പരിസരം വൃത്തിയായി സൂക്ഷിക്കാനും ശീലിക്കലാണ് ഉദ്ദേശ്യം.

രാത്രി 9 മണിയ്ക്ക് എല്ലാവരും തെക്കിനിയിൽ ഒത്തുകൂടുന്നു. അദ്ധ്യാപകൻ ഉണ്ണുകയാവും. ആ സമയം ഉണ്ണികൾ ക്യാമ്പിലെ ആ ദിവസത്തെ പ്രധാന പ്രവർത്തനങ്ങളും സംഭവങ്ങളും ഡയറിയിൽ കുറിയ്ക്കുന്നു. അദ്ദേഹം വന്നാൽ അതു വായിയ്ക്കണം. തുടർന്ന് ചർച്ചയും അവലോകനവും.

കലാപ്രകടനമാണ് പിന്നീട്. പാട്ട്, കവിത, മിമിക്രി, അനുഭവ വിവരണം എന്തുമാവാം. എന്തെങ്കിലും ഒന്നു വേണം. കാക്കേ കാക്കേ കൂടെവിടെ... എന്നുപാടി രക്ഷപ്പെട്ട രസികന്മാരും കൂട്ടത്തിലുണ്ട്. 9.30 ന് നിദ്ര എന്ന് ക്യാമ്പ് ആസൂത്രണത്തിൽ


തറ്റുടുക്കാൻ പഠിപ്പിക്കൽ

എഴുതിയിട്ടുണ്ടെങ്കിലും പലപ്പോഴും 10 മണി കഴിയും കിടക്കാൻ. പായകൾ തൊട്ടുതൊട്ട്, വിരിപ്പുകൾ വാങ്ങിയും കൊടുത്തും ഒരുറക്കം.

പഠനം മറ്റു രീതിയിലും കടന്നു വരാറുണ്ട്. ഒരാളുടെ പൂണൂൽ പൊട്ടിപ്പോയി. പൂണൂൽ പിരിയ്ക്കുക തന്നെ വഴി. നൂൽ സംഘടിപ്പിച്ചു. പക്ഷേ പിരിയ്ക്കാനറിയില്ല. സഹായത്തിന് അദ്ധ്യാപകനുണ്ട്. പിരിച്ച് മുഴുമിച്ചപ്പോഴതാ ആവശ്യക്കാർ ഏറിവരുന്നു. എല്ലാവർക്കും പൂണൂൽ പിരിച്ചുകെട്ടി മന്ത്രപൂർവ്വം ധരിച്ചു. അടുത്ത ദിവസം ഇല്ലത്ത് ഒരു പുണ്യാഹം വേണ്ടി വന്നു. അതിൽ മന്ത്രം പഠിച്ചവർ പങ്കെടുത്തു. അത് പുണ്യാഹത്തിന്റെ ആദ്യാനുഭവമായി.

മന്ത്രപഠനത്തിനായി പ്രത്യേക പുസ്തകം ഉപസഭ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സഹായത്തോടെ അദ്ധ്യാപകന്റെ ഉച്ചാരണം ശ്രദ്ധിച്ച് ചൊല്ലിയാണ് തുടക്കം. പിന്നീട് ഹൃദിസ്ഥമാക്കലാണ്. മന്ത്രങ്ങളുടേയും സൂക്തങ്ങളുടേയും ഓഡിയോ സി.ഡിയും നൽകിയിരുന്നു. പിഴയില്ലാത്ത ഉച്ചാരണം പ്രധാനമാണ്; മന്ത്രങ്ങൾക്ക് വിശേഷിച്ചും.

മേയ് 12നാണ് ക്യാമ്പ് സമാപിച്ചത്. അന്നും രാവിലെ സാധാരണ പോലെ ആരംഭിച്ച ക്ലാസ് 11 മണിയോടെ സമാപിച്ചു. എല്ലാ ക്യാമ്പ് അംഗങ്ങളും ആത്മവിശ്വാസത്തോടെ പൂജ ആവർത്തിച്ച് ഉറപ്പിച്ചു. സമാപനത്തിന് രക്ഷിതാക്കളെ നിർബന്ധപൂർവ്വം വിളിച്ചിരുന്നു. കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരിയായിരുന്നു മുഖ്യാതിഥി. ഉപസഭാ പ്രസിഡന്റ് എടമന മോഹനൻ നമ്പൂതിരി അദ്ധ്യക്ഷനായി. ക്യാമ്പിൽ ആചാര്യരായിരുന്നത് എടവല്യം പുരുഷോത്തമ ശർമ്മയും നാരായണ ശർമ്മയുമാണ്. ഉണ്ണികളെ സ്വന്തം ഇല്ലാത്തെ സമ്പ്രദായം കൂടി പഠിപ്പിച്ച് അടുത്ത ദിവസം മുതൽ തന്നെ പൂജ കഴിപ്പിക്കുവാനും ഒരു മാസത്തിനുള്ളിൽ നടക്കുന്ന പരീക്ഷക്ക് അവരെ എത്തിക്കുവാനും രക്ഷിതാക്കളെ ചുമതലപ്പെടുത്തിയാണ് ക്യാമ്പ് സമാപിച്ചത്.

എടവല്യത്തെ മുത്തശ്ശിയുടെ വക പശുദ്ദാനംകൂടി ഉണ്ടായി ഉണ്ണികൾക്ക്. കൂടെ മാമ്പഴദാനവും. മധുരിക്കട്ടെ, നാക്കും മനസ്സും.. ●

# യോഗക്ഷേമസഭ കോഴിക്കോട് ജില്ല ചരിത്രത്തിലേക്ക്

**മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി**

സുരനാഥൻ പണ്ടുചിറകറുത്തതി–
ലൊരുകുന്നിപ്പോഴും 'പറക്കുന്നു'ണ്ടു
പോൽ

അച്ചടിമഷി പുരളാത്ത ഒരു പ്രാചീന കവിയുടെ (Late മങ്ങത്തായ ശങ്കരൻ നമ്പൂതിരി) ഈ രടികളിലൊന്നാണിത്. നമ്പൂതിരി യോഗക്ഷേമ സഭയുടെ കോഴിക്കോട് ജില്ലയിൽ ആയിരത്തി തൊള്ളായിരത്തിരുപതുകളിലോ മുമ്പോ നടന്ന 'പറക്കുന്നം സഭ'യെപ്പറ്റിയുള്ള ഒരു പരാമർശമാണ് ഈ കവിതയിൽ. പറക്കുന്നത് നടന്ന സഭയെപ്പറ്റി ഒരു കാക്ക, വൈദികൻ മേല്പള്ളി നമ്പൂതിരിപ്പാടിനെ ചെന്നറിയിക്കുന്നതാണ് ഇതിലെ ഉള്ളടക്കം. 'തലേന്ന മാധവി മഹതിമാളികകുട വെടിഞ്ഞവളവിടെയത്തിനാൾ...' തുടങ്ങി ആര്യപള്ളവും സുഭദ്രാ വയപ്പുറവുമൊക്കെ നേതൃത്വം കൊടുത്ത അന്തർജ്ജന സഭയെപ്പറ്റിയും മറ്റും പരാമർശമുള്ള ആ കവിതയിലൂടെയാണ് ഇവിടെ സഭാചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത് അക്കാലത്തെ ഉല്പതിഷ്ണുക്കളായ നമ്പൂതിരി യുവത്വം സോത്സാഹം സഭയിൽ പങ്കെടുത്തിരുന്നതും കുറെ യാഥാസ്ഥിതികർ അവരെ ഒറ്റപ്പെടുത്തിയതും അതിന്റെ ബാക്കി പത്രം വി.ടിയുടെ ആത്മകഥാഖ്യായികയായ 'കർമ്മവിപാക'ത്തിൽ പറക്കുന്നം സഭയെപ്പറ്റി പരാമർശം കണ്ടില്ല; എങ്കിലും സമ്പൂതിരി വിദ്യാലയത്തിന്റെ ധനസമാഹരണത്തിനായി നടത്തിയ യാചനാ യാത്രയിൽ പെരുമൻപുറയിലെ മഹത്തായ നമ്പൂതിരിയുടെ ഭവനത്തിലും കിഴനിപ്പുറത്തില്ലത്തും മറ്റും വന്നതും സംഭാവന സ്വീകരിച്ചതും രേഖപ്പെടുത്തിയിട്ടുണ്ട്. രാമനല്ലൂരിലും പെരുമൻപുറയിലും തൃക്കുറ്റിശ്ശേരിയിലും മറ്റും സഭയും യുവജനസഭയും പ്രവർത്തിച്ചിരുന്നതിന്റെ സൂചകങ്ങളായി പഴയ മാസികകളുടെ കയ്യെഴുത്തു പ്രതികളിൽ വായിച്ച് ഓർമ്മയിലുണ്ട്. ഇത് സഭയുടെ കോഴിക്കോട് ജില്ലയിലെ ഒരു പ്രാചീന ചരിത്രം. 1908 ൽ ആലുവാ ശിവരാത്രി മണപ്പുറത്ത് ഉദയംകൊണ്ട നമ്പൂതിരി യോഗക്ഷേമ സഭ സ്വാതന്ത്ര്യസമര കാലഘട്ടത്തോടെ മറ്റെങ്ങുമെന്ന പോലെ ഇവിടെയും നിശ്ചലമായതായി കണക്കാക്കാം.

വർഷങ്ങൾക്ക് ശേഷം തൊള്ളായിരത്തറുപതുകളിൽ ഒരു നമ്പൂതിരി സംഘടനാ രൂപീകരണത്തിനായി ചാത്തനാടു കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെയും ചേക്രകൃഷ്ണൻ നമ്പൂതിരിയുടെയും കിഴനിപ്രം വിഷ്ണു നമ്പൂതിരിയുടെയുമൊക്കെ നേതൃത്വത്തിൽ ശ്രമങ്ങൾ നടന്നിട്ടുള്ളതിൽ അവരോടൊപ്പം ഈ ലേഖകനും പ്രവർത്തിക്കുകയുണ്ടായി. കണ്ണിപറമ്പിലെ ഒട്ടെല്ലാ ഭവനങ്ങളിലും അന്നു യാത്ര ചെയ്തിരുന്നു. കിഴനിപ്പുറം വിഷ്ണു നമ്പൂതിരിയുടെ നേതൃത്വത്തിൽ മെമ്പർഷിപ്പ് പിരിച്ച് അംഗങ്ങളെ ചേർത്തു പ്രവർത്തനം തുടങ്ങിയതും അത് മുന്നോട്ടു പോവാതെ മെമ്പർഷിപ്പ് വിഹിതം അംഗങ്ങൾക്ക് തിരിച്ചു നൽകി പ്രവർത്തനം നിലച്ചതും ഒരു ചരിത്രസത്യം.

പിന്നീടാണ് 1969 ൽ നടുകിൽ ആസ്ഥാനമായി കേരള നമ്പൂതിരി സമാജത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും നിയമാവലി രജിസ്റ്റർ ചെയ്ത് 19/70 ആയി നിലവിൽ വരികയുമുണ്ടായി. ശ്രീ. പി.വി. നാരായണൻ നമ്പൂതിരി പ്രസിഡന്റും ഒ.ടി. വാസുദേവൻ നമ്പൂതിരി സെക്രട്ടറിയുമായിരുന്നു. കോഴിക്കോട്

**അഖില കേരളടിസ്ഥാനത്തിലുള്ള ഒരു നമ്പൂതിരി സംഘടന എന്ന ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ അക്കാലത്ത് കണ്ണൂരിൽ പ്രവർത്തിച്ചിരുന്ന നമ്പൂതിരി വെൽഫെയർ സൊസൈറ്റിയുടെ സാരഥികളായിരുന്ന അഡ്വ. പി. ഈശ്വരൻ നമ്പൂതിരി, താമരശ്ശേരി മാധവൻ ഭട്ടതിരി, പെരിമെന കൃഷ്ണൻ നമ്പൂതിരി തുടങ്ങിയവരുടെ സമ്പൂർണ്ണ സഹകരണത്തോടെ പ്രസ്തുത സംഘടനയെയും കെ.എൻ.എസിൽ ലയിപ്പിക്കുകയുണ്ടായി. 1974–75 ഓടെ നമ്പൂതിരി സമാജം ഗുരുവായൂർ മുതൽ ഉത്തര കേരളം മുഴുക്കെ വ്യാപിച്ചു പ്രവർത്തിച്ചു. കോഴിക്കോട് സാമൂതിരി കോളേജ് ഹൈസ്കൂളിൽ വെച്ച് രണ്ടു വാർഷിക സമ്മേളനങ്ങളും ഗുരുവായൂരിൽ വെച്ച് ഒരു വാർഷികവും നടക്കുകയുണ്ടായി.**

ജില്ലയിൽ 1970–71 കാലഘട്ടങ്ങളിലായി ഇരുപതോളം യൂണിറ്റുകൾ വളരെ ചിട്ടയോടെ പ്രവർത്തിച്ചിരുന്നു. അഖില കേരളടിസ്ഥാനത്തിലുള്ള ഒരു നമ്പൂതിരി സംഘടന എന്ന ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ അക്കാലത്ത് കണ്ണൂരിൽ പ്രവർത്തിച്ചിരുന്ന നമ്പൂതിരി വെൽഫെയർ സൊസൈറ്റിയുടെ സാരഥികളായിരുന്ന അഡ്വ. പി. ഈശ്വരൻ നമ്പൂതിരി, താമരശ്ശേരി മാധവൻ ഭട്ടതിരി, പെരിമന കൃഷ്ണൻ നമ്പൂതിരി തുടങ്ങിയവരുടെ സമ്പൂർണ്ണ സഹകരണത്തോടെ പ്രസ്തുത സംഘടനയെയും കെ.എൻ.എസിൽ ലയിപ്പിക്കുകയുണ്ടായി. 1974–75 ഓടെ നമ്പൂതിരി സമാജം ഗുരുവായൂർ മുതൽ ഉത്തര കേരളം മുഴുക്കെ വ്യാപിച്ചു പ്രവർത്തിച്ചു. കോഴിക്കോട് സാമൂതിരി കോളേജ് ഹൈസ്കൂളിൽ വെച്ച് രണ്ടു വാർഷിക സമ്മേളനങ്ങളും ഗുരുവായൂരിൽ വെച്ച് ഒരു വാർഷികവും നടക്കുകയുണ്ടായി.

അഖില കേരളാടിസ്ഥാനത്തിൽ നമ്പൂതിരിമാർക്ക് ഒരൊറ്റ സംഘടന എന്ന ലക്ഷ്യം വെച്ചുകൊണ്ട് തന്നെ സമാനകാലഘട്ടങ്ങളിൽ ദക്ഷിണ കേരളത്തിലെ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിച്ചുവന്നിരുന്ന പല സംഘടനകളെയും കൂട്ടി ചേർത്ത് തൃശൂരിൽ നമ്പൂതിരി ഫെഡറേഷനും പ്രവർത്തിച്ചിരുന്നു. നിരവധി ചർച്ചകളുടെ ഫലമായി 1975 ഡിസം. 21 ന് തൃശൂർ നമ്പൂതിരി വിദ്യാലയത്തിൽ ശ്രീ ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ലയന സമ്മേളനത്തോടെ കേരള നമ്പൂതിരി സമാജവും നമ്പൂതിരി ഫെഡറേഷനും ചേർന്ന് ഇന്നത്തെ യോഗക്ഷേമ സഭ രൂപം കൊണ്ടു. നമ്പൂതിരി സമാജത്തിന്റെ അന്നത്തെ പ്രസിഡന്റ് പൂമുള്ളി നീലകണ്ഠൻ നമ്പൂതിരി പ്രഥമ പ്രസിഡന്റും നമ്പൂതിരി ഫെഡറേഷൻ സെക്രട്ടറി അഡ്വ. പാറകുന്നം നാരായണൻ നമ്പൂതിരി ജനറൽ സെക്രട്ടറിയുമായി ആദ്യ കമ്മിറ്റി നിലവിൽ വന്നു. പ്രസ്തുത സമ്മേളനത്തിൽ കെ.എൻ.എസിന്റെ ജില്ലാ സെക്രട്ടറി എന്ന നിലയിലും കേന്ദ്രസഭാ പ്രതിനിധി എന്ന നിലയിലും ഈ ലേഖകൻ പങ്കെടുക്കുകയും ലയന സമ്മേളനാനന്തരം കെ.എൻ.എസിന്റെ ജില്ലയിലെ എല്ലാ യൂണിറ്റുകൾക്കും യോഗക്ഷേമ സഭയുടെ ഉപസഭകളായി പ്രവർത്തിക്കാനുള്ള നിർദ്ദേശം രേഖാമൂലം നൽകുകയുണ്ടായി.

**അഖില കേരളാടിസ്ഥാനത്തിൽ നമ്പൂതിരിമാർക്ക് ഒരൊറ്റ സംഘടന എന്ന ലക്ഷ്യം വെച്ചുകൊണ്ട് തന്നെ സമാനകാലഘട്ടങ്ങളിൽ ദക്ഷിണ കേരളത്തിലെ വിവിധ പ്രദേശങ്ങളിലായി പ്രവർത്തിച്ചുവന്നിരുന്ന പല സംഘടനകളെയും കൂട്ടി ചേർത്ത് തൃശൂരിൽ നമ്പൂതിരി ഫെഡറേഷനും പ്രവർത്തിച്ചിരുന്നു.**

നമ്പൂതിരി സമാജത്തിന്റെ പ്രവർത്തന കാലത്ത് കോഴിക്കോട് ജില്ലയിൽ നടന്ന ഒരു സുപ്രധാന സംരംഭമായിരുന്നു 1974 ലെ യജുർവേദ യജ്ഞം. പ്രൊഫ. വി.എ. കേശവൻ നമ്പൂതിരി അദ്ധ്യക്ഷനും മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി ജനറൽ കൺവീനറുമായിരുന്ന വേദയജ്ഞ സമിതി യജുർവേദം കേരളത്തിൽ ആദ്യമായി ഓഡിയോ റെക്കാർഡ് ചെയ്ത് പൂർത്തിയാക്കുകയും 1975 ന്റെ വേദയജ്ഞ വാർഷികത്തിൽ വച്ച് യജ്ഞത്തിൽ പങ്കെടുത്ത 12 വേദജ്ഞന്മാർക്കും 'വേദാചാര്യ' പതക്കം നൽകി ആദരിക്കുകയുമുണ്ടായി. പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാടാണ് സമാദരണം നടത്തിയത്.

1976 മുതൽ വിവിധ കാലഘട്ടങ്ങളില ജില്ലാ സഭാ പ്രസിഡന്റുമാരായി ശ്രീ. പി.വി. നാരായണൻ നമ്പൂതിരി, ഒ.ടി. വാസുദേവൻ നമ്പൂതിരി, ശ്രീ. എൻ.ആർ. നമ്പൂതിരി, സി. കൃഷ്ണൻ മൂസ്സ്, മക്കാട് മാധവൻ നമ്പൂതിരി, ടി.സി. നാരായണൻ നമ്പൂതിരി, മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി, പി.ഐ. വാസുദേവൻ നമ്പൂതിരി, മധു അരീക്കര, പാറക്കോട് ശങ്കരൻ നമ്പൂതിരി, കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി തുടങ്ങിയവരും ജില്ലാ സെക്രട്ടറിമാരായി മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി, പി.ഡി. നാരായണൻ നമ്പൂതിരി, എം.ഡി. നമ്പൂതിരി, എം.പി. നമ്പൂതിരി, കെ.ആർ. നാരായണൻ നമ്പൂതിരി, പുന്നപ്പിള്ളി രാമൻ (ആനന്ദൻ) നമ്പൂതിരി, ടി.കെ. നാരായണൻ നമ്പൂതിരി (കോട്ടൂർ കാരണത്തില്ലം), കാഞ്ഞിരത്തോട്ടം കൃഷ്ണൻ നമ്പൂതിരി, കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി, കാഞ്ഞിരത്തോട്ടം കൃഷ്ണൻ നമ്പൂതിരി തുടങ്ങിയവരും പ്രവർത്തിക്കുകയുണ്ടായി.

സഭയുടെ സംസ്ഥാന പ്രസിഡന്റായി ശ്രീകൃഷ്ണൻ മൂസ്സും, സംസ്ഥാന ജനറൽ സെക്രട്ടറിമാരായി മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി, ടി.സി. നാരായണൻ നമ്പൂതിരി, മധു അരീയ്ക്കര എന്നിവരും വ്യത്യസ്ത കാലഘട്ടത്തിൽ കേന്ദ്ര നേതൃത്വത്തിൽ പ്രവർത്തിക്കുകയുണ്ടായി.

സംസ്ഥാന വൈസ് പ്രസിഡന്റുമാരായി വിവിധ കാലഘട്ടങ്ങളിൽ മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി, പാറക്കോട് ശങ്കരൻ നമ്പൂതിരി, താമരക്കുളം വാസുദേവൻ നമ്പൂതിരി.. മുതലായവർ പ്രവർത്തിക്കുകയുണ്ടായി.

ഇപ്പോൾ ജില്ലാ പ്രസിഡന്റ് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയും സെക്രട്ടറി കോരമ്പറ്റ ശങ്കരൻ നമ്പൂതിരിയുമാണ്. ശ്രീ കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരിയുടെ പത്രാധിപത്യത്തിൽ ജില്ലാ സഭയുടെ മുഖപത്രമായി സ്വസ്തി ത്രൈമാസിക പ്രസിദ്ധീകരിച്ചുവരുന്നു.

കോവൂരിൽ സഭയുടെ സ്ഥലത്ത് ആസ്ഥാന മന്ദിരത്തിന് ഊർജ്ജിത ശ്രമം നടന്നു വരുന്ന ഈയവസരത്തിൽ എല്ലാ സഭാംഗങ്ങൾക്കും അഭിവാദ്യമർപ്പിച്ചുകൊണ്ടും നമ്മെ കടന്നുപോയ പരശ്ശതം പ്രവർത്തകർക്ക് പ്രണാമമർപ്പിച്ചു കൊണ്ടും നിർത്തുന്നു.

ജയ്! ജയ് ! /യോഗക്ഷേമം ●



# ഭ്രാന്ത്

ശ്രീജ കിഴിയേടം

കാർമുകിൽ വന്നു മൂടി
വാനവും കറുത്തുപോയ്
കാലത്തിൻ കറുപ്പുകൾ
വാക്കുകൾക്കതീതമായ്
പെണ്ണാണോ വിഷയം??!!!
തെളിയുന്നു മിഴികളും
പരക്കം പായുന്നൊരാ
മാധ്യമക്കണ്ണുകളും
ഒളിഞ്ഞു നോട്ടങ്ങളും
പരിഹാസച്ചിരികളും
നിൽക്കു....!!!
ഇതൊരു കുഞ്ഞാണ്
അമ്മയുടെ മാറിലൊട്ടി
വളരേണ്ട കുഞ്ഞ്
തെരുവിന്റെ സന്തതി
ഭ്രാന്തിയാമമ്മതൻ കുഞ്ഞ്
പിഴച്ചുപെറ്റത്
കുഞ്ഞെന്തു പിഴച്ചു??
ആർക്കാണ് പിഴച്ചത്??
പാവമാ ഭ്രാന്തിക്കോ
ജനിച്ചു പോയതിൻ
വേദന കടിച്ചമർത്താനറിയാ-
തലറിക്കരയുന്ന
മൂക്കീരൊലിച്ച് പനിച്ച്
വിറക്കുന്ന
തെരുവിന്റെ ഓരത്ത്
കാലിട്ടടിക്കുന്ന കുഞ്ഞ്
എത്തി നോക്കുന്നു ചിലർ
ഉൾവലിഞ്ഞീടുന്നു
മൂക്കുപൊത്തുന്നു ചില-
രടുത്തു കൂടീടുന്നു
വിവേചന ബുദ്ധി
തൊട്ടുതീണ്ടാത്തൊരു
പുരുഷന്റെ ദാനം
ലജ്ജിച്ചു തലതാഴ്ത്തി
നിൽക്കുന്നു കാലം
തൊട്ടു നോക്കുന്നവൾ
എടുക്കാൻ ശ്രമിക്കുന്നു
തെല്ലൊരു ഭയത്തോടെ
പുറകോട്ടാഞ്ഞീടുന്നു
പിന്നീടെന്തോ
പുലമ്പി പുലമ്പി-
ക്കൊണ്ടെങ്ങോ പോയ്
മറഞ്ഞവൾ

---



# ജീവിതം

പ്രീത നമ്പൂതിരി വാഴാമ്പറ്റ

വ്യർത്ഥ സ്വപ്നങ്ങൾതൻ തീരത്തണയുന്ന
മിഥ്യയാം മോഹമോ ജീവിതം
ആത്മാവിനുള്ളിലെ അണയാത്ത തീപോലെ
പടരുന്ന ജ്വാലയോ ജീവിതം
ഏകാന്ത മൗനത്തിനാഴങ്ങളിൽ
മുങ്ങിനോവുന്ന വിരഹമോ ജീവിതം
മറുവാക്കുമിണ്ടാതെ പോകും കുയിലിന്റെ
മധുരസംഗീതമോ ജീവിതം
പിടയുന്ന മാനസം വിങ്ങും ലഹരിതൻ
സുഖമുള്ള നോവോ ജീവിതം
പൊള്ളും വിരഹങ്ങൾ, വീർത്ത മാനങ്ങൾ
ചപല പ്രണയങ്ങൾ, ചടുല വാഗ്ദാനങ്ങൾ
ആയിരംജന്മങ്ങൾ, ആയിരം സ്വപ്നങ്ങൾ
ആകാശഗോപുരം കെട്ടുന്ന മോഹങ്ങൾ
അടരുന്ന മോഹത്തിനരികിലായ്
നൊമ്പരം വിതറുന്ന പൂവോ ജീവിതം

# കൊഴിയാത്ത ഇല





*വി.ഇ.നാരായണൻ നമ്പൂതിരി*

''മോളേ, അനുപമേ... നീ ഇന്നലെ അനൂപിനെ കണ്ടില്ലേ? എന്തു തോന്നി?''

''അച്ഛാ ഞാൻ കണ്ടു. ഒത്തിരി കളിച്ചു. കുറേ വർത്തമാനം പറഞ്ഞു. എങ്കിലും അവന്റെ ദണ്ണം മാറീട്ടില്ല. ഭക്ഷണം കഴിക്കുന്നില്ല. ഗ്ലൂക്കോസ് കയറ്റുന്നുണ്ട്. എന്നാലും എന്തൊരു ഉത്സാഹമാണെന്നോ? പൊട്ടിച്ചിരികൾക്കും കളിതമാശകൾക്കും ഒരു കുറവുമില്ല.''

അനൂപിനെ ഓർക്കുമ്പം തന്നെ ആകെ ഒരു വിഷമം. എത്രാ മരുന്ന്? ഒരു കാര്യൂല്ല്യ. ദണ്ണം കൂടിക്കൂടിവര്ആ... എല്ലാം അവനറിയാട്ട്വോ.
പിന്നേ, അച്ഛാ... ഈ കാട്ടുവള്ളീടെ എല കൊഴിയാണ്ടാവ്വോ അച്ഛാ...?

''ഏ.. എന്താ നീ ചോദിച്ചത്?''

''അതേയ്... ആസ്പത്രീല് അവന്റെ കട്ടിലിനരികെ അഴീമ്മ്ല് ഒരു കാട്ട്വള്ളിണ്ട്. അതിന് എട്ട് ഇലകളുണ്ട്. ആദ്യം പത്തെണ്ണം ഉണ്ടായിരുന്നത്രേ... ഓരോ ദിവസവും ഓരോ ഇല കൊഴിയും. അനൂപ് എന്നെ കാണിച്ചുതന്നു. ശരിക്കുംണ്ട്. അവൻ പറയ്യാ... ഇല കൊഴിയുമ്പോലെ അവന്റെ ദിവസങ്ങളും തീര്ആണ്... ഇനി ഏഴു ദിവസങ്ങളും കൂട്ട്യേ അവനുള്ളൂന്ന്. ദണ്ണം മാറൂല്യ. അവന്ണ്ടാവൂല്യാന്ന്. അവൻ അത് എന്നും നോക്കും. അപ്പോഴൊക്കെ ഒരില കൊഴിഞ്ഞീട്ടുണ്ടാവും.''

''എല... കൊഴിയാണ്ടാവ്വോ.. അച്ഛാ...''

''മോളേ... ഞാനൊന്ന് പോയിനോക്കട്ടെ.''

അവളുടെ അച്ഛൻ അന്ന് ആശുപത്രിയിലെത്തി. അനൂപിനെ കണ്ടു. അവൾ പറഞ്ഞ ജനലഴിയിലെ കാട്ടുവള്ളിയെയും കുറേ നോക്കി നിന്നു.. മൂന്ന് ഇലകളേയുള്ളൂ... അനൂപ് ഇടക്കിടക്ക് അതിലേക്ക് നോക്കുന്നുണ്ട്. അയാൾ തിരിച്ചുപോന്നു.

അനൂപ് അടുത്ത ദിവസം നോക്കി. ഒരില കൂടി കൊഴിഞ്ഞിരിക്കുന്നു. ഇനി രണ്ടു ദിവസംമാത്രം. ഒന്നുകൂടി കൊഴിഞ്ഞു. ഇനി ഒരേ ഒരില മാത്രം. തന്റെ ജീവിതം അവസാനിച്ചതായി അവൻ കരുതി.

പിറ്റേ ദിവസം കാലത്ത് അനൂപ് ആദ്യം നോക്കിയത് കാട്ടുവള്ളിയിലാണ്. അത്ഭുതം! ഇല്ല.. ആ ഇല വീണിട്ടില്ല.. എന്താണാവോ കൊഴിയാത്തത്? അനൂപിന്റെ മനസ്സിൽ പ്രതീക്ഷകൾ തളിരിട്ടു. ഇല്ല. ആ ഇല കൊഴിയുന്നതേയില്ല. ദിവസങ്ങൾ ആഴ്ചകളായി.. മരുന്നുകൾ ഫലിക്കാൻ തുടങ്ങി. ഡോക്ടർമാർ അത്ഭുതപ്പെട്ടു. അനൂപ് കുറേശ്ശെ ആഹാരം കഴിച്ചുതുടങ്ങി... പതുക്കെ പതുക്കെ എഴുന്നേൽക്കാനും നടക്കാനും തുടങ്ങി.

അനുപമ സന്തോഷംകൊണ്ട് തുള്ളിച്ചാടി. ആശുപത്രിയിലെത്തി. അവളോട് അനൂപ് പറഞ്ഞു.

''നോക്കൂ. ആ ഒരില ഇപ്പോഴും ബാക്കിയുണ്ട്. അത് കൊഴിയുന്നില്ല. ഞാൻ രക്ഷപ്പെടും.''

''ശരിയാണ് നീ രക്ഷപ്പെടും. ആ ഇലയൊന്ന് ശ്രദ്ധിച്ചുനോക്കൂ.'' അവൾ പൊട്ടിച്ചിരിച്ചു. അവൻ നോക്കി. അനൂപ് അത് തിരിച്ചറിഞ്ഞു. അവളുടെ അച്ഛൻ ഉണ്ടാക്കിവെച്ച ഒരില. കൊഴിയാത്ത ഇല. തനിക്ക് ജീവിതം തിരിച്ചുതന്ന ആ ഒരില. പ്രതീക്ഷയുടെ ഇല.

●

# ദശാവതാരങ്ങൾ കാക്കുന്ന ഊര്



ശ്രീകുമാർ നമ്പൂതിരി മുടുവമ്പ്രം

കോഴിക്കോട്ട് ഇങ്ങനെയൊന്നുള്ളത് അധികം പേർക്കും അറിയില്ല. ദശാവതാരങ്ങൾ കാക്കുന്ന ഊര് ! അതേ പത്ത് അവതാരങ്ങൾക്കും ഇവിടെ ക്ഷേത്രമോ സ്ഥാനമോ ഉണ്ട്.!!

ഹൈന്ദവ പുരാണേതിഹാസങ്ങൾ അനുസരിച്ച് ഭഗവാൻ വിഷ്ണുവിന് ധാരാളം അവതാരങ്ങളുണ്ട് .എങ്കിലും അവയിൽ പത്തെണ്ണത്തിന് പ്രാമുഖ്യം ലഭിച്ചു. അതാണ് ദശാവതാരങ്ങൾ.

ഭാരതത്തിന്റെ പല ഭാഗങ്ങളിലും വിഷ്ണുവിന്റെ പല പല അവതാരങ്ങളുടേയും ക്ഷേത്രങ്ങൾ സ്ഥാപിയ്ക്കപ്പെട്ടിട്ടുണ്ട് . എന്നാൽ, നമ്മുടെ ഒരു ചെറിയ പ്രദേശത്തിന്റെ ചുറ്റുവട്ടത്തിൽത്തന്നെ ദശാവതാരങ്ങളുടെ ക്ഷേത്രങ്ങളുള്ള കാര്യം അത്രയ്ക്ക് പരിചിതമല്ല . ആ പുണ്യഭൂമിയിലേയ്ക്ക് ഒരു യാത്ര പോവാം നമുക്ക്.

കോഴിക്കോട് നിന്ന് ബാലുശ്ശേരിയ്ക്കുള്ള വഴിയിൽ ചേളന്നൂർ, കാക്കൂർ, നന്മണ്ട പഞ്ചായത്തുകളിലായി ഏകദേശം നാലഞ്ച് ചതുരശ്ര കിലോമീറ്ററിനുള്ളിലാണ് മത്സ്യ, കൂർമ്മ, വരാഹ, നരസിംഹ, വാമന, ശ്രീരാമ, ബാലരാമ, ശ്രീകൃഷ്ണ ക്ഷേത്രങ്ങൾ. പരശുരാമ, കൽക്കി ക്ഷേത്രങ്ങൾ ഏതാണ്ട് നഷ്ടപ്രായങ്ങളാണ് .ഇപ്പോൾ കാക്കൂർ പോലീസ് സ്റ്റേഷൻ ഉള്ള സ്ഥലത്തായിരുന്നുവത്രെ പരശുരാമ ക്ഷേത്രം നിലനിന്നിരുന്നത് . ക്ഷേത്രങ്ങളിൽ കണ്ടുവരുന്ന നിർമ്മിതിയോടുകൂടിയ കിണർ പോലീസ് സ്റ്റേഷൻ പരിസരത്ത് ഉണ്ട് .

കാക്കൂർ ഈന്താട് റോഡിൽ കുറച്ചുമാറി ഇപ്പോൾ ' അമ്പലപ്പറമ്പ്' എന്ന് പ്രസിദ്ധമായ സ്ഥലത്ത് പണ്ട് കൽക്കിയുടെ ക്ഷേത്രമുണ്ടായിരുന്നുവത്രെ. കാലമെത്തിയാൽ സ്വയമേവ അമ്പലം ഉണ്ടാവുമെന്നാണ് പഴമക്കാർ പറയാറ് . പലരുടെയും





കൈവശമായ ആ ഭൂമിയിൽ ഇപ്പോൾ അനവധി ഭവനങ്ങൾ ഉയർന്നിട്ടുണ്ട് .

കാക്കൂർ പാവണ്ടൂർ റോഡിൽ 'വരോപ്പടി' എന്ന സ്ഥലനാമം വരാഹപ്പടി എന്നത് ലോപിച്ചാണെന്നും പണ്ട് അവിടെയായിരുന്നു ദശാവതാരങ്ങളിൽപ്പെട്ട വരാഹക്ഷേത്രമുണ്ടായിരുന്നതെന്നും അത്ര പ്രസിദ്ധമല്ലാത്ത വാദവും നിലവിലുണ്ട് .

രാമല്ലൂർ ശ്രീരാമക്ഷേത്രവും തൃക്കോയിക്കൽ നരസിംഹസ്വാമി ക്ഷേത്രവും ഇപ്പോൾ മലബാർ ദേവസ്വം ബോർഡിന് കീഴിലാണ് .

മത്സ്യാവതാരക്ഷേത്രമായ പെരുമീൻപുറം ക്ഷേത്രം കാക്കൂർ അങ്ങാടിയിൽ നിന്ന് ഏകദേശം 400 മീറ്റർ തെക്ക് പടിഞ്ഞാറാണ്. വയപ്പുറം ഇല്ലത്തിന്റെ ഊരായ്മയിൽ ഉള്ള ഇവിടെ ദിവസവും രാവിലെ ഒരുനേരം ശാന്തിയുണ്ട് . മേടമാസത്തിൽ ഉത്രട്ടാതി മത്സ്യജയന്തി ഉത്സവമായും ആഘോഷിയ്ക്കുന്നു.

കൂർമ്മാവതാര ക്ഷേത്രമായ ആമമംഗലം ക്ഷേത്രം കാക്കൂർ 11/4 മൈൽ ബസ്സ് സ്റ്റോപ്പിന് അടുത്താണ്. കിഴക്കോട്ട് അഭിമുഖമായാണ്. പ്രതിദിനശാന്തി രാവിലെ മാത്രം.

വരാഹാവതാരക്ഷേത്രമായ പന്നിയംവള്ളി ക്ഷേത്രം നന്മണ്ട 12ാം മൈൽ ബസ്സ് സ്റ്റോപ്പിൽ നിന്ന് (നന്മണ്ട ഹയർ സെക്കണ്ടറി സ്കൂൾ) ഏകദേശം 1 കി.മീ പടിഞ്ഞാറ് സ്ഥിതിചെയ്യുന്നു. ബാലുശ്ശേരി കോട്ട ക്ഷേത്രം തന്ത്രിയായ ഭട്ടതിരിപ്പാടിന്റെ ഇല്ലപ്പേര് ' പന്നിയംവള്ളി ' എന്നായത് ഈ ക്ഷേത്രവുമായുള്ള ബന്ധം കാരണമാണ്. കൂടാതെ, അതിപ്രസിദ്ധമായ കോട്ടയ്ക്കൽ ആര്യവൈദ്യശാല സ്ഥാപിച്ച പി.എസ്സ്.വാര്യരുടെ കുടുംബത്തിന്റെ മൂലസ്ഥലം ഇവിടെയായിരുന്നു. പ്രതിദിനശാന്തി രാവിലെ.

നരസിംഹാവതാരമാണ് തൃക്കോയിക്കൽ ക്ഷേത്രത്തിലേത്. കാക്കൂർ 11ാം മൈൽ ബസ്സ് സ്റ്റോപ്പിൽ നിന്ന് ഒരു കി.മീ പടിഞ്ഞാറ് സ്ഥിതിചെയ്യുന്നു. മലബാർ ദേവസ്വം ബോർഡിന് കിഴിലാണ് ഇപ്പോൾ.

വാമനാവതാര ക്ഷേത്രമായ തീർത്ഥങ്കരക്ഷേത്രം കാക്കൂർ 11/2ാം മൈൽ നിന്ന് ഒരു കി.മീ പടിഞ്ഞാറ് മാറി ഒരു ചെറിയ വെള്ളച്ചാട്ടത്തിന് സമീപത്തായിരുന്നു. പണ്ട് നശിപ്പിയ്ക്കപ്പെട്ട ക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കാക്കൂർ പോലീസ് സ്റ്റേഷൻ പരിസരമായിരുന്നുവത്രെ പരശുരാമ ക്ഷേത്തിന്റെ സ്ഥാനം

ശ്രീരാമാവതാരമാണ് രാമല്ലൂർ ക്ഷേത്രത്തിലേത്. നമ്പൂതിരിമാരുടെ വാസസ്ഥാനത്തെ അടിസ്ഥാനമാക്കിയ പഴയ 21 ദേശത്തിലെ രാമല്ലൂർ ദേശത്തെ ഇല്ലക്കാരുടെ ഊരായ്മയിലുള്ള ദേശക്ഷേത്രം .ഈ ക്ഷേത്രവും ഇപ്പോൾ മലബാർ ദേവസ്വം ബോർഡിന് കീഴിലാണ് . പ്രതിദിനം രണ്ടുനേരം ശാന്തിയുള്ള ക്ഷേത്രം കാക്കൂർ 11 ാം മൈൽ ബസ്സ് സ്റ്റോപ്പിൽ നിന്ന് ഏകദേശം അര കി.മീ

## ദർശന സൗകര്യം

കോഴിക്കോട് ബാലുശ്ശേരി റൂട്ടിൽ കാക്കൂർ ബസ്സ് സ്റ്റോപ്പിൽ ഇറങ്ങുക . ഒരു ഓട്ടോറിക്ഷ പിടിച്ചാൽ എത്തുന്ന ദൂരത്തിലാണ് എല്ലാ അമ്പലങ്ങളും . ശ്രീകൃഷ്ണക്ഷേത്രത്തിൽ വ്യാഴാഴ്ചകളിൽ മാത്രമേ പൂജകൾ നടക്കുന്നുള്ളൂ .വാമനക്ഷേത്രത്തിൽ പ്രതിദിന പൂജകൾ ഇല്ല .ക്ഷേത്രനിർമ്മാണത്തിനായി ഒരുങ്ങുന്ന ഇവിടെ ഒരു ചെറിയ ഷെഡ് മാത്രമേയുള്ളൂ .കൂർമ്മ ക്ഷേത്രത്തിൽ ഇപ്പോൾ നമ്പൂതിരിയല്ല ശാന്തി കഴിയ്ക്കുന്നത്.

കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്നു. രാമനവമി വാർഷിക ഉത്സവമായി ആഘോഷിയ്ക്കുന്നു .

ബലരാമാവതാരമാണ് കാവിൽ ക്ഷേത്രത്തിലേത്. കാക്കൂർ അങ്ങാടിയിൽ നിന്ന് 200 മീറ്റർ കിഴക്ക് മാറി സ്ഥിതിചെയ്യുന്നു. പ്രതിദിനം രാവിലെ ശാന്തിയുള്ള ഇവിടുത്തെ നാലമ്പലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഈന്താട് ക്ഷേത്രത്തിൽ ശ്രീകൃഷ്ണാവതാരമാണ്. കാക്കൂർ അങ്ങാടിയിൽ നിന്നും രണ്ട് കി.മീ പടിഞ്ഞാറാണ് ഇത്. വ്യാഴാഴ്ചകളിൽ രാവിലെ മാത്രമാണ് പൂജകൾ.

കൽക്കി ക്ഷേത്രത്തിന്റെ കാര്യത്തിലാണ് അല്പം അവ്യക്തത.



പല പ്രമുഖ ജ്യോത്സ്യന്മാരുടെയും അഭിപ്രായത്തിൽ കാക്കൂരിലെ ദശാവതാരക്ഷേത്രങ്ങൾക്ക് 2000 വർഷത്തോളം പഴക്കം ഉണ്ട്. ചില ക്ഷേത്രങ്ങൾ പരശുരാമ പ്രതിഷ്ഠിതമാണെന്നും യോഗീശ്വരപ്രതിഷ്ഠിതമാണെന്നും പറഞ്ഞുവരുന്നു. പരശുരാമൻ വിഷ്ണുക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചിട്ടില്ല എന്നും വാദമുണ്ട് .

വാമനക്ഷേത്രത്തിൽ കുഴിയ്ക്കാട് നമ്പൂതിരിപ്പാടും നരസിംഹക്ഷേത്രത്തിൽ ചാത്തനാട്ട് നമ്പൂതിരിപ്പാടും പരശുരാമക്ഷേത്രത്തിന് തെക്കിനിയേത്ത് തരണനെല്ലൂർ നമ്പൂതിരിപ്പാടും മറ്റവതാരക്ഷേത്രങ്ങളിൽ മേൽപ്പള്ളി നമ്പൂതിരിപ്പാടുമാണ് തന്ത്രിമാർ

കാക്കൂർ ഈന്താട് റോഡിൽ കുറച്ചുമാറി അമ്പലപ്പറമ്പിലായിരുന്നു ക്ഷേത്രമെന്നും, അതല്ല, കാക്കൂരിൽ സ്ഥിതിചെയ്യുന്ന പൊൻകുന്ന് മലയുടെ മുകളിലായിരുന്നു എന്നും വാദങ്ങൾ നിലനിൽക്കുന്നു. സ്ഥാനവും സങ്കൽപ്പവും ഇപ്പോഴും അജ്ഞാതമായി തുടരുന്നു.

പല ദിക്കുകളിലും വൈഷ്ണവ ക്ഷേത്രങ്ങൾ കാണാറുണ്ടെങ്കിലും പ്രസിദ്ധങ്ങളായ പത്തവതാരങ്ങളുടെയും ക്ഷേത്രങ്ങൾ വളരെ ചെറിയ ഒരു ചുറ്റളവിൽ കാണപ്പെടുന്നത് അത്യത്ഭുതം തന്നെയാണ് .ഭാരതത്തിൽ ഒരിടത്തും ഇത്ര അടുത്തടുത്ത് ദശാവതാരങ്ങൾ പ്രാചീന കാലത്തേ പ്രതിഷ്ഠിക്കപ്പെട്ടതായി പരാമർശങ്ങളില്ല. കാക്കൂരിന്റെ സമീപപ്രദേശങ്ങൾ പണ്ടുകാലങ്ങളിൽ വൈഷ്ണവന്മാരുടെ ആസ്ഥാനമായിരുന്നോവെന്നത് പ്രഗത്ഭമതികളായ ചരിത്രാന്വേഷകന്മാർ പഠനവിഷയമാക്കേണ്ടതാണ്.


കാക്കൂർ പ്രദേശത്ത് കല്ലുവെട്ടുവാനും ഗൃഹനിർമ്മാണത്തിനും ഭൂമി കുഴിയ്ക്കുമ്പോൾ പ്രാചീനങ്ങളായ മുനിയറകൾ കണ്ടെത്തുന്നത് വിരളമായ വസ്തുതയല്ല.

കേരളത്തിൽ ഒരു കാലത്ത് വിഷ്ണുവിനെ പ്രധാനമായി ആരാധിച്ചു വന്നിരുന്ന ജനത നിലനിന്നിരുന്നുവെന്നത് നിസ്തർക്കമാണ് . പ്രാചീനമായ അവരുടെ വാസസങ്കേതങ്ങളിൽ പ്രമുഖമായിരുന്നിരിയ്ക്കണം കോഴിക്കോട് താലൂക്കിൽ ഉള്ള കാക്കൂർ . ദശാവതാരങ്ങളും പ്രത്യേകമായി മറ്റു ദേവന്മാരും കാക്കുന്നതു കൊണ്ടായിരിയ്ക്കാം ഈ സ്ഥലത്തിന് കാക്കുന്ന ഊര് എന്നർത്ഥം വരുന്ന 'കാക്കൂർ' എന്ന പേര് ലഭിച്ചത്. ●

## മഴക്കാലം



*പെയ്ന്റിങ്: കൃഷ്ണൻ പാതിരിശ്ശേരി*





# ഹിമാലയൻ തണുപ്പിൽ



**പൊന്നടുക്കം നാരായണൻ നമ്പൂതിരി**

വെളുപ്പിന് 3.30ന് കുളിയും സന്ധ്യാവന്ദനവും കഴിഞ്ഞ് ചായയും കഴിച്ച് 5 മണിയായപ്പോൾ ഞങ്ങൾ ഗുപ്താജിയോടൊപ്പം മുംബൈ എയർപോർട്ടിലേക്ക് യാത്ര തിരിച്ചു. അമർനാഥ് യാത്രയ്ക്ക് ഞങ്ങൾക്കൊപ്പം മുംബൈയിൽ നിന്ന് വരുന്ന രണ്ടാമത്തെയാൾ ഡോ. ഋഷികേശ് അവിടെ കാത്തുനിൽപ്പുണ്ടായിരുന്നു.

9 മണിക്ക് 'ഗോ എയറി'ൽ കാശ്മീരിലേക്ക് പറന്നു. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ ശ്രീനഗറിൽ ലാൻഡ് ചെയ്യുകയാണെന്ന് അനൗൺസ് ചെയ്തു.വിമാനം താഴ്ന്നുപറക്കാൻ തുടങ്ങി. വിൻഡോ സീറ്റിലിരുന്ന് കാശ്മീരിലെ പച്ചപുതച്ച കുന്നുകളും, പൈൻ മരങ്ങൾ നിറഞ്ഞ താഴ്വാരങ്ങളും, ഹിമശിഖരങ്ങളും, പുഴകളും കണ്ടു. 11.30 ന് വിമാനം ശ്രീനഗറിൽ ഇറങ്ങി. കാശ്മീരിലെ തണുപ്പ് ശരീരത്തിലേക്ക് അരിച്ചുകയറാൻ തുടങ്ങി!!

അവിടെനിന്ന് രണ്ട് ഇന്നോവ കാറിലായിരുന്നു യാത്ര. ശ്രീനഗറിലും കാശ്മീരിലെ മറ്റു പല സ്ഥലങ്ങളിലും അപ്പോൾ കർഫ്യൂ ആയിരുന്നു. കുറച്ചുദൂരം ചെന്നപ്പോഴേക്കും ഒരുകൂട്ടം ആളുകൾ 'ഇന്ത്യൻ മിലിട്ടറി ഗോ ബാക്ക്' തുടങ്ങി പ്രകോപിപ്പിക്കുന്ന മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് റോഡ് തടസ്സപ്പെടുത്തി. വണ്ടി പിറകിലേക്ക് തിരിച്ച് അൽപ്പം ചെന്നപ്പോൾ അവിടെയും റോഡ് തടസ്സപ്പെടുത്തിയിരിക്കുന്നു. റോഡിന്റെ ഇരുവശവും തോക്കുധാരികളായ പട്ടാളക്കാർ. ആരെയും ഭയപ്പെടുത്തുന്ന ഭീകരാന്തരീക്ഷം. മറ്റൊരു വഴിക്ക് തിരിച്ചുവിടാൻ ഒരു മിലിട്ടറി ഉദ്യോ







ഗസ്ഥൻ നിർദ്ദേശിച്ചു. 'യാത്ര വിജയകരമായി പര്യവസാനിപ്പിക്കാൻ ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്' എന്നുകൂടി അദ്ദേഹം പറഞ്ഞപ്പോൾ ആത്മധൈര്യം വർദ്ധിച്ചു.

പകുതി ചെന്നപ്പോൾ ഒരു ചെറിയ കടയുടെ അടുത്ത് വണ്ടി നിർത്തി. ഒരു ചായക്കടയുടെ പ്രതീതി. ഞങ്ങൾ ഇറങ്ങി. കട്ടൻചായപോലുള്ള ആവി പറക്കുന്ന ഒരു പാനീയം. ഡ്രൈവർ എല്ലാവർക്കും അത് ഓർഡർ ചെയ്തു. ഞങ്ങൾ അതു വാങ്ങി . ഇളം മധുരവും നമുക്ക് പരിചയമില്ലാത്ത മറ്റു സ്വാദുകളും ചേർന്നതായിരുന്നു അത്. ചൂടുള്ളതുകൊണ്ട് ആശ്വാസം തോന്നി. അതിന്റെ പേര് 'ഖാവ' എന്നാണ്. കാശ്മീർ കുങ്കുമം, ബദാം തുടങ്ങിയവ ചേർത്താണ് ഖാവ ഉണ്ടാക്കുന്നത്.

ശ്രീനഗറിൽ നിന്നും പഹൽഗാമിലേക്ക് പോവുന്ന വഴിയിലാണ് ഇന്ത്യയിൽ ഏറ്റവും നല്ല ക്രിക്കറ്റ് ബാറ്റുകൾ ഉണ്ടാക്കുന്ന സ്ഥലം. നൂറു കിലോമീറ്ററോളം യാത്ര ചെയ്ത് ഉച്ചക്ക് 1.30 ന് പഹൽഗാമിലെത്തി. മുഗൾ റിസോർട്ടിലായിരുന്നു താമസം. തണുപ്പിനിണങ്ങിയ വസ്ത്രങ്ങൾ ധരിച്ച് ഊണുകഴിക്കാൻ പുറത്തിറങ്ങി. ദാനപാനി എന്ന വെജിറ്റേറിയൻ ഹോട്ടലിൽ നിന്ന് തൈരും, മാങ്ങ ഉപ്പിലിട്ടതും കൂട്ടിയുള്ള ഊൺ. ഭൂമിയിലെ പറുദീസയായ കാശ്മീരിന്റെ മാസ്മരിക സൗന്ദര്യം കൺകുളിർക്കെ ആസ്വദിച്ചുകൊണ്ട് പഹൽഗാമിലെ തെരുവുകളിലൂടെ നടന്നു. നേരം സന്ധ്യയായി. വഴികാട്ടിയും, സഹായിയുമായി കൂടെ വരുന്ന യൂസഫ് ഖാന്റെ (ഗുപ്താജിയുടെ പരിചയക്കാരൻ) വീട്ടിൽ പോയി ചായയും മറ്റും കഴിച്ച് അദ്ദേഹത്തോടൊപ്പം റിസോർട്ടിൽ തിരിച്ചെത്തി. നാളെ തുടങ്ങുന്ന യാത്രയെപ്പറ്റിയുള്ള യൂസഫ് ഖാന്റെ നിർദ്ദേശങ്ങളും കേട്ട് രാത്രി ഭക്ഷണം (തന്തൂർ റൊട്ടിയും സബ്ജിയും) കഴിച്ചു.

ഏഴാം തീയതി കാലത്ത് എഴുന്നേറ്റ് ചൂടുവെള്ളത്തിൽ കുളിച്ച് കാലിച്ചായയും കഴിച്ച് ട്രക്കിംഗ് സ്യൂട്ട്, ജാക്കറ്റ്, ഷൂ, മങ്കി ക്യാപ്പ്, ഗ്ലൗസ് എന്നിവ ധരിച്ച് ഹിമശിഖരങ്ങൾ കീഴടക്കാൻ എല്ലാവരും തയ്യാറായി. എട്ടു മണിക്ക് ഒരു ടവേര വണ്ടിയിൽ ട്രക്കിംഗ് ബാഗുകളുമായി പഹൽഗാമിൽ നിന്ന് ചന്ദൻവാടിയിലേക്ക് 12 കിലോമീറ്റർ ഇടുങ്ങിയ റോഡിലൂടെയുള്ള യാത്ര. അമർനാഥിലേക്ക് നടന്നുപോകുന്നവരും, കുതിരപ്പുറത്ത് പോകുന്നവരും യാത്ര ആരംഭിക്കുന്നത് ചന്ദൻവാടിയിൽനിന്നാണ്.

അമർനാഥ് യാത്ര തുടങ്ങുന്നതിനു മുമ്പത്തെ സുരക്ഷാ പരിശോധനക്കായുള്ള ക്യൂവിൽ ഞങ്ങളും നിന്നു. അമർനാഥ് വരെയുള്ള വഴിയിൽ പല സ്ഥലങ്ങളിലായി സേവാസംഘങ്ങളുടെയും സന്നദ്ധസംഘടനകളുടെയും ആശ്രമങ്ങളുടെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ധാരാളം ഭണ്ഡാരകൾ (ഭക്ഷണ വിശ്രമ സങ്കേതം) ഉണ്ട്. അവിടെനിന്ന് സൗജന്യമായി ഭക്ഷണ പാനീയങ്ങളും ആവശ്യമുള്ളവർക്ക് ചികിത്സയും മരുന്നും നൽകും.

സുരക്ഷാ പരിശോധന കഴിഞ്ഞ് ഞങ്ങളും ഒരു ഭണ്ഡാരയിൽനിന്ന് ലഘു ഭക്ഷണങ്ങളും ചായയും കഴിച്ചു. അപ്പോഴേക്കും യൂസഫ് ഖാൻ ഞങ്ങൾക്ക് പോകാനുള്ള കുതികളെയും കൊണ്ട് അവിടെ എത്തിയിരുന്നു.

ഞങ്ങൾ ഓരോ കുതിരപ്പുറത്ത് കയറി. മറ്റൊരു കുതിരപ്പുറത്ത് ഞങ്ങളുടെ ബാഗുകളും മറ്റും കെട്ടിയുറപ്പിച്ചു. മഹാദേവനെ ധ്യാനിച്ച് യാത്ര തുടങ്ങി. (ചന്ദൻവാടിയിൽ നിന്ന് അമർനാഥിലേക്ക് 36 കിലോമീറ്റർ ദൂരമുണ്ട്) നടന്നുപോകുന്നവരും കുതിരപ്പുറത്ത് പോവുന്നവരുമായി ധാരാളം യാത്രക്കാർ ഞങ്ങളുടെ മുൻപിലും പിൻപിലുമായി ഉണ്ട്. 'ഭം ഭം ബോലെ' എന്ന് ഉറക്കെ പറഞ്ഞുകൊണ്ടാണ് അവരുടെ യാത്ര. മഹാദേവന്റെ ഉടുക്കിന്റെ ശബ്ദമാണ് (ഭംഭം) ആ ശബ്ദം പറയൂ എന്നാണ് 'ഭംഭം ബോലെ' എന്നതിന്റെ അർത്ഥം.





ചെങ്കുത്തായ കയറ്റങ്ങൾ, വെള്ളച്ചാട്ടങ്ങൾ, വളരെ ഇടുങ്ങിയ വഴികൾ. കുതിര പരിചിതനായ യാത്രക്കാരനെപ്പോലെ നടന്നുനീങ്ങുന്നുണ്ട്. എങ്കിലും അതിന്റെ പുറത്തിരുന്ന് താഴേക്ക് നോക്കുമ്പോൾ അഗാധ ഗർത്തങ്ങൾ. മുകളിൽ കണ്ണെത്താ ദൂരത്തോളം മലമടക്കുകളും. രണ്ടും ഭയചകിതരാക്കുന്ന കാഴ്ചകളാണ്. മനഃപാഠമായ ശിവസ്തോത്രങ്ങളും, നാമാവലികളും മനസ്സിൽ നിന്ന് ശബ്ദമായി പുറത്ത് വരാൻ തുടങ്ങി.

മഹാദേവന്റെ അനുഗ്രഹത്താൽ ബുദ്ധിമുട്ടുകൾ തരണം ചെയ്ത് ചന്ദൻവാടിയിൽ നിന്ന് മൂന്നു കി.മീ. താണ്ടി പിസ്സുടോപ്പ് എന്ന ക്യാമ്പിൽ എത്തി. 'ശിവ് സേവാ വിശാൽ ഭണ്ഡാരിൽ' നിന്ന് ഭക്ഷണം കഴിച്ചു. പിസ്സുടോപ്പിൽ നിന്ന് താഴെ നോക്കിയാൽ താഴ്വാരത്ത് ചന്ദൻവാടി കാണാം. കയറ്റം കയറിവരുന്ന കുതിരകളും, നടന്നുവരുന്ന യാത്രക്കാരും ഉറുമ്പിൻചാലുകൾ പോലെ. അങ്ങനെ 12 കി.മീ. യാത്ര ചെയ്ത് ഞങ്ങൾ മൂന്നു മണിയോടെ ശേഷ്നാഗ് എന്ന (തടാക തീരത്ത്) ക്യാമ്പിൽ എത്തിച്ചേർന്നു.

സൂര്യപ്രഭയാൽ ഓളം മിന്നുന്ന നീല ജലാശയം, ചുറ്റും വെളുത്ത കമ്പിളി പുതച്ച പോലെ മഞ്ഞ് മൂടിയ പർവ്വത മകുടങ്ങൾ, അവയിൽ നിന്ന് ഹിമപാളികൾ ഉരുകി തടാകത്തിലേക്ക് പതിച്ചുകൊണ്ടിരിക്കുന്നു.പരമശിവൻ അനുഗ്രഹിച്ചു നൽകിയ ശേഷ് നാഗിന്റെ പ്രകൃതി സൗന്ദര്യം.

സന്ധ്യക്ക് മുൻപേ ഞങ്ങൾ ശേഷ് നാഗിൽ ഒരു ടെന്റ് ബുക്ക് ചെയ്തു. വളരെ ചെറുതും ഉയരമില്ലാത്തതുമായ രീതിയിലാണ് ടെന്റുകൾ. ഉള്ളിൽ കട്ടിയുള്ള തുണികൊണ്ടും, പുറമെ ടാർപോളിൻ ഷീറ്റുകൊണ്ടുമാണ് ടെന്റ്. പ്ലാസ്റ്റിക് മെടഞ്ഞ കട്ടിലുകൾ, അതിൽ ബെഡ്ഡുകൾ, രജായികൾ, വൂളൻ പുതപ്പുകൾ എന്നിവയാണ് കിടക്കാനുള്ളത്. ഒരു ബെഡ്ഡിന് ദിവസത്തേക്ക് 450 500 രൂപ വരെയാണ് ഈടാക്കുന്നത്. രാത്രി ഒരു ഭണ്ഡാരയിൽ നിന്ന് ഭക്ഷണം കഴിച്ച് ടെന്റിൽ തിരിച്ചെത്തി. കാലാവസ്ഥയിലെ മാറ്റവും, ശക്തമായ തണുപ്പും ചിലർക്ക് ദേഹാസ്വാസ്ഥ്യങ്ങൾ ഉണ്ടാക്കി. അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് കുറവായതിനാൽ കൂടുതൽ ക്ഷീണിതനായ വല്യേട്ടന് ഡോക്ടർ ഓക്സിജൻ നൽകി.

മിക്ക സ്ഥലങ്ങളിലും നെറ്റ് വർക്ക് ഇല്ലാത്തതിനാൽ നാട്ടിലേക്ക് ഫോൺ ചെയ്യാൻ പറ്റിയില്ല. രണ്ടുമൂന്ന് ദിവസം ഞങ്ങളുടെ ഇല്ലങ്ങളിൽ എല്ലാവരും പേടിച്ചിരിക്കുകയായിരുന്നു. പിറ്റേന്ന് കാലത്ത് അവിടെനിന്നും പരിചയപ്പെട്ട മലയാളി ജവാൻ കണ്ണൂരുകാരൻ പ്രമോദ് തന്ന ചൂടുവെള്ളമുപയോഗിച്ച് പ്രഭാതകൃത്യങ്ങൾ നടത്തി.

വീണ്ടും യാത്ര തുടർന്നു. സോജിപ്പാൽ ക്യാമ്പ് കഴിഞ്ഞ് നാഗക്കോട്ടി ക്യാമ്പിന് താഴെയായി ഞങ്ങൾ കുതിരപ്പുറത്ത് നിന്നും ഇറങ്ങി. അവിടെനിന്നും കുറച്ച് കിലോമീറ്ററുകൾ അപകടം പിടിച്ച വഴിയാണ്. നാഗക്കോട്ടി വരെ നടക്കണമെന്നും കുതിരകൾ വേറെ വഴിയിലൂടെ അവിടെയെത്തുമെന്നും പറഞ്ഞു.

ഞങ്ങൾ നടക്കാൻ തുടങ്ങി. നാഗക്കോട്ടിയിലെത്തുന്നതിനു മുൻപ് രണ്ട്, മൂന്ന് വലിയ വെള്ളച്ചാട്ടങ്ങൾ വളരെ അടുത്തുനിന്നും കാണാൻ കഴിഞ്ഞു. വെള്ളച്ചാലുകളും, പാറക്കല്ലുകളും കഠിനമായ കയറ്റവും നടക്കാൻ നന്നേ പ്രയാസമുണ്ടാക്കി. മുകളിൽ നാഗക്കോട്ടി എന്ന ക്യാമ്പിലെത്തി വിശ്രമിച്ചു. വീണ്ടും കുതിരപ്പുറത്തുള്ള യാത്രയിൽ മഹാഗുണ ടോപ്പിനടുത്ത് വഴിയരികിൽ കാശ്മീർ ഗ്രാമീണരായ ഇടയൻമാർ ഉണ്ടാക്കുന്ന ചായ കഴിച്ചു. തേയിലക്ക് പകരം മറ്റെന്തൊക്കെയോ

പൊടികളും, ഉപ്പും ആണ് ആട്ടിൻ പാലൊഴിച്ചുണ്ടാക്കുന്ന ആ ചായയിൽ ചേർക്കുന്നത്. രുചിവ്യത്യാസം ഇഷ്ടപ്പെട്ടില്ല എങ്കിലും എല്ലാവരും അത് കഴിച്ചു. അവിടുത്തുകാരുടെ ഇഷ്ടപാനീയമാണ് ഈ ചായ. അവിടെ നിന്ന് മഞ്ഞുമലകൾ താണ്ടി ഞങ്ങൾ ഉച്ചക്ക് 12 മണിയോടെ പഞ്ചതരണിയിലെത്തി.

താൽക്കാലിക ടെന്റുകളിൽ ഒന്ന് വാടകക്കെടുത്ത് അൽപ്പസമയം വിശ്രമിച്ചു. തണുപ്പിന് അൽപ്പം ശമനം നൽകിക്കൊണ്ട് മദ്ധ്യാഹ്ന സൂര്യൻ നേരെ മുകളിൽ ജ്വലിച്ചുനിൽക്കുന്നു. മൂന്നുമണി കഴിഞ്ഞപ്പോൾ പഞ്ചതരണീ നദിയിലെ തീർത്ഥത്തിൽ സ്നാനം ചെയ്യാൻ തീരുമാനിച്ച് നദിക്കരയിലേക്ക് പോയി. ആഴം അധികമില്ലാതെ പരന്നൊഴുകുന്ന പഞ്ചതരണിയിലെ വെള്ളത്തിൽ കൈ മുക്കിയപ്പോൾ മരവിപ്പിക്കുന്ന തണുപ്പ്. കുളിക്കാൻ അൽപ്പം ഭയം തോന്നിയെങ്കിലും രണ്ടും കൽപ്പിച്ച് നദിയിലിറങ്ങി എങ്ങിനെയോ ഒരു മുങ്ങൽ. ഷോക്കടിച്ചതുപോലെ ശരീരം നിശ്ചലമായി. ഒരുവിധത്തിൽ കരയ്ക്ക് കയറി.

നദീതീരത്തുകൂടി ഓടി ശരീരം ചൂടാക്കി. വെള്ളത്തിന് കഠിനമായ തണുപ്പാണെങ്കിലും കുളി കഴിഞ്ഞപ്പോൾ ഞങ്ങൾ ഉന്മേഷവാന്മാരായി. അമർനാഥിന് തൊട്ടുമുൻപുള്ള ക്യാമ്പാണ് പഞ്ചതരണി. അഞ്ചു ഭാഗങ്ങളിൽ നിന്നായി വരുന്ന തീർത്ഥങ്ങൾ ഒന്നിക്കുന്ന സ്ഥലമാണിത്. അതുകൊണ്ടാവാം ആപേര്.

പഹൽഗാമിൽ നിന്നും വരുന്ന തീർത്ഥങ്ങൾ ഒന്നിക്കുന്ന സ്ഥലമാണിത്. പഹൽഗാമിൽ നിന്നും അമർനാഥിലേക്ക് ധാരാളം ഹെലികോപ്ടറുകൾ സർവ്വീസ് നടത്തുന്നുണ്ട്. അവ പഞ്ചതരണിയിൽ ഇറങ്ങുന്നതും പോവുന്നതും കാണാം.

അസ്തമയ കിരണങ്ങൾ മഞ്ഞുമലകളിൽ പതിച്ച് അവ സ്വർണ്ണപ്രഭയിൽ കുളിച്ചുനിൽക്കുന്ന കാഴ്ച അവർണ്ണനീയമാണ്.

മുകളിൽ നറുനിലാവ് പൊഴിച്ചുകൊണ്ട് ആകാശത്തിന്റെ ഒരു ഭാഗത്ത് ശിവമൗലിയിലെന്നപോലെ ഹിമമകുടത്തിൽ ചന്ദ്രക്കല തിളങ്ങി നിൽക്കുന്നു. ആ ദേവഭൂമിയിലെ സ്വപ്നസമാനമായ കാഴ്ചകൾ ആസ്വദിച്ച് ടെന്റിൽ എത്തി ഉറങ്ങാൻ കിടന്നു. വൈദ്യുതി ഇല്ലാത്തതിനാൽ മെഴുകുതിരികളാണ് കത്തിച്ചിരുന്നത്. ഭണ്ഡാരകളിലും മിലിട്ടറി ക്യാമ്പുകളിലും സൗരോർജ്ജ പാനലുകളും, ജനറേറ്ററുകളും ഉപയോഗിച്ചാണ് ബൾബുകൾ പ്രകാശിപ്പിക്കുന്നത്. രാത്രി വൈകുന്തോറും തണുപ്പിന്റെ തീവ്രത കൂടി. കിടക്കകളും പുതപ്പുകളും ഭേദിച്ച് തണുപ്പ് ശരീരത്തെ അലോസരപ്പെടുത്തി.

9ാം തീയതി പ്രഭാതത്തിൽ നിദ്രയോട് വിടപറഞ്ഞെഴുന്നേറ്റു. ടെന്റുകളുടെ മറ്റൊരു ഭാഗത്ത് വലിയ പാത്രങ്ങളിൽ വെള്ളം തിളപ്പിച്ച് കുപ്പികളിലാക്കി വിൽക്കുന്ന ആളുകൾ ഉണ്ട്. ഓരോരുത്തരും 10 രൂപ കൊടുത്ത് ചൂടുവെള്ളം വാങ്ങി പ്രഭാതകൃത്യങ്ങൾ നടത്തി. ശേഷം ആവി പറക്കുന്ന ചായ കഴിച്ചപ്പോൾ തണുപ്പിന് അൽപ്പം ആശ്വാസം തോന്നി. ആറു മണിയായപ്പോൾ പുറത്ത് കുളമ്പടിശബ്ദം കേട്ടു. കുതിരകൾ എത്തിയിരിക്കുന്നു. പരിചയസമ്പന്നരായ കുതിര സവാരിക്കാരെപ്പോലെ ഞങ്ങൾ കുതിരപ്പുറത്തേറി യാത്ര ആരംഭിച്ചു. പഞ്ചതരണിയിൽ നിന്ന് അമർനാഥിലേക്ക് മൂന്നു കിലോമീറ്റർ ദൂരമേയുള്ളൂ. പക്ഷേ, വളരെ ദുർഘടങ്ങൾ നിറഞ്ഞതാണ്.യാത്രക്കാരെ ഭീതിയുടെ മുൾമുനയിൽ നിർത്തുന്ന വഴികളിൽ ഒന്നാണ് പഞ്ചതരണിയിൽ നിന്ന് അമർനാഥിലേക്കുള്ളത്.

കച്ചവടക്കാരിലേറെയും മുസ്ലീങ്ങളാണ്. വഴിയിൽ പല സ്ഥലത്തും സംഘങ്ങളായും അല്ലാതെയും സന്യാസിമാരെയും, അവധൂതന്മാരെയും കാണാൻ കഴിഞ്ഞു. തൃശൂലധാരികളായി ബോലോ ശങ്കർ, ജയ് ജയ് ബോലോ, ഭം ഭം ബോലോ എന്നിങ്ങനെ പറഞ്ഞുകൊണ്ട് ചിലർ, ശരീരമാസകലം ഭസ്മലേപനം ചെയ്ത് ജടാവൽക്കലങ്ങളണിഞ്ഞ് മറ്റു ചിലർ. ചിലർ സംഘങ്ങളായി ധൂമപാനം നടത്തുന്നു. ശിവ വേഷധാരികളായി കടുംതുടി മുഴക്കിക്കൊണ്ട് നൃത്തം ചെയ്യുന്നവർ. പണത്തിനായി കൈ നീട്ടുന്നവർ, മറ്റു ചിലർ സകല ലൗകികതയും വെടിഞ്ഞ് ധ്യാനത്തിലും തപസ്സിലും ആനന്ദം കണ്ടെത്തുന്നു.

അതാ അങ്ങ് ദൂരെ കുറേ ഉയരത്തിൽ പരിപാവന പുണ്യസങ്കേതമായ ഗുഹ കാണാം. താമസിക്കുന്നതിന് ഏർപ്പാട് ചെയ്ത ടെന്റിൽ ലഗേജുകൾ എല്ലാം ഒതുക്കിവെച്ച് ചായയും കഴിച്ച് ടെന്റിൽ നിന്ന് ഇറങ്ങി.

താമസസ്ഥലത്ത് നിന്ന് വീണ്ടും അര കിലോമീറ്റർ നടന്നാലേ മഹാദേവൻ കുടികൊള്ളുന്ന ഗുഹക്കടുത്തെത്തൂ. ഏകദേശം മുന്നൂറോളം പടികൾ കയറിവേണം ഗുഹയിലെത്താൻ. അറുപത് അടിയിലധികം വീതിയും മുപ്പതടിയിലധികം നീളവും ഇരുപത്തിയഞ്ചിലധികം അടി ഉയരവുമുള്ള ഈ ഗുഹാക്ഷേത്രം പ്രകൃതിനിർമ്മിതമായ മഹാപ്രതിഭാസമാണ്.

ഷൂവും, സോക്സും അഴിച്ചുവെച്ചു. നഗ്നപാദങ്ങൾ നിലത്തുവെച്ചപ്പോൾ തണുപ്പ് ശരീരത്തിലേക്ക് തുളച്ചുകയറി. മഹാദേവന്റെ കാൽച്ചുവട്ടിൽ എത്തി എന്നത് മറ്റെല്ലാ അസ്വസ്ഥതകളെയും നിഷ്പ്രഭമാക്കി. പടികളുടെ ഒരു വശത്ത് വെള്ളികൊണ്ട് നിർമ്മിച്ച വലിയ നന്ദികേശ്വരനെ വണങ്ങി വീണ്ടും മുകളിലേക്ക് കയറി.

മഞ്ഞുമലകൾക്കിടയിൽ തലയുയർത്തി നിൽക്കുന്ന ഇളംചുവപ്പ് നിറത്തിലുള്ള പാറയിൽ പ്രകൃതി നിർമ്മിതമായ അതിബൃഹത്തായ ഗുഹയുടെ കവാടത്തിലേക്ക് ഞങ്ങൾ എത്തി. ഗുഹക്കുള്ളിൽ കുഞ്ഞു പ്രാവുകൾ അങ്ങോട്ടും ഇങ്ങോട്ടും പറന്നുനടക്കുന്നു. ആ പ്രദേശത്ത് മറ്റെവിടെയും ഒരു പക്ഷിയെപ്പോലും കാണാൻ കഴിഞ്ഞിട്ടില്ല.

ആറടിയിലധികം ഉയരമുള്ള സ്വയംഭൂവായ ഹിമ ശിവലിംഗം തെളിഞ്ഞുകണ്ടു. ഓരോ വർഷവും ഉയരത്തിലും രൂപത്തിലും വ്യത്യസ്തത ദർശിക്കുന്ന ആ മഹാപ്രതിഭാസത്തിനു മുൻപിൽ സാഷ്ടാംഗ നമസ്കാരം ചെയ്തു.

ചേതോഹാരിയായ ഹിമലിംഗത്തെ ഹൃദയത്തിലേറ്റി കണ്ണുകളടച്ച് പ്രാർത്ഥിച്ചപ്പോൾ മർത്ത്യജന്മത്തിന്റെ ക്ഷണഭംഗുരതയെക്കുറിച്ചുള്ള ബോധം മനസ്സിൽ നിറഞ്ഞു. ശാശ്വതമായ സത്യം പ്രപഞ്ചത്തിലെ ആ മഹാശക്തിയാണെന്ന് തീർച്ചയായി. ശംഭോ മഹാദേവാ! ●



# ഇല്ലത്തിന്റെ ഗന്ധം

**എൻ.ടി.ശ്രീദേവി,** വൈത്തല ഇല്ലം

രാവിലത്തെ തിരക്കുകൾ കഴിഞ്ഞാണ് ഇല്ലത്തെത്തിയത്. ആളൊഴിഞ്ഞ പൂമുഖം. തെക്കിനിയിലും ആളനക്കമില്ല. ആൾപ്പെരുമാറ്റമില്ലാത്തതിനാൽ അടഞ്ഞുകിടക്കുന്ന മുറികൾ.

ജനിച്ചുവളർന്ന ഇല്ലത്തിന്റെ ഇന്നത്തെ അവസ്ഥ കണ്ടപ്പോൾ വല്ലാത്ത നൊമ്പരം. പക്ഷേ, അയ്യപ്പനും, ഭഗവതിക്കും വേട്ടേക്കരനും ഒരു മാറ്റവുമില്ല. മൂന്നിടത്തും തൊഴുതു. അല്പം ആശ്വാസം തോന്നി.അല്പനേരം പൂമുഖപ്പടിയിൽ തൂണുംചാരിയിരുന്നു.

ഒച്ചയും അനക്കവുമില്ലെങ്കിലും ഇത് താൻ പിറന്ന തറവാടാണ്. നേരെ തെക്കിനിയിലേക്ക് കയറി. എല്ലാം പൊടിപിടിച്ച് കിടക്കുന്നു. മുകളിലെ മുറികളിലെല്ലാം പോയിട്ട് കുറെ കാലമായിരിക്കുന്നു.

ഇവിടത്തെ ഓരോ മുക്കും മൂലയും ഹൃദിസ്ഥമാണ്. കുട്ടിക്കാലത്ത് ഓരോന്നും അനുഭവിച്ചത് ഓരോ ഗന്ധങ്ങളിലൂടെയാണ്.

വടക്കേ അറയിലെ പനയോലപ്പായയുടെ ഗന്ധം. ഉന്തിയ വയറൊന്ന് ചായ്ക്കാൻ പായയിൽ കിടന്നിരുന്ന അമ്മയെ പിറകിലൂടെ ചെന്ന് കെട്ടിപ്പിടിച്ചപ്പോൾ പുകയുടെയും വിയർപ്പിന്റെയും വാത്സല്യമൂറുന്ന ഗന്ധം അമ്മയിൽ നിന്ന്.
അത്യാവശ്യ കാര്യങ്ങൾക്ക് അമ്മ പുറത്തുപോവുമ്പോൾ തന്റെ കയ്യിലാണ് അനിയനെ ഏല്പിക്കാറ്. അവന്റെ കവിളത്ത് ഉമ്മ വക്കുമ്പോൾ അമ്മിഞ്ഞപ്പാലിന്റെ മധുരഗന്ധം.

ആദ്യാക്ഷരം കുറിക്കാനായി കുളിച്ച് പട്ടുകോണകമുടുത്ത് തെക്കിനിയിലെ തൂണും ചാരിയിരുന്ന തന്റെ നെറ്റിയിൽ അച്ഛൻ തൊടുവിച്ച കുളിർ ചന്ദനത്തിന്റെ ഗന്ധം. മകരക്കൊയ്ത്ത് കഴിഞ്ഞ് 'കോമ്പര'യിൽ കൂട്ടിയിടുന്ന പുന്നെല്ലിന്റെ ഗന്ധം. ഉണക്കാനിട്ടിരുന്ന പുഴുങ്ങിയ നെല്ലിന്റെ ഗന്ധം. കുളിർമഞ്ഞിൽ ചാണകം മെഴുകിയ മുറ്റത്തു വീഴുന്ന മാമ്പൂവിന്റെയും ഉണ്ണിമാങ്ങകളുടെയും ഗന്ധം. ഇടവപ്പാതിയിൽ സ്കൂൾ തുറക്കുമ്പോൾ

അച്ഛൻ തുന്നിച്ചുതരുന്ന ശീട്ടിയുടുപ്പിന്റെയും പുസ്തകങ്ങളുടെയും ഗന്ധം. ഓർക്കുമ്പോൾ ബാല്യത്തിലെത്തിയപോലെ.ഒരു നവോന്മേഷം വന്നപോലെ .

എന്നാൽ ഇടനാഴിയിലെ കോണിച്ചുവട്ടിലെത്തിയപ്പോൾ മനസ്സിനെ മഥിക്കുന്ന വല്ലാത്തൊരു ഗന്ധം മുളിയിലചുരുട്ടിന്റെ ഗന്ധം.മരണത്തിന്റെ ഗന്ധമാണോ അത്? അത് യാഥാർത്ഥ്യമായി തന്നെ അനുഭവപ്പെട്ടുവോ? അല്ല തോന്നിയതാവാം. ആ ഗന്ധം എന്നെ ചൂഴ്ന്നുനിന്നു.

കോണിച്ചുവട്ടിലായിരുന്നു നീലാണ്ടപ്ഫന്റെ ഇടം. മണ്ണെണ്ണവിളക്കിന്റെ മുന്നിലിരുന്ന് ഉമ്മത്തുംപൂവും മുളിയിലയും ചേർന്ന് നിർമ്മിച്ച ചുരുട്ട് ആഞ്ഞ് വലിച്ചിരുന്ന നീലാണ്ടപ്ഫൻ. അതിലായിരുന്നല്ലോ അപ്ഫന് ആസ്തമയുടെ പീഡനത്തിൽ നിന്നും ഇത്തിരിയെങ്കിലും ആശ്വാസം ലഭിച്ചിരുന്നത്.

തെല്ല് സങ്കടത്തോടെ അവിടെ നിന്നിറങ്ങി പെട്ടെന്ന് പിന്നിൽ നിന്നും ഒരു വിളി ഉയർന്നപോലെ ''ശ്രീ ഈ വിളക്ക് കെട്ടു. ഒന്നു കൊളുത്തിത്തരാ...'' വെപ്രാളത്തോടെ നടന്ന് പൂമുഖത്തെത്തി. ഭയന്നിട്ടല്ല. വർദ്ധിച്ച വ്യഥ കാരണം ശരീരം തളർന്നു. അൽപ്പനേരം പൂമുഖപ്പടിയിൽ കിടന്നു. ഒന്നു മയങ്ങിപ്പോയി.

ആ മയക്കത്തിലേറി നീലാണ്ടപ്ഫന്റെ അരികിൽ. ചെറിയ കുട്ടിയായിരുന്നപ്പോൾ സുഖമില്ലാത്ത തന്നെ തോളിലേറ്റി നടക്കുന്ന അപ്ഫൻ, പരീക്ഷക്ക് ഉറക്കമൊഴിച്ചിരുന്നു പഠിക്കാൻ തങ്ങൾക്ക് കാവലിരിക്കുന്ന അപ്ഫൻ. എന്തിനേറെ കുട്ടികളായ തങ്ങൾ ചോദിക്കുന്നതെന്തും തപ്പിത്തിരഞ്ഞ് കൊണ്ടുതരുന്ന സ്നേഹനിധി.

അന്ധതയെ ആയുധമാക്കിയെടുത്ത് ഇല്ലത്തെ ഓരോ മുക്കിലും മൂലയിലും വരെ തന്റെ മനക്കാഴ്ചയാൽ നിരീക്ഷിക്കുന്ന അപ്ഫൻ. ഒരുപക്ഷേ അതുകൊണ്ടുമാത്രമാവാം ഇല്ലത്തെ കുട്ടികളെല്ലാം തന്നെ അപകടങ്ങളിൽപ്പെടാതെ കഴിഞ്ഞ് ഇന്ന് ജീവിച്ചിരിക്കുന്നതും. ഈ മുളിയില ചുരുട്ടിന്റെ ഗന്ധം ഒരിക്കലും സ്മരണയിൽനിന്നും മായാതിരിക്കട്ടെ.

''അച്ചോൾ എപ്പളാ വന്നത്? എന്തേ ഇവിടെ കിടക്കുന്നത്?'' കുട്ടികളുടെ ചോദ്യം കേട്ടാണ് ഉണർന്നത്. താൻ പൂമുഖപ്പടിയിൽ കിടന്ന് മയങ്ങിപ്പോയത് അപ്പോഴാണ് അറിയുന്നത്. അപ്പോൾ ഉമ്മത്തിൻകായയും മുളിയിലയും ചേർന്ന് അന്ധകാരനാഴിയിലൂടെ ഒരു പുകപടലമായി ഉയർന്നുപൊങ്ങി. ഇല്ലത്തിന്റെ സുഗന്ധം അവശേഷിപ്പിച്ചുകൊണ്ട്. ●



*അമേരിക്കയിലെ മസാച്ചുസെറ്റ്സ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ ഫുൾ ടൈം റിസർച്ച് അസിസ്റ്റൻഡ്ഷിപ്പോടെ പി. എച്ച്.ഡി പ്രോഗ്രാമിലേക്ക് പ്രവേശനം ലഭിച്ച ശ്രീദത്ത് പാനാട്ട്. മദ്രാസ് ഐ.ഐ.ടി മെക്കാനിക്കൽ വിഭാഗത്തിൽ നിന്ന് ബിടെക് ഓണേഴ്സും എം.ടെക്കും പൂർത്തിയാക്കിയ ശ്രീദത്ത് മലപ്പുറം വിളയിൽ പാനാട്ട് ഇല്ലത്ത് പദ്മനാഭൻ നമ്പൂതിരിയുടെയും തളിപ്പറമ്പ് കൊയ്യത്ത് ചെപ്പന്നൂർ ഇല്ലത്ത് ലളിതയുടെയും പുത്രനാണ്.* ഐ.ഐ.ടിയിലെ ബെസ്റ്റ് അക്കാഡമിക് റിക്കാർഡിനുള്ള പ്രൊഫ. ജി. വി. എൻ.റായുഡു സ്മാരക അവാർഡും നേടിയിട്ടുണ്ട്.

# അഭിനന്ദനങ്ങൾ




*ഡോ. ശരണ്യ*
(Gynecology PG Entrance Selection)



*മനുപ്രസാദ്*
(KVPY Scholarship)



*പാർവ്വതി*
(JRF Selection)



*ഹരികൃഷ്ണൻ കെ.പി.*
(+2 Full A+)

# അഭിനന്ദനങ്ങൾ



മുരളീകൃഷ്ണൻ പി.
(SSLC Full A+)



പല്ലവി ശങ്കർ
(CBSC X- Full A1)



പ്രണവ് ശങ്കർ
(CBSC X- Full A1)



അപർണ എം.എസ്.
(CBSC X- Full A1)



അനഘ എം.സി.
(+2 Full A1)



ഗോകുൽകൃഷ്ണ
(CBSC X- Full A1)



അശിൻ ഭട്ടതിരിപ്പാട്
(+2 Full A1)



ഹരിഗോവിന്ദ്
(+2 Full A1)



ഊർമ്മിള
(+2 Full A1)



മിത്രവൃന്ദ
(CBSC X- Full A1)



ശ്രീദേവി
(SSLC Full A+)



നിവേദ്
(SSLC Full A+)



സുദേവ് പി.
(SSLC Full A+)



തേജശ്രീ വി.എസ്.
(CBSC X- Full A1)



നർമ്മദ കെ.
(+2 Full A+)



അനഘ തിരുമംഗലം
(+2 Full A1)

# സഭാ വാർത്തകൾ

ജില്ലാ റിപ്പോർട്ട്

## സഭാപ്രവർത്തനം മികവുറ്റതാക്കണം



ശങ്കരാചാര്യ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്മൃതികളിൽ ലയിച്ച് ശങ്കരജയന്തി ജില്ലാ സഭയുടെ നേതൃത്വത്തിൽ പെരുമണ്ണ ഉപസഭയിലെ വേദവാടികയിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. ആഘോഷപരിപാടിയിൽ ചേക്രക്കൽ ശ്രീകുമാരൻ നമ്പൂതിരി, ഡോ. മഹേഷ് ചെറുവക്കാട്, കൃഷ്ണൻ നമ്പൂതിരി (ഐ.ഐ.എം) എന്നിവർ പങ്കെടുത്തു.

ഉത്തരമേഖലാ സമ്മേളനം കോഴിക്കോട് ജില്ലയിൽ വെച്ച് നടന്നു. കോഴിക്കോട് കിളിപ്പറമ്പ് ഓഡിറ്റോറിയത്തിൽ വച്ച് സമ്മേളനം നടത്തി. സംസ്ഥാന ട്രഷറർ കരുവാട്ട് നാരായണഭട്ടതിരി, സംസ്ഥാന വനിതാ സെക്രട്ടറി തുടങ്ങിയ പ്രമുഖരും കോഴിക്കോട്,മലപ്പുറം,പാലക്കാട്, കണ്ണൂർ, വയനാട്, കാസർകോട് എന്നീ ജില്ലകളിൽ നിന്നുള്ള സഭാപ്രതിനിധികളും പങ്കെടുത്തു. ജില്ലാ സഭയുടെ ഈ വർഷത്തെ പ്രധാന ലക്ഷ്യം ജില്ലാ ആസ്ഥാനമന്ദിരനിർമ്മാണമാണ്. സ്വപ്ന സാക്ഷാത്ക്കാരത്തിന്റെ തുടക്കമെന്നോണം ആസ്ഥാനമന്ദിരത്തിന്റെ പ്ലാനും എസ്റ്റിമേറ്റും കിട്ടിക്കഴിഞ്ഞു. ഇനി ആ ലക്ഷ്യം നിറവേറാനായി എല്ലാവരും ഊർജ്ജസ്വലരായി പ്രവർത്തിക്കുകയാണ് വേണ്ടത്.

കൃത്യമായ മാസമീറ്റിംഗുകളോടെയും ചിട്ടയായ പ്രവർത്തനത്തോടെയും ജില്ലാ സഭയുടെ പ്രവർത്തനം മുന്നോട്ടു പോകുന്നു. പ്രവർത്തന രീതികൾ ഇനിയും മെച്ചപ്പെടാനുണ്ടെന്ന് ജില്ലാ സഭയ്ക്ക് തന്നെ ബോധ്യമുണ്ട്. അതിന് സഭാംഗങ്ങളുടെ പൂർണ്ണമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

ജില്ലാ സെക്രട്ടറി
കോരമ്പറ്റ ശങ്കരൻ നമ്പൂതിരി

## വനിതാ വിഭാഗം



ജില്ലാ വനിതാ സഭയുടെ നേതൃത്വത്തിൽ ജാനകിക്കാട് കരിയാത്തുംപാറ എന്നിവിടങ്ങളിലേക്ക് ഏപ്രിൽ മാസത്തിൽ ഒരു ദിവസത്തെ യാത്രനടത്തി. യാത്രയിൽ കുട്ടികളും വലിയവരുമായി 35 യാത്രക്കാർ ഉണ്ടായിരുന്നു. ഒരു യാത്ര, കാഴ്ചകൾ കാണൽ എന്നതിലുപരി അംഗങ്ങളിലെ മാനസിക ഐക്യത്തിനും കൂട്ടായ്മയ്ക്കും ഈ യാത്ര വഴിതെളിയിച്ചു.

വനിതാവിഭാഗത്തിന്റെ ജില്ലയിലേയും ഉപസഭയിലേയും മറ്റു പ്രവർത്തനങ്ങൾ പതിവുപോലെ നടക്കുന്നു. ഇപ്പോൾ രാമായണ മാസത്തെ വരവേൽക്കുന്ന തിരക്കിലാണ് എല്ലാ ഉപസഭകളും

## മുക്കം ഉപസഭ

മുക്കം ഉപസഭയുടെ ജനറൽബോഡി വളരെ വിപുലമായി മെയ് മാസത്തിൽ ആഘോഷിച്ചു. പരിപാടിയിൽ സംസ്ഥാന കമ്മിറ്റി അംഗം പാലാഞ്ചേരി നാരായണൻ നമ്പൂതിരി പങ്കെടുത്തു.

പൊയിലിൽ ഇല്ലത്തെ ശ്രീധരൻ നമ്പൂതിരി നമ്പൂതിരിമാരും അന്തർജ്ജനങ്ങളും പെൺകിടാങ്ങളും അനുഷ്ഠിക്കേണ്ട ആചാരങ്ങളെക്കുറിച്ച് ക്ലാസെടുത്തു. നിത്യകർമ്മങ്ങളും ആചാരങ്ങളും അടങ്ങിയ രണ്ട് ബുക്ക് ഉപസഭയിൽ അന്നേ ദിവസം വിതരണം ചെയ്തു.



കാന്തിമതി ടീച്ചർ

# ഓർമ്മയിലെ കർക്കിടകം

ഇടമുറിയാതെ പെയ്യുന്ന മഴ. ഇരുട്ടടച്ച പകൽ. കർക്കടകം അങ്ങനെയായിരുന്നു. സൽചിന്തകൾക്കും ആരോഗ്യ സംരക്ഷണത്തിനും മാറ്റിവെച്ച കാലം. മഴയും മഴക്കാറും പ്രകൃതിയെ ഇരുട്ടിലേക്ക് തള്ളിവിടുന്ന കർക്കടകത്തിന് രാമായണ മാസമെന്ന സൽപ്പേരും കിട്ടി. പഞ്ഞമാസം, കള്ളക്കർക്കടകം എന്നീ ദുഷ്പേരുകൾക്കൊപ്പം.

വെള്ളപ്പൊക്ക ഞാറ്റുവേലകളായ പൂയം ഞാറ്റുവേലയും ആയില്യം ഞാറ്റുവേലയും ചേർന്ന കർക്കടകം. പൂയം ഞാറ്റുവേലയിൽ കുളം, പാടം, തോട്, പുഴ ഇവയെല്ലാം ഒന്നാവും. ആയില്യം ഞാറ്റുവേലയിലെ കള്ളക്കർക്കടകത്തെ വിശ്വസിക്കാൻ പറ്റില്ല. 'ആയില്യ കള്ളൻ അട്ടത്ത്', 'ആയില്യ കള്ളൻ അകത്തോ പുറത്തോ' എന്നിങ്ങനെയുള്ള ചൊല്ലുകൾ അന്ന് അർത്ഥവത്തായിരുന്നു. മഴ പെയ്ത് വെള്ളം ചിലപ്പോൾ അട്ടത്തെത്തും. ചിലപ്പോൾ കയറിയില്ല എന്നും വരും. കള്ളക്കർക്കടകം ചിലപ്പോൾ ചതിച്ചാലോ എന്ന ഭീതിയും ഉണ്ടായിരുന്നു.

ഇല്ലായ്മയുടെ കർക്കടകം സമൃദ്ധിയുടെ കാലമായ ചിങ്ങത്തിലേക്കുള്ള പ്രാർത്ഥനയുടെ കാലം കൂടിയാണ്. പഴമക്കാരിയായ എന്റെ കർക്കടക ഓർമ്മകൾക്ക് അറിവിന്റെയും അനുഭവങ്ങളുടെയും നിറവാണ്. നിരവധി ആചരണങ്ങളുടെ കാലമാണ്. ഇന്ന് പ്രകൃതിയും ജീവിതരീതിയും മാറി. എങ്കിലും ആ ഓർമ്മകൾക്ക് ഒരു സുഖമുണ്ട്. ഗൃഹാതുരത്വത്തിന്റെ നനവുണ്ട്.

ജ്യേഷ്ഠാ ഭഗവതിയെ കളഞ്ഞ് ശ്രീ ഭഗവതിയെ കുടിയിരുത്തൽ അന്നത്തെ ഒരാചാരമായിരുന്നു.പാറകത്തിലകൊണ്ട് ജനലുകളും വാതിലുകളും മറ്റും ഉരച്ച് തുണിയും വെള്ളവുമുപയോഗിച്ച് കഴുകി തുടച്ചെടുത്ത് മാറാലയും പൊടിയും തട്ടി ഇല്ലം വൃത്തിയാക്കിയാണ് കർക്കടകത്തെ വരവേൽക്കുന്നത്.

കർക്കടകം തുടങ്ങുന്നതിനു തലേന്ന് എല്ലാ മുറികളും അടിച്ചുവാരിക്കൂട്ടി ഒരു പഴയ മുറത്തിൽ ശേഖരിക്കുന്നു. ചാണകം തൊട്ട് ശുദ്ധമാക്കുകയും ചെയ്യുന്നു. പിന്നീട് നിലവിളക്ക് കത്തിച്ചുപിടിച്ച് ഇല്ലത്തെ ഒരാൾ മുന്നിലും പിന്നിൽ വെള്ളം തളിച്ചുകൊണ്ട് പണിക്കാരികളിൽ ഒരാളും എല്ലാ മുറികളിലും കയറിയിറങ്ങുന്നു. അതോടൊപ്പം രണ്ടുപേരും 'പൊട്ടിയും മക്കളും പോ പോ, ശീവോതീം മക്കളും വാ വാ' എന്ന് ഒരേസ്വരത്തിൽ ഉരുവിടുന്നു.

അതിനുശേഷം രണ്ടുപേരും മു?റ്റത്തേക്കിറങ്ങി മുന്നേ കെട്ടിവെച്ച ഒരു ഓലച്ചൂട്ടെടുത്ത് വിളക്കിൽ നിന്ന് കത്തിച്ച് വിളക്ക് കെടുത്തുന്നു. കത്തിച്ച ചൂട്ടും മുറത്തിൽ ശേഖരിച്ച അടിക്കൂട്ടും കൈയിൽ പിടിച്ച് ഇവർ ഇല്ലത്തിനു ചുറ്റും മൂന്നു പ്രദക്ഷിണം വെക്കുന്നു. പിന്നീട് പൊട്ടിച്ചൂട്ടെടുത്ത് പണിക്കാരി പടി കടന്നുപോകുന്നു. അപ്പോൾ എല്ലാ കുട്ടികളും കുടുംബാംഗങ്ങളും ചേർന്ന് 'പൊട്ടീ പോ ശീവോതി വാ' എന്ന് ഉറക്കെ കൂകി വിളിക്കുന്നു.

മുൻപൊന്നും പെൺകുട്ടികൾ കൂകിവിളിക്കാറില്ല. പക്ഷേ, കർക്കടകത്തിലെ ഇത്തരം അവസരങ്ങൾ അവർക്ക് കൂകിവിളിക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നു. പൊട്ടിച്ചൂട്ടുമായി പോകുന്ന പണിക്കാരിക്ക് അവകാശ പണവും കൊടുക്കും.

ഇത്രയും ചടങ്ങുകൾക്കു ശേഷം ഞങ്ങളുടെ ജോലി അഞ്ചു തിരിയിട്ട വിളക്ക് കൊളുത്തിവെച്ച് നിമിത്തം നോക്കിയിരിക്കലാണ്. ആദ്യം കേറിവരുന്ന ആൾക്കനുസരിച്ചായിരിക്കും ആ മാസത്തെ ഫലം എന്നായിരുന്നു വിശ്വാസം. വൈകുന്നേരമാണ് ഇതെല്ലാം ചെയ്യുന്നത്. സന്ധ്യക്ക് വെളിയിലയും കൊടകപ്പാല കൊമ്പും കൂട്ടി ഓട്ടിൻപുറത്ത് എറിയുന്ന ഒരു പതിവുണ്ട്.

ദശപുഷ്പങ്ങൾകുഴിച്ചിടുകയും ചെയ്യുന്നു. കുട്ടികളായ ഞങ്ങൾക്ക് സന്തോഷകരമായ ഒരു കാര്യമായിരുന്നു തൊടി മുഴുവൻ നടന്ന് നടാനുള്ള ദശപുഷ്പങ്ങൾ ശേഖരിക്കലും വെളിയില പറിക്കലും കൊടകപാലകൊമ്പ് വെട്ടാൻ കൂട്ടുപോവലുമൊക്കെ.

കർക്കടകം ഒന്നു മുതൽ ജീവിതരീതിക്ക് മാറ്റം വരുന്നു. എല്ലാവരും അതിരാവിലെ ഉണരും. മുതിർന്നവരിൽ ആരെങ്കിലുമൊരാൾ കിണറ്റിൽ നിന്ന് ആദ്യം കോരുന്ന വെള്ളം വടക്കോട്ടൊഴിച്ച് രണ്ടാമത് കോരുന്ന വെള്ളംകൊണ്ട് കിണ്ടി നിറച്ച് ആ കിണ്ടി ശ്രീലകത്ത് ശുദ്ധമാക്കിയ ഒരാവണപ്പലകയിൽ വാൽ കിഴക്കോട്ട് തിരിച്ചുവെക്കുന്നു. പലകയിൽ ഭസ്മം തൊടുവിക്കണം. പിന്നീട് ദശപുഷ്പങ്ങളെല്ലാം കുറേശ്ശെ എടുത്ത് ഇലയിലാക്കി അതും അഷ്ടമംഗല്യവും ഭഗവതിക്ക് മുന്നിൽ സമർപ്പിക്കുന്നു. നിലവിളക്ക് കൊളുത്തിവക്കണം. കുടുംബാംഗങ്ങളെല്ലാം ഭഗവതി സ്തുതിചൊല്ലി നമസ്കരിക്കും. കർക്കടകം അവസാനം വരെ ഈവിധം എന്നും ചെയ്യണം.



ഔഷധസേവക്ക് ശേഷമാണ് കർക്കടകത്തിലെ ആദ്യദിനം തുടങ്ങുന്നത്. ദശപുഷ്പങ്ങളും കൊടകപ്പാല വേരും, ചുക്കും കുരുമുളകും മഞ്ഞളും ചേർത്തരച്ച് പുളിച്ച മോരിൽ കലക്കിയ മുക്കുടി ഉദരരോഗങ്ങൾക്കും രോഗപ്രതിരോധശേഷിക്കും സിദ്ധൗഷധമാണ്. മുക്കുടിസേവയും ദൈവികമായ ഒരു സമീപനത്തോടെയാണ് അന്ന് ചെയ്തിരുന്നത്.

മുക്കുറ്റി അരച്ച് ചാന്താക്കി നിലവിളക്കിനു മുൻപിൽ പടിഞ്ഞിരുന്ന് നെറ്റിയിൽ തൊടുന്നു. കൊടകപാലയുടെ ഇലക്കുമ്പിളിൽ മുക്കിടി കോരിയെടുത്ത് ഈശ്വരനെ സ്തുതിച്ച് മൂന്നു പ്രാവശ്യം സേവിക്കുന്നു. കർക്കടകം ഒന്നിന് ഉച്ചക്ക് സദ്യയൂണിന് ശേഷം മുതിർന്നവരും കുട്ടികളും ചേർന്ന് വാഴക്കണ, ഈർക്കിൽ, പഴുക്കപ്ലാവില തുടങ്ങിയവയെക്കൊണ്ട് ആല, കാള, പശുക്കുട്ടികൾ, ഏണി, കോണി തുടങ്ങിയവയെല്ലാം സങ്കൽപ്പിച്ചുണ്ടാക്കുന്നു. സന്ധ്യാദീപം കൊളുത്തിയശേഷം ഒരു നാക്കിലയിൽ സദ്യവട്ടങ്ങളെല്ലാം വിളമ്പിയെടുത്ത് മ?റ്റൊരിലയിൽ വെളുപ്പും, കറുപ്പും, ചുവപ്പും നിറത്തിൽ ഉരുട്ടിയെടുത്ത മൂന്നു ചോറുരുളകൾകൊണ്ട് സമൃദ്ധിയുടെ ദേവനായ കലിയനെ ഉണ്ടാക്കുന്നു.



ഉണ്ടാക്കിവെച്ച വാഴക്കണ രൂപങ്ങളും മറ്റും എടുത്ത് പടിക്കലെ പ്ലാവിൻ ചുവട്ടിൽ കൊണ്ടുവെക്കുന്നു. ഒരുക്കിവെച്ച നാക്കിലയും പ്ലാവിൻ ചുവട്ടിൽ കൊണ്ടുവെച്ച് ഗൃഹനാഥനും കുട്ടികളും തൊഴുന്നു. വാഴക്കണ ഏണിയും കോണിയുമെല്ലാം പ്ലാവിൽ ചാരിവെക്കണം. പിന്നെയാണ് രസകരമായ കാഴ്ചകൾ. എല്ലാവരും ചേർന്ന് കലിയനെ ആർത്ത് വിളിക്കും. ''കലിയാ കൂയ്, കലിയാ കൂയ് എന്റെ പ്ലാവിൻചുവട്ടിൽ വന്ന് ഏണിയിൽ കൂടെ കേറി പ്ലാവിന്റെ കൊമ്പെല്ലാം കുലുക്കി കോണിയിൽ കൂടി ഇറങ്ങിപ്പോ കലിയാ'' എന്നെല്ലാം കഴിയുന്നത്ര ഉച്ചത്തിൽ ആർത്തുവിളിക്കുന്നു.

അടുത്ത വീടുകളിൽ നിന്നുള്ള ആർപ്പുവിളികളേക്കാൾ ഉയരണം എന്ന വാശിയോടെയാണ് ഓരോരുത്തരും ആർക്കുക. അതിനുശേഷം അവിടെനിന്ന് മാറി നിൽക്കുകയും ചെയ്യുന്നു. ഈ ചടങ്ങിനുശേഷം ചെറിയൊരു കാറ്റും മഴയുമൊക്കെ അന്ന് പതിവാണ്. കലിയൻ വന്നതാണെന്ന് മുതിർന്നവർ ഞങ്ങളോട് പറയും. ആരുമറിയാതെ ഞാനൊരിക്കൽ കലിയൻ വരുന്നുണ്ടോ, സദ്യ കഴിക്കുന്നുണ്ടോ എന്ന് കുട്ടിക്കാലത്തിന്റെ നിഷ്കളങ്കതയിൽ ഒളിഞ്ഞുനോക്കിയിട്ടുണ്ട്.

രാമൻ ജനിച്ച മാസം കർക്കടകം. രാമായണ മാസം. ജീവിതത്തിലെ സുഖവും ദുഃഖവും അനുഭവിക്കുകയും വേണ്ടിവന്നാൽ അവയെല്ലാം നിഷ്പ്രയാസം ത്യജിച്ച് സ്വന്തം കർമ്മം ചെയ്യാനുള്ള മനഃശക്തി കാണിച്ചുതരുന്ന രാമായണ കഥ. കർക്കടകം ഒന്നു മുതൽ വായിച്ചുതുടങ്ങി. മുപ്പത്തൊന്നിന് അവസാനിപ്പിക്കുന്ന രാമായണ വായന മനസ്സിൽ മറ്റു ദുഷ്ചിന്തകൾ ഒന്നും വരാതിരിക്കാനും സഹായിക്കുന്നു.

പത്തിലവെക്കൽ, കനകം വിരകി കഴിക്കൽ തുടങ്ങിയ ഭക്ഷണരീതിയിലുള്ള ആചാരക്രമവും കർക്കടകത്തിന് സ്വന്തമാണ്. തൊടിയിൽ നിന്ന് പറിക്കുന്ന പത്തിലകൾകൊണ്ട് ഉപ്പേരിയോ കൂട്ടാനോ ഉണ്ടാക്കി ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നു. ചൊവ്വ, വെള്ളി ദിവസങ്ങളിൽ നിർബന്ധമായി വെക്കുന്നു.

മത്തനില, കുമ്പളത്തില, പയറില, തകരയില, ചേനയില, ചേമ്പില, കയ്യോന്നിയില, ആനകൊടിതൂവയില, വെള്ളരിയില, ചീരയില തുടങ്ങിയവയാണ് പത്തിലകൾ .

ഉണങ്ങലരി തവിട് ശർക്കരയും നാളികേരവുമൊക്കെ കൂട്ടി വിരകി കഴിക്കുന്നു. ഇതിനെ കനകം വിരകൽ എന്നാണ് പറയുന്നത്. ഇതിൽ നിന്ന് ഒരു വർഷത്തേക്കാവശ്യമായ വൈറ്റമിൻ ബി ശരീരത്തിന് ലഭിക്കുന്നു. കനകം വിരകിയത് ഭഗവതിക്ക് നേദിക്കുകയും പതിവുണ്ട്.

ദക്ഷിണായനം തുടങ്ങുന്നത് കർക്കടകത്തിലാണ്. കർക്കടക വാവിൽ പിതൃക്കൾക്ക് ബലിയിടാറുമുണ്ട്. കോരിച്ചൊരിയുന്ന മഴയിൽ മനസ്സും ശരീരവും ശുദ്ധമാക്കി ശരീരത്തിന് പരിപൂർണ വിശ്രമം നൽകി സാത്വികമായ ഭക്ഷണക്രമത്തിലൂടെയും സുഖ ചികിത്സയിലൂടെയും വരാനിരിക്കുന്ന പതിനൊന്ന് മാസങ്ങളിലേക്കുള്ള തയ്യാറെടുപ്പിന്റെ മാസം കൂടിയാണ് കർക്കടകം. ●

# തിരുവാതിര ഞാറ്റുവേലയ്ക്ക് വൈദിക വരവേല്പ്

തിരുവാതിര ഞാറ്റുവേലയ്ക്ക് വ്യത്യസ്തമായ വരവേല്പ് ഒരുക്കി കൊയിലാണ്ടി യോഗക്ഷേമ പ്രവർത്തകർ. നാട്ടിൽ നിന്നും അന്യം നിന്നു പോകുന്ന വൈദിക വൃക്ഷങ്ങളായി പ്ലാശ്, കുശ, ദർഭ, കൂവളം, ചന്ദനം, വഹ്നി, വയ്യങ്കത തുടങ്ങിയ വൃക്ഷങ്ങളുടെയും, ചെടികളുടെയും, പുല്ലുകളുടെയും തൈകൾ ഓരോ നമ്പൂതിരി ഗൃഹങ്ങളിലും നട്ടുപിടിപ്പിക്കാൻ ഒരുങ്ങുകയാണ് യോഗക്ഷേമസഭ പ്രവർത്തകൾ.

കാവുംവട്ടം കീഴാറ്റുപുറം ഇല്ലത്തുവച്ച് ചേർന്ന സമുദായ കൂട്ടായ്മയിൽ വൃക്ഷത്തൈകൾ മന്ത്രപൂർവ്വം അംഗങ്ങൾ ഏറ്റുവാങ്ങി. ചടങ്ങിൽ ബാണത്തൂർ വാസുദേവൻ സമ്പൂതിരിപ്പാട് ഉദ്ബോധനഭാഷണം നടത്തി. പഴേടം പത്മനാഭൻ നമ്പൂതിരി, അകപ്പുറം കേശവൻ നമ്പൂതിരി, പ്രദീഷ് പെരുമ്പള്ളി, ഏടവല്ല്യം പുരുഷോത്തമ ശർമ്മ, എടമന മോഹനൻ നമ്പൂതിരി എന്നിവർ നേതൃത്വം നൽകിയ പരിപാടിയിൽ വച്ച് എസ്.എസ്.എൽ.സി പ്ലസ് ടു പരീക്ഷകളിലെ ഉന്നത വിജയികൾക്ക് കാഷ് അവാർഡ് വിതരണവും നടത്തി.



## വായനക്കാർ പറയുന്നു

സ്വസ്തിക്ക് അഭിനന്ദനങ്ങൾ. ഇതോടൊപ്പം നമ്മുടെ ഉത്തരവാദിത്തങ്ങളും കൂടുന്നു.

**കരുവാട്ട് നാരായണൻ ഭട്ടതിരിപ്പാട്.**
യോഗക്ഷേമസഭ സംസ്ഥാന ട്രഷറർ.

സ്വസ്തി കണ്ടു, വായിച്ചു. കെട്ടും മട്ടും ഉള്ളടക്കവും ഗംഭീരം. പിന്നണിയിൽ പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ. ഇനിയും നന്നാവാൻ പ്രാർത്ഥനകൾ.

**കാസർകോട്ട് നിന്നുള്ള മുൻ സംസ്ഥാന നിർവാഹക സമിതി അംഗം.**

സ്വസ്തി കണ്ടു, വായിച്ചു. കഴിഞ്ഞ ലക്കത്തിൽ ഉൾപ്പെടുത്തിയ ഐ.ഐ.എമ്മിലെ പ്രൊഫസർ കൃഷ്ണൻ നമ്പൂതിരിയെപ്പറ്റിയുള്ള കുറിപ്പ് അസ്സലായി. ഇതുപോലുള്ളവ ഇനിയും പ്രതീക്ഷിക്കുന്നു.

**കുബേരൻ നമ്പൂതിരി.**
എരഞ്ഞിക്കടവ്. കണ്ണൂർ

കോഴിക്കോട് ജില്ലാ കമ്മറ്റിയുടെ പ്രസിദ്ധീകരണം സ്വസ്തി കണ്ടു. ഗംഭീരമായിട്ടുണ്ട്. പ്രൊഫഷണൽ ടച്ചുണ്ട് അതിന്. ഒരു സംഘടനയുടെ പരിമിതിയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഒന്നാണെന്ന് തോന്നില്ല. സ്വസ്തിക്ക് അഭിനന്ദനങ്ങൾ.

**പ്രൊഫ.ചെമ്മരം നാരായണൻ നമ്പൂതിരി.**
കാർത്തിക, ഗ്രീൻ പാർക്ക് അവന്യൂ,
തിരുവമ്പാടി.പി. ഒ. തൃശ്ശൂർ 680 306

ചാത്തമംഗലത്ത് നിന്നാണ് കണ്ടത്. നന്നായിട്ടുണ്ട്. എല്ലാ ലക്കവും മുടങ്ങാതെ കിട്ടാൻ എന്താ ചെയ്യേണ്ടത്.

**പുല്പറമ്പിൽ നാരായണൻ നമ്പൂതിരി.**
പെരുമൺപുറ, പി.ഒ.പെരുമണ്ണ.

ഒന്നാം ലക്കത്തിൽ പ്രസിദ്ധീകരിച്ച പാടേരി ഇല്ലത്തെക്കുറിച്ചുള്ള ഫീച്ചർ വായിച്ചു. നന്നായിട്ടുണ്ട്. ഇതുപോലെയുള്ള ഫീച്ചറുകൾ നമ്മുടെ ഇടയിലെ ഇല്ലങ്ങളെ പരിചയപ്പെടുത്താൻ നല്ലതാണ്.

**പരമേശ്വരൻ നമ്പൂതിരി**
കരിയന്നൂർ ഇല്ലം
പുലാമന്തോൾ, കൊപ്പം. മലപ്പുറം ജില്ല

### നല്ല വിഭവങ്ങൾ

സ്വസ്തിയുടെ രണ്ടു ലക്കങ്ങൾ കിട്ടി. വിഭവങ്ങൾ നന്നായിട്ടുണ്ട്. ഏപ്രിൽ ലക്കത്തിൽ പാർവ്വതി നെന്മിനിമംഗലത്തിന്റെ പ്രസംഗവും മറ്റും വനിതകൾക്ക് ആവേശം പകരേണ്ടതാണ്. അനാചാരങ്ങൾക്കെതിരെ ശക്തിയായി പ്രതികരിക്കാൻ സ്ത്രീകൾ തയ്യാറാകേണ്ടതുണ്ട്. നമ്പൂതിരി സ്ത്രീകൾക്ക് ആചാര പരിഷ്ക്കരണത്തിനായി പാർവ്വതി നെന്മിനിമംഗലം വീണ്ടും ജനിക്കേണ്ടിയിരിക്കുന്നു.

**വെള്ളിയോട്ടില്ലത്ത് വിഷ്ണു നമ്പൂതിരി**
പയ്യന്നൂർ: 9495180754

(വരൻ തന്നെ താലികെട്ടണമെന്ന അഭിഭാഷകയായ വധുവിന്റെ നിബന്ധന അംഗീകരിച്ചുകൊണ്ട് കുറുമാത്തൂർ ഇല്ലത്ത് വൈദികാചാരത്തോടെ വേളി നടന്ന കീഴ്‌വഴക്കമുണ്ട്- പത്രാധിപർ)

(ശേഷം 59-ാം പേജിൽ)

## (ആതിരപ്പൂനിലാവ്)

# തിരുവാതിരപ്പാട്ടുകൾ

മലയാളിമങ്കമാരുടെ മനസ്സിന് ഭക്തിയും ആനന്ദവും നൽകുന്ന കലാകേളിയാണ് തിരുവാതിരക്കളി. തിരുവാതിരയുടെ മാഹാത്മ്യം, ഐതിഹ്യം, ചടങ്ങുകൾ, ഗാനങ്ങൾ എന്നിവ വ്യക്തമാക്കുന്ന ഈ കൃതിയിൽ ബ്രാഹ്മണ വിവാഹത്തോടനുബന്ധിച്ച് അയനിയൂണിനും കുടിവയ്പിനും ചൊല്ലേണ്ട ഗാനങ്ങളും മത്സവേദിയിലേക്ക് ചിട്ടപ്പെടുത്തിയ ഗാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഓരോ ഭവനത്തിലേക്കും ഓരോ കൃതി വാങ്ങി കലയുടെ പ്രാധാന്യം അടുത്ത തലമുറയിലേക്കും കൈമാറുന്നതിലൂടെ നാം ഒരു സത്ക്കർമ്മം അനുഷ്ഠിക്കുകയാണ്



ശാരദ അന്തർജ്ജനം,
മലമേൽ ഇല്ലം
കിടങ്ങൂർ, പി.ഒ
കോട്ടയം






വായനക്കാർ പറയുന്നു

സ്വസ്തി കണ്ടു. ഡിസൈനിംഗ് അല്പം കൂടി മെച്ചപ്പെടുത്താനുണ്ട്. ഉള്ളടക്കത്തെ 'ആരൊക്കെ /എന്തൊക്കെ' എന്ന് വിശേഷിപ്പിച്ചു കണ്ടു. 'അകത്തുള്ളാൾ' എന്നാക്കിക്കൂടേ അത്? അകത്തുള്ള കാര്യങ്ങൾ വെളിപ്പെടുത്തുന്ന ഒന്നാണല്ലോ ആ പേജ്.

**ജയൻ പഴങ്ങോട്ടുപൊറ്റ.**
പി.ഒ പുളിയക്കോട്.
വഴി കുഴിമണ്ണ, മലപ്പുറം ജില്ല

സ്വസ്തി കണ്ടു. നന്നായിട്ടുണ്ട്. എല്ലാ മാസവും തപാലിൽ അയച്ചു കിട്ടിയാൽ നന്ന്.

**ഇ.എം. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്**
ഏലംകുളം മന, മണപ്പുള്ളിക്കാവ്.
പാലക്കാട്.

# പാണിഗ്രഹണം

1145 മീന മാസം 6, 1970 മാർച്ച് മാസം 20 വെള്ളിയാഴ്ച മകം നക്ഷത്രം മൂന്നാം പാദവും സിതപക്ഷത്ത് കഴുതക്കരണവും ധൃതി നാമനിത്യയോഗവും കൂടിയ ശുഭദിവസെ പകൽ 05 മണി 24 മിനിട്ടിന് ചിങ്ങ കൂറിൽ ചിങ്ങ രാശി മദ്ധ്യ ദ്രേക്കാണം കൊണ്ട് ശ്രീമാൻ പുത്ര ജനനം കേശവൻ നമ്പൂതിരി നാമധേയം. 03 വയസ്സ് 02 മാസം 03 ദിവസം 36 നാഴിക ജന്മത്താരാധിപ കേതു ദശ.

| | | | |
|---|---|---|---|
| ബു<br>ര ഭൃ | മ കു<br>മാ | | |
| സ | ഗ്രഹസ്ഥിതി | | |
| | | | ല ശി<br>ച |
| | | ഗു | |

| | | | |
|---|---|---|---|
| സ | | | ച |
| | അംശകം | | ബു |
| ഗു | | | മ ര<br>കു |
| ഭൃ | | | ല മാ<br>ശി |

---

1157 കർക്കിടകം 31 (1982 ആഗസ്റ്റ് 16) തിങ്കളാഴ്ച രാത്രി 10 മണി 20 മിനിട്ടിന് 12 നാഴിക 40 വിനാഴിക അസ്തമനാൽപരം പുണർതം നക്ഷത്രം പുരുഷജനനം
വിലാസം: വാസുദേവൻ ടി.എം, തവനൂർ മന,
പി.ഒ. തവനൂർ, ഫോൺ: 0494 2636597

| | | | |
|---|---|---|---|
| മാ | ല | | ച<br>സ |
| | ഗ്രഹസ്ഥിതി | | ര<br>ഭൃ |
| | | | ബു |
| ശി | | ഗു<br>കു | മ |

| | | | |
|---|---|---|---|
| ര സ | | കു | ച |
| | അംശകം | | |
| ഗു | | | മ |
| ല | | ബു | ഭൃ ശി<br>മാ |

7–0–0 ഗർഭശിഷ്ട ഗുരുദശ

---

വി.പി. അജയകൃഷ്ണൻ, പൈങ്കടവത്ത് ഇല്ലം, കോഴിക്കോട്. ഫോൺ: 9446533235, 9496352457, 9400310747. ഗോത്രം: കശ്യപഗോത്രം. ഉയരം: 174 സെ.മീ. ജോലി: കേരള പോലീസ്, സിവിൽ പോലീസ് ഓഫീസർ. 1164–ാമത് കർക്കിടക മാസം 12–ൽ ഗുരുർവ്വാരെ (27.07.1989). ഉദയാൽപരം 19 നാഴിക 42 വിനാഴിക സമയെ കാർത്തിക നക്ഷത്രത്തിൽ പുരുഷ ജനനം.

| | | | |
|---|---|---|---|
| | | ച | ഗു |
| സ | ഗ്രഹസ്ഥിതി | | ര<br>ബു |
| | | | കു ഭൃ<br>ശി |
| മ | ല | | മാ |

| | | | |
|---|---|---|---|
| | കു മാ<br>ശി | | |
| ച | അംശകം | | ഭൃ |
| ബു | | | ല മ |
| | ഗു | ര<br>സ | |

2 വർഷം 7 മാസം 15 ദിനം 0 നാഴിക രവിർദശ

---

വിനീത് യു.വി., സൂര്യ ഗാർഡൻസ്, ശാസ്തമംഗലം, തിരുവനന്തപുരം, ഫോൺ: 7550125501, 9947198842. ഗോത്രം: കശ്യപഗോത്രം. ജോലി: ക്ലർക്ക്, എസ്.ബി.ഐ, തിരുവനന്തപുരം. വിദ്യാഭ്യാസം: ബി.ടെക്. ജനനം: 24.2.1989 (1164 കുംഭം 12 പുലർച്ചെ 2.25ന്). ഉയരം: 5 അടി 4 ഇഞ്ച്. നക്ഷത്രം: അത്തം.

| | | | |
|---|---|---|---|
| | കു | ഗു | |
| ശു ര<br>സ | ഗ്രഹസ്ഥിതി | | |
| ബു | | | ശി |
| മ<br>മാ ല | | | ച |

| | | | |
|---|---|---|---|
| | | ച<br>ബു ല | |
| ഗു | അംശകം | | ശി |
| ര സ | | | |
| കു | | ശു | മ<br>മാ |

5–1–3 ഗർഭശിഷ്ട ചന്ദ്രദശ

# ആദരാഞ്ജലികൾ



സിറ്റി ഉപസഭയിലെ
അമ്പലപുത്തൂർ ഇല്ലത്തെ
പാർവതി അന്തർജ്ജനം



ബാലുശ്ശേരി ഉപസഭയിലെ
എടക്കഴിപ്പുറം ഇല്ലത്ത്
വാസുദേവൻ നമ്പൂതിരി



രാമല്ലൂർ ഉപസഭയിലെ
തെഞ്ചേരി കേശവൻ
നമ്പൂതിരി



ഉള്ള്യേരിയിലെ
തൊടുവയൽ ഇല്ലത്തെ
ഭാരതി അന്തർജനം



രാമല്ലൂർ ഉപസഭയിലെ
പാറപ്പുറത്ത് ഇല്ലത്ത്
രാധാകൃഷ്ണൻ നമ്പി

**പരേതർക്ക് സ്വസ്തിയുടെ ആദരാഞ്ജലികൾ**

# സ്മരണാഞ്ജലി

**ദാമോദരൻ നമ്പൂതിരി**
**25.04.1993**

**നീലി അന്തർജ്ജനം**
**13.07.1983**

**നാറണിയാട്ട് ഇല്ലം**
**ഫാറൂഖ് കോളേജ്,**
**കോഴിക്കോട് 673632**



# ദീർഘസുമംഗലീ ഭവഃ



**ഉണ്ണികൃഷ്ണൻ**

S/o വാസുദേവൻ നമ്പൂതിരിപ്പാട് & ഉഷ
പെരുമ്പിള്ളിശ്ശേരി കിരാങ്ങാട്ട് മന,
തൃശൂർ

**ഇന്ദു ചഞ്ചൽ**

D/o ഡോ. പി.വിനോദ് ഭട്ടതിരിപ്പാട് &
പി.എം.സുധ, പൊൽപ്പായ മന,
തിരുത്തിയാട്, കോഴിക്കോട്

ലോകാ സമസ്തഃ സുഖിനോ ഭവന്തു

# യോഗക്ഷേമസഭ

(Reg. No. 83/76, H.O. Guruvayoor)



# സംസ്ഥാന വാർഷിക സമ്മേളനം



# ശ്രീപത്മനാഭം -2017

## സെപ്തംബർ 23, 24 ശനി, ഞായർ ദിവസങ്ങളിൽ

ശ്രീകുമാർ താമരപ്പിള്ളി നഗർ (പ്രിയദർശിനി ഹാൾ)

കോട്ടയ്ക്കകം, തിരുവനന്തപുരം